Mr. Speaker : Mr. Thampi knows the rules very well, it is not a matter for discussion here. While discussion was going on the charges were levelled.

ശ്രീ. എൻ. ഈ. ബലറാം : ഐ. ജി. യെപ്പററി കൊടുക്കാമെന്നു പറഞ്ഞു് കൊടുത്തിട്ടുണ്ടു്.

ശ്രീ. പി. നാരായണൻ തമ്പി : സർ, അതു് ഒരു ഇൻസിന്യുവേഷൻ ആണു്. ഞാൻ പറഞ്ഞതു്, ബഹുമാനപ്പെട്ട സ്പീക്കർക്കു് ലെററർ അയച്ചതായി കാണുന്നു എന്നും, അതു ശരിയാണോ അല്ലയോ എന്നു് അറിയാൻ ആഗ്രഹമുണ്ടെന്നുമാണു്, റൂൾസു് ആഫു് പ്രൊസീഡ്യർ അനുസരിച്ചു് അങ്ങേയ്ക്കു കിട്ടുന്ന അറിവു് സഭയെ അറിയിക്കാമെന്നുണ്ടു്.

Mr. Speaker : But the Speaker should not be drawn into discussion on such matters. If I have received any letter, according to the rules, I have to pass it on to Government.

PRESENTATION OF REPORT

Committee on Private Members' Bills and Resolutions—Fourth Report

Mr. Speaker : I call upon Shri K. V. Narayanan, Chairman, Committ ee on Private Members' Bills and Resolutions to present the Fourth Report in 1964 of the Committee on Private Members' Blils and Resolutions.

Shri K. V. Narayanan : Sir, I, Chairman, Committee on Private Members' Bills and Resolutions present the Fourth Report in 1964 of the Committee on Private Members' Bills and Resolutions.

Shri Antony D'Cruz : Sir, a reply is due to my notice under Rule 61.

Mr. Speaker : That will be given tomorrow.

FINANCIAL BUSINESS

Voting on Demands for Grants on the Budget for 1964-65 (*contd.*)

Demand XXVII—Industries

Minister for Industries **(Shri K. A. Damodara Menon) :**

Sir, I move that Government be granted a sum of Rs. 1,38,19200 under Demand XXVII—Industries.

Shri E. P. Poulose : Sir, I second it.

Demand XLV—Capital Outlay on Co-operatives and Industrial Development

Minister for Industries **(Shri K. A. Damodara Menon):**

Sir, I move that Government be granted a sum of Rs. 3,93,05,400 under Demand XLV—Capital outlay on Co-operatives and Industrial Development

LIBRARY ARCHIVES Kerala Legislative Assembly

Shri E. P. Poulose : Sir, I second it.

Shri P. Narayanan Thampi : Sir, I move :

To reduce the total allotment of Rs. 1,38,19,200 under Demand XXVII by Rs. 100.

Shri K. Hassan Gani : Sir, I move :

To reduce the total allotment of Rs. 1,38,19,200 under Demand XXVII by Rs. 100.

Shri P. Ravindran : Sir, I move :

To reduce the total allotment of Rs. 1,38,19,200 under Demand XXVII by Rs. 100.

Shri K. Moideenkutty Hajee : Sir, I move :

To reduce the total allotment of Rs. 3,93,05,400 under Demand XLV by Rs. 100.

Shri P. C. Raghavan Nair : Sir, I move :

To reduce the total allotment of Rs. 3,93,05,400 under Demand XLV by Rs. 100.

Shri M. Krishnan : Sir, I move :

To reduce the total allotment of Rs. 3,93,05,400 under Demand XLV by Rs. 100.

ശ്രീ. പി. രവീന്ദ്രൻ : സർ, വ്യവസായവകുപ്പിലേക്കുള്ള ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു. സർ, ഈ വർഷം ഗവർണ്ണർ നിയമസഭയിൽ ചെയ്ത പ്രസംഗത്തിൽ നമ്മുടെ വ്യാവസായിക രംഗത്തു വളരെ ഏറെ പുരോഗതിയുണ്ടായിരിക്കുന്നു എന്നു് അവകാശപ്പെട്ടിട്ടുണ്ടു്. അതുപോലെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ബഡ്ജററുപ്രസംഗത്തിലും കേരളം വ്യവസായവൽക്കരണത്തിലേക്കു ക്രമപ്രവൃദ്ധമായി നീങ്ങിക്കൊണ്ടിരിക്കുന്നു എന്നു പറഞ്ഞിട്ടുണ്ടു്. കേന്ദ്രമേഖലയിൽ കൂടുതൽ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള സ്റ്റേററുഗവണ്മെൻറിൻെറ സംരംഭങ്ങൾ കൂടുതൽ കൂടുതൽ വിജയത്തിൽ എത്തിയിരിക്കുന്നു എന്നും, ബഡ്ജററു പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടു്. നാം വൈഷമ്യങ്ങൾ തരണം ചെയ്യുന്നു എന്നാണു് വിചാരിക്കേണ്ടതു് എന്നു മുഖ്യമന്ത്രിതന്നെ ബഡ്ജററുപ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടു്. നമ്മുടെ വ്യവസായവകുപ്പുമന്ത്രി നിയമസഭയിലും അതുപോലെതന്നെ പുറത്തും കേരളത്തിലെ വ്യവസായവൽക്കരണം ധ്രുതഗതിയിൽ നടക്കുന്നുണ്ടെന്നു പ്രസ്താവിക്കുന്നുണ്ടു്. അങ്ങനെ വ്യവസായവൽക്കരണത്തിൽ കേരളം വളരെ വേഗം മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു എന്നുള്ള ഒരു അഭിപ്രായം ഈ സഭയിൽ ഗവണ്മെൻറിൻെറ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടു്. ആ അവകാശവാദം എത്രത്തോളം ശരിയാണു്, എന്നു പരിശോധിക്കണമെന്നുള്ളതാണു് പ്രധാനമായും എൻെറ ഉദ്ദേശം. വളരെ ആകർഷകമായ ഒരു ചിത്രമാണു് ഈ നാട്ടിലെ ജനങ്ങളുടെ മുമ്പിൽ വച്ചിരിക്കുന്നതു്. അതു് എത്രത്തോളം നിറപ്പകിട്ടുള്ളതാണെന്നു പരിശോധിക്കാനാണു് ഞാൻ ഈ സഭയോടു ആവശ്യപ്പെടുന്നതു്. കേന്ദ്രമേഖലയിലും, സ്റ്റേററുമേഖലയിലും സഹകരണമേഖലയിലും ഉള്ള വ്യവസായവൽകരണത്തെസംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ പരിശോധിച്ചു നോക്കേണ്ടതുണ്ടു്. എല്ലാ രംഗങ്ങളിലേക്കും കടന്നു ഓരോ വ്യവസായവും പരിശോധിച്ചുനോക്കേണ്ടതുണ്ടു്. എല്ലാ രംഗങ്ങളിലേക്കും കടന്നു ഓരോ വ്യവസായവും പരിശോധിക്കണമെന്നു ഞാനുദ്ദേശിക്കുന്നില്ല. ഗവണ്മെൻറു സജീവമായി സഹായിക്കുന്നതും ഗവണ്മെൻറു പ്രോത്സാഹിപ്പിക്കുന്ന സഹകരണമേഖലയിലുള്ളതുമായ ചില വ്യവസായങ്ങളുടെ കാര്യം മാത്രം പരിശോധിക്കാനേ ഞാൻ ഈഅവസരത്തിൽ മുതിരുന്നുള്ളു. കേരളം ഒട്ടാകെയുള്ള വ്യവസായങ്ങളെസംബന്ധിച്ച് ഈ സംസ്ഥാനത്തിൻെറ വടക്കേ അററത്തുനിന്നു തെക്കേയററംവരെയുള്ള ജില്ലകളിലെ വ്യവസായങ്ങളുടെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളമുള്ള കാര്യങ്ങൾ വെളിപ്പെടുത്തണമെന്നാണു് ഞാൻ വിചാരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ആദ്യമായി കണ്ണൂർ ജില്ലയിലെ കാര്യം പരിശോധിക്കാം. കണ്ണൂർ ജില്ലയിലെ ഒരു സഹകരണ സ്പിന്നിംഗ്മിൽ പ്രവർത്തിക്കുന്നതായിട്ടാണ് പറഞ്ഞിട്ടുള്ളത്. ആറേഴ് വർഷമായി അതിന്റെ പ്രവർത്തനമാരംഭിച്ചിട്ട്: ആ സ്പിന്നിംഗ്മില്ലിന്റെ പ്രവർത്തനം 1962—63—ൽ ആരംഭിക്കുമെന്നു 1960–61-ൽ ധനകാര്യമന്ത്രി ചെയ്ത ബഡ്ജററുപ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടായിരുന്നു. എന്നാൽ ആ സഹകരണമില്ലിന്റെ പ്രവർത്തനം ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അതിനാവശ്യമായ യന്ത്രസാമഗ്രികൾ വരുത്തുകയും അതു ഇറക്ക്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ അന്നു ധനകാര്യമന്ത്രി പ്രസംഗിച്ചതുപോലെ അടുത്തവർഷംതന്നെ, 1961—62—ൽതന്നെ അതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനു കഴിയാതെ പോയി. സർ, ഇപ്പോൾ അതിന്റെ മെഷീനറിയെല്ലാം വന്നു, അതു ഇറക്ക്ട് ചെയ്തു അതിന്റെ ട്രയൽ പ്രവർത്തനം നടത്തി എന്നാണ് എനിക്കു അറിയാൻ കഴിഞ്ഞിട്ടുള്ളത്. തുടർന്നു അതിന്റെ പ്രവർത്തനം നടത്താൻ കഴിയാത്ത ഒരു പരിതഃസ്ഥിതിയാണിന്നുള്ളത്. കാരണം അതിനാവശ്യമായ വിദ്യുച്ഛക്തി ലഭിക്കാൻ നിവർത്തിയില്ലാ എന്നുള്ളതാണ്. മദ്രാസിൽനിന്നും ഇലക്ട്രിസിററി കിട്ടിയാൽതന്നെ നൈററു ഷിഫ്ററു മാത്രമേ നടത്താൻ സാധിക്കയുള്ളു. വിദ്യുച്ഛക്തിയുടെ ക്ഷാമം ഈ സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. സർ, ഈയവസരത്തിൽ ഒരുകാര്യം ഈ സഭ ഓർത്തിരിക്കേണ്ടതുണ്ട്. ഗവണ്മെന്റു വകയായിതന്നെ ഒരു ജനറേററർ, വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കാവുന്ന ഒരു യന്ത്രം കണ്ണൂരിൽതന്നെ കിടപ്പുണ്ട്. ഈ സഹകരണസ്പിന്നിംഗ് മില്ലിനു ഒരു മൈലിനടുത്തായി ഈ ജനറേററർ കണ്ണൂരിൽതന്നെ കിടപ്പുണ്ട്. അവിടെ ആ മില്ലിനു ആവശ്യമായ വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി നിർദ്ദേശം ഉണ്ടായിരുന്നതാണ്. പക്ഷെ, ഇതുവരെ ഈ ജനറേററർ അവക്കു കൊടുക്കുന്നതിനോ അങ്ങനെ ഈ സഹകരണമില്ലിന്റെ പ്രവർത്തനം നടത്തുന്നതിനോ കഴിഞ്ഞിട്ടില്ല. ഇതുവരെയായിട്ടും ഇലക്ട്രിസിററി ബോർഡിനോടാലോചിച്ചു ആ ജനറേററർ അവക്കു കൊടുക്കാൻ കഴിഞ്ഞിട്ടില്ല. സർ, ഇതാണ് സഹകരണ സ്പിന്നിംഗ്മില്ലിന്റെ കഥ.

സർ, മാങ്ങാട്ട് പറമ്പ് എന്ന സ്ഥലത്തു ഒരു സെറാമിക്കു സെന്റർ ആരംഭിച്ചിട്ടുണ്ട്. അതിനുവേണ്ടി എല്ലാ വർഷവും ബഡ്ജററിൽ തുക നീക്കിവയ്ക്കാറുണ്ട്. പക്ഷെ, ഇതുവരെ അതിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്താൻ കഴിഞ്ഞിട്ടില്ല. അതൊരു കാമൺ ഫെസിലിററീസ് സെന്റർ എന്നുള്ള നിലയിലാണ് ആരംഭിച്ചിട്ടുള്ളത്. അതിനുവേണ്ടതായ കുറെ മെഷീനറിയും വാങ്ങീട്ടുണ്ട്. എന്നിട്ടും അതിന്റെ പ്രവർത്തനം ആരംഭിക്കുകയോ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നതിനോ കഴിഞ്ഞിട്ടില്ല. ഇപ്പോൾ അതുകേരള സ്റ്റേറ്റിൽ ഇൻഡസ്ട്രീസ് കാർപ്പറേഷനു വിട്ടുകൊടുക്കാൻ പോകുന്നു എന്നുകേട്ടു.

അതുപോലെ, കണ്ണൂർ ജില്ലയിൽതന്നെ പാലയാട് എന്ന സ്ഥലത്തു ഒരു ഇൻഡസ്ട്രീയൽ എസ്റ്റേററു സ്ഥാപിച്ചിട്ടുണ്ട്. അവിടെ പതിനട്ടിലധികം ഷെഡ്ഡുകൾ ആ ഇൻഡസ്ട്രീയൽ എസ്റ്റേററിനുണ്ട്. പക്ഷെ, അതിൽ രണ്ടു ഷെഡ്ഡുകളിൽമാത്രമാണ് ഇപ്പോൾ വ്യവസായങ്ങൾ നടക്കുന്നത്. ബാക്കി ഷെഡ്ഡുകൾ ഒഴിഞ്ഞുകിടക്കുകയാണ്. എന്താണ് അതിന്റെ കാര്യമെന്നു ഗവണ്മെന്റു പരിശോധിച്ചിട്ടുണ്ടോ? എന്തായിരുന്നാലും രണ്ടു ഷെഡ്ഡുകളിൽമാത്രമാണ് ഇപ്പോൾ പ്രവർത്തനം നടക്കുന്നത്. അതു കണ്ണൂരിനോടു വളരെ അടുത്തല്ല സ്ഥിതിചെയ്യുന്നത്. അതു സ്ഥാപിച്ചിരിക്കുന്നതു വളരെ ഉള്ളിലോട്ടു നീങ്ങിയും അതിന്റെ ലേഔട്ടു തന്നെ തെററായ രീതിയിൽ ഉണ്ടാക്കുകയും ചെയ്തതുകൊണ്ടാണ് അതു ഈ സ്ഥിതിയിൽ കിടക്കുന്നത്. ഇതെല്ലാമാണ് ആ ജില്ലയിലുള്ള വ്യവസായ സ്ഥാപനങ്ങൾ.

സർ, കോഴിക്കോട്ട ജില്ലയിലേക്കു നോക്കുകയാണെങ്കിൽ അവിടെ ഗവണ്മെന്റുവകയായി ഒരു ഷാർക്കലിവർ ആയിൽ ഫാക്ടററി നടക്കുന്നുണ്ട്. അതു ലാഭകരമായി പ്രവർത്തിച്ചുവന്ന ഒരു ഫാക്ടററിയാണ്. അതുപോലെ തന്നെ കേരളാ സോപ്പ് ഇൻസ്റ്റിററ്യൂട്ട് എന്നൊരു ഫാക്ടററിയും അവിടെ പ്രവർത്തിക്കുന്നുണ്ട്. കേരള സോപ്പ് ഇൻസ്റ്റിററ്യൂട്ടിൽ ഇപ്പോഴും വളരെ പഴയ മാതിരിയുള്ള പ്രവർത്തനമാണ് നടക്കുന്നത്. വളരെ പഴഞ്ചനായിട്ടുള്ള യന്ത്ര

2/1769/V

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. രവീന്ദ്രൻ]

സാമഗ്രികളാണു് അവിടെയുള്ളതു്. ഗോദ്റേജ്, ലിവർ ബ്രദേഴ്സ് ഈ മാതിരി വലിയ ഫാക്റ്ററികളുമായി കേരളാ സോപ്പ് ഇൻസ്റ്റിറ്റ്യൂട്ട് കമ്പീററു ചെയ്യണമെന്നുണ്ടെങ്കിൽ അവിടെ ആധുനിക രീതിയിലുള്ള യന്ത്രോപകരണങ്ങൾ നൽകണമെന്നു് ഗവണ്മെൻറു തീരുമാനിച്ചിരുന്നതാണു്. അതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നതുമാണു്. അതിനാവശ്യമുള്ള യന്ത്രസാമഗ്രികൾ യഥാസമയം വരുത്തി അതിൻെറ പ്രവർത്തനം ആധുനികമായ രീതിയിൽ ആക്കുന്നതിനു ഗവണ്മെൻറിനു സാധിച്ചില്ലാ. അതിനു ഫാറിൻ എക്സ്ചേഞ്ചിൻെറ പ്രയാസങ്ങൾ ഒക്കെ പറയുമായിരിക്കും. ഏതായാലും അതു ആധുനിക രീതിയിലാക്കി പ്രവത്തനം നടത്തുന്നതിനുള്ള നടപടി കേരളാ ഗവണ്മെൻറു സ്വീകരിച്ചില്ലാ എന്നാണെനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു്.

അതുപോലെ ഷാക്ക് ലിവർ ആയിൽ ഫാക്റ്ററിയിൽ ഷാക്ക് ലിവർ ക്യാപ്സ്യൂംസ് നിർമ്മിക്കുന്നതിനു ചില ആധുനിക യന്ത്രസാമഗ്രികൾ വരുത്തണം എന്നു ഉദ്ദേശമുണ്ടായിരുന്നു. എന്നാൽ അതു അങ്ങനെ ആധുനിക രീതിയിൽ ആക്കിയതായി എനിക്കു അറിയാൻ കഴിഞ്ഞിട്ടില്ല.

അതുപോലെ അവിടെ ഒരു ഹൈഡ്രോജനേഷൻ ഫാക്റ്ററി ഗവണ്മെൻറു വകയായിട്ടുണ്ടു്. 28 ലക്ഷത്തിലധികം രൂപാ അവിടെ മൂലധനം മുടക്കിയിരിക്കുന്നു. സർ, ഇന്നു വളരെ ഭീമമായ നഷ്ടത്തിലാണു് അതിൻെറ പ്രവത്തനം. ഇതേവരെ അതിനു പത്തുലക്ഷത്തിലധികം രൂപാ നഷ്ടമുണ്ടായിട്ടുണ്ടു്. അങ്ങനെ നഷ്ടത്തിൽ പ്രവത്തിച്ചുകൊണ്ടിരിക്കുന്ന ഹൈഡ്രോജനേഷൻ ഫാക്റ്ററിയും ലാഭകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഷാക്ക് ലിവർ ആയിൽ ഫാക്റ്ററിയും ബന്ധിപ്പിച്ചുകൊണ്ടു് അവിടെ അവ ഒരു ജായിൻറു സ്റ്റാക്കു കമ്പനിയായി പ്രവർത്തിപ്പിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ടു്. സർ, നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഹൈഡ്രോജനേഷൻ ഫാക്ടറി, ലാഭകരമായി പ്രവത്തിപ്പിക്കാൻ കഴിയുമെന്നു വിശ്വാസമില്ലാത്തതായ ഹൈഡ്രോജനേഷൻ ഫാക്റ്ററി, ലാഭകരമായി പ്രവത്തിക്കാൻ കഴിവുള്ള ഷാക്ക് ലിവർ ആയിൽ ഫാക്റ്ററിയുമായി ബന്ധിപ്പിച്ചുകൊണ്ടു പ്രവത്തനം നടത്താനൊരുങ്ങുന്നതു രണ്ടിനേയും മുക്കുവാനാണു് ഏതായാലും ആ രണ്ടു ഫാക്റ്ററികളുടെയും പ്രവത്തനത്തെസംബന്ധിച്ചു എനിക്കു സംശയമുണ്ടു്.

സർ, പാലക്കാട്ടു ജില്ലയെ സംബന്ധിച്ചിടത്തോളം മറെറാരു പ്രധാന സംഗതി അവിടെ ഒലവക്കോട്ടു എന്ന സ്ഥലത്തു ഒരു ഇൻഡസ്ട്രീയൽ എസ്റ്റേററുണ്ടു്. അതിലെ എല്ലാ ഷെഡ്ഡുകളും ഇന്നു് ആക്യൂപൈഡാണു്, എന്നാൽ അവിടെ ജലദൗർലഭ്യം വളരെയുണ്ടു്. അതു അവിടത്തെ വ്യവസായങ്ങളുടെ പ്രവത്തനത്തെ സാരമായി ബാധിക്കുകയില്ലേ എന്നു സംശയിക്കുന്നു. പാലക്കാട്ടുനിന്നും വരുന്ന വെള്ളത്തിൽനിന്നും ഒലവക്കോട്ടു ഇൻഡസ്ട്രീയൽ എസ്റ്റേററിനാവശ്യമായി വരുന്ന വെള്ളം വിതരണം ചെയ്യുന്നതിനു കഴിയുന്നില്ല. അതുപോലെ വിദ്യുഛക്തിയുടെകാര്യത്തിലും സാരമായ ബുദ്ധിമുട്ടുകൾ അവിടെയുണ്ടു്. അവിടെ വ്യവസായം നടത്തുന്നതായ ആളുകൾതന്നെ പ്രത്യേകമായി ഒരു ജനറേറ്റർ അവിടെ സ്ഥാപിച്ചു ആവശ്യമായ വിദ്യുഛക്തി ഉല്പാദിപ്പിച്ചുകൊള്ളാം എന്നു ഒരു നിർദ്ദേശം ഗവണ്മെൻറിൽ വയ്ക്കുകയുണ്ടായി. അതു നടത്തുന്നതിനുള്ള ഒരു സഹായവും, ചെയ്തുകൊടുത്തിട്ടില്ല. ഇലക്ട്രിസിററി ബോർഡിൻെറ അനുവാദം ഈ ജനറേറ്റർ സ്ഥാപിക്കുന്നതിനു കിട്ടീട്ടില്ല. ഏതായാലും സ്വകാര്യവ്യക്തികൾ അതിനുവേണ്ടി മുന്നോട്ടു വന്നിട്ടുപോലും ഗവണ്മെൻറു അതിനുവേണ്ട സഹായം ചെയ്തുകൊടുത്തിട്ടില്ല.

അതുപോലെതന്നെ ഒലവക്കോട്ടു ഇൻഡസ്ട്രീയൽ എസ്റ്റേററു ആരോ വിലയ്ക്കു എടുക്കാമെന്നു പറഞ്ഞു. അങ്ങനെ വിലയ്ക്കു എടുക്കാൻ തയാറുള്ളവക്കു അതു കൊടുക്കാമെന്നാണു് ഇൻഡ്യാ ഗവണ്മെൻറു നിർദ്ദേശിച്ചിട്ടുള്ളതു്. പക്ഷെ നമ്മുടെ ഇൻഡസ്ട്രീയൽ ഡയറക്ടറക്കു ആ ഷെഡ്ഡുകൾ വിൽക്കുന്നതിനു സമ്മതമില്ല. അതു വിൽക്കുകയാണെങ്കിൽ അത്രയും ക്യാപ്പിററൽ ബ്ലോക്കുഡൗൺ ആകാതെ ഗവണ്മെൻറിൻെറ കയ്യിൽ കിട്ടുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

സർ, തൃശ്ശൂരേക്കു കടക്കുമ്പോൾ ചില പ്രത്യേക കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. സീതാറാം സ്പിന്നിംഗ്മിൽ തീപിടിച്ചു നഷ്ടപ്പെട്ടുപോയി. 1960–61-ലെ ബഡ്ജററു പ്രസംഗത്തിൽ മുഖ്യമന്ത്രി പറഞ്ഞിരുന്നു, സീതാറാം സ്പിന്നിംഗ് മിൽ ഉടനെ പുനരാരംഭിക്കുമെന്ന്. രണ്ടായിരത്തിലധികം തൊഴിലാളികൾക്കു വീണ്ടും തൊഴിൽ കൊടുക്കുമെന്നു പറഞ്ഞിരുന്നു. ഗവണ്മെന്റു സജീവമായി ഈ കാര്യത്തിൽ പ്രവർത്തിക്കുമെന്നും പറഞ്ഞിരുന്നു. ഇതുവരെ അതിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്താൻ കഴിഞ്ഞിട്ടില്ല. വീവിംഗ് സെക്ഷൻ ഒരാൾ ഏറെറടുത്തിരുന്നു. മുഴുവൻ കൊടുക്കാത്തതുകൊണ്ട് അയാൾ അതു വേണ്ടെന്നുവച്ചു. ചുരുക്കിപ്പറഞ്ഞാൽ 1960–61-ലെ ബഡ്ജററു പ്രസംഗത്തിൽ ധനകാര്യമന്ത്രി നൽകിയിരുന്ന ഉറപ്പു പ്രയോഗത്തിൽ വരുത്താൻ കഴിഞ്ഞിട്ടില്ല. ചാലക്കുടി കൊച്ചിൻ പോട്ടറീസിന്റെ പ്രവർത്തനത്തെ സംബന്ധിച്ചു കാര്യമായിട്ടൊന്നും പറയാനില്ല. അതു ഗവണ്മെന്റു വക സ്ഥാപനമാണ്. വളരെ പഴഞ്ചൻ രീതിയിലുള്ള യന്ത്രങ്ങളാണ് ഉപയോഗിക്കുന്നതു്. അതിനെ സംബന്ധിച്ചു പ്രത്യേകമായി എടുത്തുപറയാനുള്ള ഒരു കാര്യമുണ്ട്. അതിന്റെ പ്രവർത്തനം സ്തംഭിച്ചുകിടന്ന ഒരു സന്ദർഭത്തിൽ, തൊഴിലാളികളുടെ വക ഒരു സഹകരണസംഘത്തിനു അതു വിട്ടുകൊടുക്കണമെന്നു നിർദ്ദേശം ഉണ്ടായിരുന്നു. അഡ്വൈസർ ഭരണകാലത്താണ് ഈ നിർദ്ദേശം ഉണ്ടായതു്. അന്നത്തെ ചീഫ്സെക്രട്ടറി ശ്രീ. എൻ. ഇ. എസ്. രാഘവാചാരി അതു സഹകരണസംഘത്തിനു വിട്ടുകൊടുക്കാൻ സമ്മതിച്ചിരുന്നതാണ്. ഈ ഗവണ്മെന്റു അധികാരത്തിൽ വന്നതിനുശേഷം ആ അപേക്ഷ തള്ളിക്കളയുകയും, ഗോവിന്ദ് ഇൻഡസ്ട്രീസിന്റെ മാനേജിംഗ് ഡയറക്ടറായ ശ്രീ. സി. ജി. ജനാർദ്ദനൻ എം. എൽ. ഏ.-ക്കു് അതു പാട്ടത്തിനു വിട്ടുകൊടുക്കുകയും ചെയ്തിരിക്കുകയാണ്. കഴിഞ്ഞ നിയമസഭയിൽ ഇതു സംബന്ധിച്ച എന്റെ ഒരു ചോദ്യത്തിനുത്തരമായി ആ സ്ഥാപനം അങ്ങനെ പാട്ടത്തിനു കൊടുത്തിട്ടുള്ളതായി സമ്മതിച്ചിട്ടുണ്ട്, പക്ഷെ, അതു എങ്ങനെയാണു വിട്ടുകൊടുത്തിട്ടുള്ളതെന്നുകൂടി ആലോചിക്കണം. ആയിരം രൂപാ പ്രതിമാസം പാട്ടത്തിന് ശ്രീ. സി. ജി. ജനാർദ്ദനൻ മാനേജിംഗ് ഡയറക്ടറായിട്ടുള്ള ഗോവിന്ദ് ഇൻഡസ്ട്രീസിനു കൊടുത്തിട്ട് ഒരു പാട്ടച്ചീട്ടുപോലും എഴുതിവാങ്ങിയിട്ടില്ല. ഗവണ്മെന്റു വക ഒരു സ്ഥാപനമാണ് ഇങ്ങനെ പാട്ടച്ചീട്ടുപോലും വാങ്ങാതെ, ശ്രീ. സി. ജി. ജനാർദ്ദനൻ മാനേജിംഗ് ഡയറക്ടറായിട്ടുള്ള ഒരു ഇൻഡസ്ട്രീസിനു വിട്ടുകൊടുത്തിരിക്കുന്നതു്. എന്നിട്ട് ഇപ്പോൾ വളരെയധികം പാട്ടക്കുടിശ്ശികയുള്ളതായും അറിയുന്നു. ആ തുക എങ്ങനെ ഈടാക്കുമെന്നുള്ള എന്റെ ചോദ്യത്തിനു വ്യക്തമായ യാതൊരു മറുപടിയും കിട്ടിയില്ല. ഗവണ്മെന്റുവക സ്ഥാപനം സ്വന്തം പാർട്ടിയിലുള്ള ആളുകൾക്കു എത്ര ലാഘവബുദ്ധിയോടുകൂടിയാണ് വിട്ടുകൊടുത്തിട്ടുള്ളതെന്നുള്ളതിന് ഈ ഒരൊററ സംഭവം നോക്കിയാൽമതി.

സർ, എറണാകുളത്തേയ്ക്കു പ്രവേശിച്ചാൽ ഗവണ്മെന്റു വക ചില വ്യവസായങ്ങൾ ഉണ്ട്. എഫ്. ഏ. സി. ടി.യും, ട്രാവൻകൂർ കെമിക്കൽസും. അതു നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ട്. വികസനത്തിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. അതിൽ സന്തോഷിക്കുന്നു. കുറെ വ്യവസായങ്ങൾ ആലുവായിലും നടക്കുന്നുണ്ട്. തൊട്ട് ഇപ്പുറത്തേയ്ക്കു പ്രവേശിച്ചാൽ വ്യവസായങ്ങളുടെ സ്ഥിതി വളരെ ശോചനീയമാണ്. ആലപ്പുഴ ഡിസ്ട്രിക്ടിലെ കയർ വ്യവസായം പാടേ തകർന്നുപോയിരിക്കുന്നു. കയർ വ്യവസായശാലകൾ എല്ലാം അടച്ചു പൂട്ടിയിരിക്കുകയാണ്. കയർ ഫാക്ടറികളിൽ തൊഴിൽ ചെയ്തിരുന്ന തൊഴിലാളികൾ ഇന്നു പണിയില്ലാതെ വിഷമിക്കുകയാണ്. അവർക്കു തൊഴിൽ കൊടുക്കാൻ യാതൊരു നടപടിയും ഗവണ്മെന്റു സ്വീകരിച്ചിട്ടില്ല. പുതുതായി 12 സ്പിന്നിംഗ് മില്ലുകൾ ആരംഭിക്കുന്നതിൽ ഒരെണ്ണം ആലപ്പുഴ ജില്ലയിൽ സ്ഥാപിക്കുമെന്നു പറഞ്ഞിരുന്നു. അതിനു പ്രത്യേകമായി സ്ഥലവും നിശ്ചയിച്ചിരുന്നു. കേന്ദ്രമന്ത്രി ശ്രീ. മാളവ്യയെക്കൊണ്ട് അതിന്റെ ശിലാസ്ഥാപനവും നടത്തിയതാണ്. പക്ഷേ, ശിലാസ്ഥാപനത്തോടുകൂടി ആ മില്ലിന്റെ പ്രവർത്തനം അവസാനിച്ചതായിട്ടാണു മനസ്സിലാകുന്നതു്. 12 പുതിയ സ്പിന്നിംഗ് മില്ലുകൾ തുടങ്ങുമെന്നു പറഞ്ഞിട്ടുണ്ടെങ്കിലും മൂന്നാം പദ്ധതി തുടങ്ങി ഇത്രകാലമായിട്ടും ഒരെണ്ണംപോലും ഇതുവരെ ആരംഭിച്ചിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. രവീന്ദ്രൻ]

ആലപ്പുഴ ജില്ലയിലെ പ്രധാന വ്യവസായമായ കയർ വ്യവസായം ആകപ്പാടെ തകർന്ന് അവിടത്തെ എല്ലാ ഫാക്ടറികളും പൂട്ടിക്കഴിഞ്ഞതിനു ശേഷം, അവിടത്തെ തൊഴിലാളികൾക്ക് പുതുതായി തൊഴിൽ നൽകാനുള്ള യാതൊരു സൗകര്യവും ചെയ്തുകൊടുക്കാതെ ഈ ഗവണ്മെന്റു മൗനസമ്മതം മൂളിക്കൊണ്ട് മൂകമായിരിക്കുകയാണ്.

സർ, പള്ളാത്തുറ മണലിഷ്ടിക ഫാക്ടറിയുടെ കാര്യം ഇവിടെ മുൻപു പറഞ്ഞിട്ടുണ്ട്. അവിടെ ഉല്പാദിപ്പിച്ചിട്ടുള്ള ലക്ഷക്കണക്കിന് ഇഷ്ടിക കെട്ടിക്കിടക്കുകയാണെന്നും, ഇപ്പോൾ വില കുറച്ചു കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണെന്നും പറഞ്ഞു. അങ്ങനെ വില വർദ്ധിക്കാനുള്ള കാരണമെന്താണെന്നു ഗവണ്മെന്റ് അന്വേഷിച്ചിട്ടുണ്ടോ? ഈ ഫാക്ടറി വലിയ പ്രതീക്ഷയോടുകൂടി ആരംഭിച്ചതാണ്. ഇപ്പോൾ നഷ്ടത്തിലാണു പ്രവർത്തിക്കുന്നത്.

സർ, കൊല്ലം ഡിസ്ട്രിക്റ്റിലേയ്ക്കു പ്രവേശിച്ചാൽ രണ്ടു പ്രധാന പ്രവ്യവസായങ്ങളാണ് ഗവണ്മെന്റുടമയിലുള്ളത്. ഗവണ്മെന്റു സിറാമിക് ഫാക്ടറി കുണ്ടറ, കേരളാ സിറാമിക് ഫാക്ടറി ഈ രണ്ടു വ്യവസായങ്ങളും നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ആധുനികരീതിയിലുള്ള ഉല്പാദനം നടത്തുന്നതിന് ആവശ്യമുള്ള യന്ത്രസാമഗ്രികൾ വാങ്ങുന്നതിനു ആണ്ടുതോറും ബഡ്ജറ്റിൽ തുക കൊള്ളിക്കാറുണ്ട്. ഒരു ഫാക്ടറിയിൽ ക്ലേ മാത്രം ഉൽപാദിപ്പിക്കുമ്പോൾ, മറ്റൊന്നിൽ കളിമൺ പാത്രങ്ങളാണുണ്ടാക്കുന്നത്. കേരള സിറാമിക് ഫാക്ടറിയിലേയ്ക്കു ആധുനികരീതിയിലുള്ള മെഷിനറി വാങ്ങുന്നതിനു ഗവണ്മെന്റു പല പ്രാവശ്യം തുക വകകൊള്ളിക്കാറുണ്ട്. അങ്ങനെ ആധുനികരീതിയിലുള്ള യന്ത്രസാമഗ്രികൾ വരുത്തുന്നതിനും, നല്ല സാധനങ്ങൾ ഉൽപാദിപ്പിക്കുന്നതിനും, ലാഭകരമായി അതിന്റെ പ്രവർത്തനം നടത്തുന്നതിനും ഗവണ്മെന്റു കാര്യമായ നടപടിയൊന്നും എടുത്തിട്ടില്ല. സർ, ഒരു കാര്യംകൂടി എനിക്കു ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. കുണ്ടറ ഇലക്ട്രിക്കൽ ആൻഡ് അലൈഡ് ഇൻഡസ്ട്രീസ് 1960-ൽ ഗവണ്മെന്റ് ഏറ്റെടുത്തതാണ്. പക്ഷേ, ഇന്നുവരെ ആ സ്ഥാപനം പൂർണ്ണമായി ഗവണ്മെന്റ് ഏറ്റെടുത്തിട്ടില്ല. അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. അതിന്റെ കൈമാറ്റം സംബന്ധിച്ച നടപടികൾക്കുള്ള താമസംകൊണ്ടാണെന്നാണു അറിയുന്നത്. വളരെയധികം വികസനസാദ്ധ്യതയുള്ള ഈ സ്ഥാപനം മൂന്നുവർഷമായിട്ടും പൂർണ്ണമായി ഏറ്റെടുക്കുന്നതിനോ, കാര്യക്ഷമമായി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനോ ഗവണ്മെന്റിനു സാധിച്ചിട്ടില്ല.

ശ്രീ. പി. ബാലചന്ദ്രമേനോൻ: കുണ്ടറ സിറാമിക് ഫാക്ടറിയിൽ ഉൽപാദിപ്പിക്കുന്ന സാധനങ്ങളിൽ 75 ശതമാനവും ഉപയോഗശൂന്യമാകുന്നു. 25 ശതമാനം മാത്രമേ ഉൽപാദനം പ്രയോജനകരമായിത്തീരുന്നുള്ളു. ഫൈനൽ പ്രോസസിംഗിനുള്ള മെഷിനറിയുടെ അഭാവംകൊണ്ടാണ് ഈ നഷ്ടം സംഭവിക്കുന്നതെന്നറിയാമോ? നല്ല മെഷിനറിയുണ്ടെങ്കിൽ 50 ലക്ഷം രൂപാവരെ വിലവരുന്ന ഉൽപാദനശേഷി ഉണ്ടാകുമായിരുന്നു. ഇപ്പോൾ 10 ലക്ഷം രൂപായ്ക്കുള്ള ഉൽപാദനമേ നടക്കുന്നുള്ളു എന്നും അറിയാമോ?

ശ്രീ. പി. രവീന്ദ്രൻ: സമയം ഇല്ലാത്തതുകൊണ്ടു ഞാൻ ആ കാര്യം പറഞ്ഞില്ലെന്നേയുള്ളു. പത്തു ലക്ഷം രൂപായുടെ സാധനങ്ങൾ ഉൽപാദിപ്പിക്കുന്നതിനുള്ള കപ്പാസിററിയേ ഇപ്പോൾ ഉള്ളൂ. കൂടുതൽ ഉൽപാദിപ്പിക്കാൻ നല്ല യന്ത്രസാമഗ്രികൾ ആവശ്യമായിരിക്കുന്നു. സമയം ഇല്ലാത്തതുകൊണ്ടു ഞാൻ അതു ചുരുക്കിപ്പറഞ്ഞതാണ്. സർ, ഇലക്ട്രിക്കു ആൻഡ് അലൈഡിന്റെ കാര്യമാണു ഞാൻ പറഞ്ഞത്. അവിടെ ഉൽപാദിപ്പിക്കുന്ന സാധനങ്ങൾ, ഇലക്ട്രിസിററി ബോർഡിനെക്കൊണ്ടു വാങ്ങിപ്പിക്കാൻ ഗവണ്മെന്റിനു കഴിഞ്ഞിട്ടില്ല. ആ സ്ഥാപനത്തിന്റെ പൂർണ്ണമായ ചുമതല ഏറ്റെടുക്കുന്നതിനും, ഉൽപാദനം നവീകരിക്കുന്നതിനും, ഉൽപന്നങ്ങൾ വിററഴിക്കുന്നതിനും ഫലപ്രദമായി യാതൊരു നടപടിയും ഗവണ്മെന്റു സ്വീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ, പുനലൂർ പ്ലൈവുഡ്‌ ഫാക്ടറിയുടെ കാര്യമാണ്‌. ആധുനിക രീതിയിലുള്ള ഉൽപാദനങ്ങൾക്കു പററുന്ന ഉപകരണങ്ങൾ അവിടെ വേണ്ടിടത്തോളം ഇല്ല. വളരെയധികം മാത്സര്യമുള്ള ഒരു രംഗമാണ്‌ പ്ലൈവുഡ്ഡിനെ സംബന്ധിച്ചിടത്തോളം ഇന്നുള്ളത്‌. മററു ഫാക്ടറിയിൽ ഉൽപാദിപ്പിക്കുന്ന സാധനത്തോടും കിടപിടിക്കത്തക്ക നല്ല സാധനങ്ങൾ അവിടെ നിർമ്മിക്കുന്നതിനാവശ്യമായ യന്ത്രസാമഗ്രികൾ ആവശ്യമായിരിക്കുകയാണ്‌. അതിന്റെ കാര്യക്ഷമമായ നടത്തിപ്പിൽ ഗവണ്മെൻറു വേണ്ടിടത്തോളം ശ്രദ്ധ കാണിക്കുന്നില്ല. ഈ അവസരത്തിൽ ഒരു കാര്യം പ്രത്യേകം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്‌. അവിടെ ഒരു ഉദ്യോഗസ്ഥൻ, 11586 രൂപയുടെ ഒരു അപഹരണം നടത്തി. അങ്ങനെ അപഹരണം നടത്തിയ തുക തിരിയെ പിടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന്‌ ഗവണ്മെൻറു ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞിട്ടുണ്ട്‌. ഇതുവരെ ആകെ 481 രൂപ 75 നയാ പൈസയാണ്‌ ഈടാക്കിയിട്ടുള്ളത്‌. ഈ ഫാക്ടറിയുടെ കാര്യക്ഷമമായ നടത്തിപ്പിന്‌ ഈ ഒരു ഉദാഹരണം മതിയാകും, മതിയായ തെളിവിന്‌. ഇതുകൂടാതെ പ്രിമോ പൈപ്പ് ഫാക്ടറിയുണ്ട്‌. അതിന്റെ കാര്യം മുൻപു പറഞ്ഞിട്ടുണ്ട്‌.

തിരുവനന്തപുരത്തെ വ്യവസായങ്ങളിൽ ഒന്നാണ്‌ റബ്ബർ ഫാക്ടറി. അതിനെ സംബന്ധിച്ച പരാമർശനങ്ങൾ ഇവിടെ നടന്നിട്ടുള്ളതാണ്‌. അതിന്റെ വിശദാംശങ്ങളിലേയ്ക്ക്‌ ഞാൻ കടക്കുന്നില്ല. പഴയ മാതൃകയിലുള്ള മെഷീനറി ഉപയോഗിച്ചാണ്‌ അവിടെ ഉൽപാദനം നടത്തുന്നത്‌. ലേററസ്റ്റായിട്ടുള്ള യന്ത്രസാമഗ്രികൾ ഉപയോഗിച്ച്‌ നല്ല സാധനങ്ങൾ ഉണ്ടാക്കുന്നതിനുള്ള ശ്രമം ഇതുവരെ നടന്നിട്ടില്ല. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു പറയുന്നു. ഇപ്പോഴും ഈ ഫാക്ടറി നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്‌. സർ, ഈ ഫാക്ടറിയിൽ ഉൽപാദിപ്പിച്ചിരുന്ന സൈക്കിൾ ട്യൂബിനും, ടയറിനും നല്ല മാർക്കററുണ്ടായിരുന്നു. പെട്ടെന്നു മാർക്കററു വളരെ മോശപ്പെടാൻ ഇടയായി. അതിന്റെ കാരണം ഗവണ്മെൻറു അന്വേഷിച്ചിട്ടുണ്ടോ എന്നു നിശ്ചയമില്ല. ക്യാമൽബാക്ക്‌ എന്നൊരു സാധനം ഉൽപാദിപ്പിച്ച്‌ ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിനു കൊടുത്തിരുന്നു. അവർ അതു വാങ്ങിയിട്ട്‌ ഉപയോഗശൂന്യമെന്നുകണ്ടിട്ട്‌ ഇപ്പോൾ വാങ്ങാതിരിക്കുകയാണ്‌. റബ്ബർ ഫാക്ടറിക്കാവശ്യമുള്ള റബ്ബർ വാങ്ങുന്നതിന്‌ രണ്ടു കമ്പനിയുടെ ഓഫർ ഉണ്ടായിരുന്നു. ഫെബ്രുവരി, മാർച്ച്‌, ഏപ്രിൽ മാസങ്ങളിലായിരുന്നു റബ്ബർ കൊടുക്കാമെന്നു ഏററിരുന്നത്‌. റബ്ബർ ഫാക്ടറി തക്കസമയത്തു അതു വാങ്ങിയില്ല. അതിനുശേഷം അതു ഓപ്പൺ മാർക്കററിൽനിന്നു വാങ്ങി. ഓപ്പൺ മാർക്കററിൽ വില കൂടുതലായിരുന്നു. ഓഫർ തള്ളിക്കളഞ്ഞിട്ട്‌, ഓപ്പൺ മാർക്കററിൽനിന്നു റബ്ബർ വാങ്ങിയ കാരണത്താൽ, 77000 രൂപയുടെ നഷ്ടം സംഭവിച്ചതായിട്ടാണു ഞാൻ മനസ്സിലാക്കുന്നത്‌. അതുപോലെതന്നെ സൈക്കിൾ ഫാക്ടറിയും, സൈക്കിൾ റിം ഫാക്ടറിയും. ഇവിടെ ഒരു കേരളാ സൈക്കിൾ ഫാക്ടറി ഉണ്ടായിരുന്നു. ഇപ്പോൾ അതിന്റെ സ്ഥിതി എന്താണെന്നറിയുന്നില്ല.

പിന്നെ ഒരു ഹോൾഡാൾ യൂണിററുണ്ടായിരുന്നു. 22500 രൂപയുടെ ലാഭം പ്രതീക്ഷിച്ചിരുന്നതാണ്‌. ഇപ്പോൾ 14000 രൂപ നഷ്ടത്തിലാണ്‌. അതു ഉപയോഗശൂന്യമായ ഒരു യൂണിററായിത്തീർന്നിരിക്കുകയാണ്‌. നെയ്യാററിൻകര ഒരു ടൈൽ ഫാക്ടറി തുടങ്ങും, അടുത്ത വർഷം ഉൽപാദനം തുടങ്ങുമെന്നു പറഞ്ഞിരുന്നു. അതു തുടങ്ങിയിട്ടില്ല.

<u>ശ്രീ. പി. നാരായണൻ തമ്പി</u> : അതിന്റെ ഉൽഘാടനം നടത്തിയതായി അറിയാമോ ?

<u>ശ്രീ. പി. രവീന്ദ്രൻ</u> : ഏതായാലും ഗവണ്മെൻറ്‌ ആഭിമുഖ്യത്തിൽ അതിന്റെ പ്രവർത്തനം കാര്യമായി ആരംഭിച്ചിട്ടില്ല.

സർ, ബ്ലീച്ചിംഗ്‌ ആൻഡ്‌ കലണ്ടറിംഗ്‌ പ്ലാൻറിന്റെ കാര്യം ഇതിനു മുൻപു പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്‌. പത്തു ലക്ഷം രൂപാ വരെ ചെലവാക്കിയ ഈ പ്ലാൻറുകൊണ്ട്‌ ആഴ്ചയിൽ രണ്ടുദിവസംപോലും ജോലി നടക്കുന്നില്ല. അതും നഷ്ടത്തിൽ കലാശിച്ചിരിക്കുകയാണ്‌.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. രവീന്ദ്രൻ]

സർ, 1960–61-ലെ ബഡ്ജററു പ്രസംഗത്തിൽ പറഞ്ഞിരുന്ന ഒരു കാര്യമാണ് ഒരു ഇലക്ട്രിക്ക ലാംപ്പ് ഇൻഡസ്ട്രി തുടങ്ങുന്ന കാര്യം. രണ്ടുലക്ഷം രൂപയും അതിനുവേണ്ടി കൊള്ളിച്ചിരുന്നു. ആ വ്യവസായം എവിടെ പോയി, എങ്ങനെ അതു ഇല്ലാതായി എന്നു ഗവണ്മെൻറു വ്യക്തമാക്കുമെന്നു വിശ്വസിക്കുന്നു. ആരോ ഒരാൾ അതു സ്ഥാപിക്കാൻ ഇവിടെ വന്നുവെന്നും, അയാളെ ആട്ടിപ്പായിച്ചുവെന്നുമാണ് അറിയുന്നതു്.

സർ, കയർ, കൈത്തറി, ക്യാഷ്യൂ എന്നീ വ്യവസായങ്ങൾ പരിശോധിച്ചു നോക്കിയാൽ വളരെ അഭിവൃദ്ധിയുണ്ടായിട്ടില്ലെന്നു മാത്രമല്ല, പൊതുവേ തകർന്നുവരികയാണ്. കയർ വ്യവസായത്തെപ്പററി നേരത്തേ പറഞ്ഞു. സഹകരണമേഖലയെ സംബന്ധിച്ചു പറയുകയാണെങ്കിൽ, സഹകരണസംഘങ്ങൾക്കു കുറേ തുക ലോണായും മററും കൊടുത്തിട്ടുണ്ടെന്നല്ലാതെ ആ രംഗത്തുള്ള തൊഴിലാളികൾക്കു യാതൊരു മാററവും ഉണ്ടായിട്ടില്ല. ക്യാഷ്യൂ വ്യവസായം ദിവസേന തകർന്നുവരികയാണ്. ഇന്നു് ചെറിയ ചെറിയ യൂണിററായി ആ വ്യവസായം മാറിക്കൊണ്ടിരിക്കുകയാണ്.

കൈത്തറി വ്യവസായം വളരെ ആദായകരമായി നടത്തുന്നതിനു് അപ്പെക്സ് സൊസൈററിമൂലം വേണ്ട സഹായം ചെയ്യുമെന്നുണ്ടെങ്കിലും 1961–62-ലെ ആഡിററു റിപ്പോർട്ടു കൊടുക്കാത്തതുമൂലം പല സൊസൈററികൾക്കും ലോൺ കിട്ടാൻ അർഹതയില്ലാതിരിക്കുകയാണ്. അങ്ങനെ ആ രംഗവും തകർന്നുകൊണ്ടിരിക്കുകയാണ്. അപ്പെക്സ് സൊസൈററിയുടെ പ്രവർത്തനംകൊണ്ടും ആശിച്ചത്ര നേട്ടം ഉണ്ടായിട്ടില്ല.

സർ, ഖാദിബോർഡിൻെറ പ്രവർത്തനങ്ങളെ സംബന്ധിച്ചു് വളരെയേറെ പറയാനുണ്ടു്. സമയം ഇല്ലാത്തതുകൊണ്ടു് അധികം പറയുന്നില്ല. പയ്യന്നൂർ ഖാദി സെൻറർ, കേരളാ ഖാദി ബോർഡു ഏറെറടുത്തു. ഏറെറടുക്കുന്ന സമയത്തു് കണക്കുകൾ യാതൊന്നും പരിശോധിച്ചില്ല, സ്റ്റാക്കു തിട്ടപ്പെടുത്തിയിട്ടില്ല. കണക്കുകൾ സംബന്ധിച്ചു യാതൊരു അന്വേഷണവും നടത്താതെയാണ് അതു് ഏറെറടുത്തതു്. 28,000 രൂപയിലധികം വിലവരുന്ന ചീത്ത തുണി അവിടെ കെട്ടിക്കിടന്നിരുന്നു. 22,000 രൂപയ്ക്കു തുണി വിററതായി കാണുന്നുണ്ടു്. ഇതിൻെറ ചുമതല ഏറെറടുത്തപ്പോൾ കണക്കു പരിശോധിക്കാതെയും, സ്റ്റാക്കു തിട്ടപ്പെടുത്താതെയും ഇത്ര വലിയ നഷ്ടം നേരിടുന്ന ഒരു നടപടി സ്വീകരിച്ചതു് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. ...തു പോലെതന്നെ ഏഴുലക്ഷം രൂപ വിലവരുന്ന നാലായിരം അംബർ ചർക്കാ വാങ്ങിച്ചു. അതിൻെറ കേടുകൾ പോക്കുന്നതിനും, ആവശ്യമായ റിപ്പയർ ചെയ്യുന്നതിനും പരിചയമുള്ളവർ ഇല്ലാതെ എല്ലാം തകർന്നുപോയിരിക്കുകയാണ്. ആ രംഗത്തു് ഒററ ചർക്കയെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ എന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞാൽകൊള്ളാം.

നീരാഭവൻ പല ഭാഗത്തും ഉണ്ടാക്കി. ഇപ്പോൾ ആവശ്യമില്ല എന്നു കണ്ടു് അതു പൂട്ടിയിട്ടു. അതിൻെറ എക്വിപ്പ്മെൻറ്സ് മുഴുവനും വിററു. ഗവണ്മെൻറു ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുന്നതു ഒരു നീരാഭവൻ കോഴിക്കോട്ടു ജില്ലയിൽ ഒരു സ്ഥലത്തു ആരംഭിക്കുവാനാണ്. അതുപോലെതന്നെ അമ്പലവയലിലുള്ള ഫ്രൂട്ട് പ്രിസർവേഷൻ പ്ലാൻറു് ഗവണ്മെൻറു ഒരു സ്വകാര്യ വ്യക്തിക്കു വിററു. എന്നിട്ടു ഇപ്പോൾ നെല്ലിയാംപതിയിൽ ഒരു ഫ്രൂട്ട് പ്രിസർവേഷൻ പ്ലാൻറു ആരംഭിക്കുവാനായി അതിൻെറ മെഷീൻ വാങ്ങാൻ പോകുകയാണ്. അങ്ങനെ നിരവധി ഉദാഹരണങ്ങൾ പറയുവാൻ കഴിയും. കുഷ്ഠരോഗികൾക്കു ട്രെയിനിംഗു കൊടുക്കുന്നതിനുവേണ്ടി ഒരു Shoe making and eyelet plant സ്ഥാപിക്കുന്നതിനുവേണ്ടി ഒരു ചാരിററബിൾ സൊസൈററിക്കു 30,000 രൂപ ലോണും 60,000 രൂപ ഗ്രാൻറും കൊടുക്കുകയുണ്ടായി. ഇന്നു ആ 'Shoe making and eyelet' പ്ലാൻറു ഉണ്ടോ ഇല്ലയോ എന്നുള്ളതു പരിശോധിച്ചറിയേണ്ടിയിരിക്കുന്നു. 30,000 രൂപ ലോണും 60,000 രൂപ ഗ്രാൻറും നൽകി ആരംഭിച്ച ആ പ്ലാൻറു ഉണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പററി ആർക്കും അറിഞ്ഞുകൂടാ. ഇന്നു അവിടെ പ്രവർത്തിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതു ഒരു കാർപ്പൻററി യൂണിററു മാത്രമാണ്. ഗവണ്മെൻറു കാര്യമായി ഇതെല്ലാം ആലോചിക്കണം. കൊട്ടത്തിരുന്ന വായ്പ്പ ഇതേവരെ തിരിച്ചടച്ചിട്ടില്ല, അങ്ങനെ വളരെ ഇരുളടഞ്ഞിട്ടുള്ള ഒരു ചിത്രമാണ് നമ്മുടെ നാട്ടിലെ വ്യവസായങ്ങളെ സംബന്ധിച്ച് കാണാൻ കഴിയുന്നതു്. ആകർഷകങ്ങളായ ചിത്രങ്ങൾ നമ്മുടെ വ്യവസായവകുപ്പു മന്ത്രിയും ധനകാര്യമന്ത്രിയും നമ്മുടെ മുമ്പിൽ വച്ചിട്ടുണ്ട്. അവ അത്രത്തോളം തന്നെ നിറപ്പകിട്ടുള്ളതാണോ എന്നുള്ളതു പരിശോധിച്ചുനോക്കുമ്പോൾ അതിന്റെ കള്ളി പുറത്താകും. നിലവിലുള്ള വ്യാവസായിക നയത്തെപ്പററി പറയുമ്പോൾ, ഗവണ്മെൻറു ഉടമയിലുള്ള വ്യവസായത്തെസംബന്ധിച്ചായാലും സ്വകാര്യമേഖലയിലുള്ള വ്യവസായത്തെ സംബന്ധിച്ചായാലും എന്താണ് ഗവണ്മെൻറിന്റെ നയം എന്നുള്ളതു വ്യക്തമാണ്. ഞാൻ പറഞ്ഞ കാര്യങ്ങളിൽനിന്നും ഈ രംഗത്തു ഗവണ്മെൻറിനു വ്യക്തമായ നയമുണ്ടെന്നു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ല. ഒരു ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനം ഈ രീതിയിലാണ് മുമ്പോട്ടു പോകുന്നതെങ്കിൽ ഈ രാജ്യത്തു എങ്ങനെ വ്യവസായം തുടരും. നമുക്കു ഒരു വ്യവസായ മന്ത്രിയും, ഒരു വ്യവസായ ഡിപ്പാർട്ടുമെൻറും അതിന്റെ കീഴിൽ ഒരു സംഘം ഉദ്യോഗസ്ഥന്മാരും പ്രവർത്തിക്കുന്നുണ്ട്. ഈ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ തീരെ സംതൃപ്തരല്ല എന്നു പറയേണ്ടിയിരിക്കുന്നു. ഈ ഡിപ്പാർട്ടുമെൻറിലെ പ്രവൃത്തികൾ പരിശോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും എന്നു പറഞ്ഞുകൊണ്ട് ഉന്നതസ്ഥാനങ്ങളിലെ ജോലികൾക്കു റവന്യൂ ഡിപ്പാർട്ടുമെൻറിൽനിന്നും സെക്രട്ടറിയേററിൽനിന്നും സഹകരണ ഡിപ്പാർട്ടുമെൻറിൽനിന്നും ഇങ്ങോട്ടു ഉദ്യോഗസ്ഥന്മാരെ ഇറക്കുമതി ചെയ്തിരിക്കുകയാണ്. അതുകാരണം ഇന്നു വ്യവസായ ഡിപ്പാർട്ടുമെൻറിൽ അസംതൃപ്തിയുണ്ട്. ആ ഡിപ്പാർട്ടുമെൻറിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഉദ്യോഗസ്ഥന്മാരെ എടുക്കുന്നതിനുപകരം മററു ഡിപ്പാർട്ടുമെൻറുകളിൽനിന്നും ഇങ്ങോട്ടു ഇറക്കുമതി ചെയ്യുന്നതുകൊണ്ട്, ഈ ഡിപ്പാർട്ടുമെൻറിലുള്ള ഉദ്യോഗസ്ഥന്മാർക്കു പൊതുവേ നിരാശയും അസംതൃപ്തിയും ഉണ്ട്. ആ കാര്യവും ഗവണ്മെൻറു മനസ്സിലാക്കണം. പൊതുവേ പരിശോധിക്കുമ്പോൾ ഇന്നു നിലവിലുള്ള വ്യവസായങ്ങളെ സംബന്ധിച്ച് വ്യക്തമായ യാതൊരു രൂപവും ഇതുവരെ മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ല. ഇന്നു ഗവണ്മെൻറിനു വ്യക്തമായ ഒരു ധാരണ ഈ കാര്യത്തിൽ ഇല്ല. നമ്മുടെ വന സമ്പത്തു്, സമുദ്രസമ്പത്തു്, മിനറൽ സമ്പത്തു തുടങ്ങിയവ കൂടുതൽ ഉപയോഗിച്ചു വ്യവസായങ്ങൾ കൂടുതൽ ആരംഭിക്കുവാനുള്ള ശരിയായ നടപടികൾ യാതൊന്നും തന്നെ ഗവണ്മെൻറു സ്വീകരിച്ചിട്ടില്ല. നമ്മുടെ മിനറൽ വെൽത്തു പരിശോധിക്കുന്നതിനു ശരിയായി ഒരു ജിയോളജിക്കൽ സർവ്വേ നടത്തുന്നതിനു ഗവണ്മെൻറിനു ഇതുവരെ കഴിഞ്ഞിട്ടില്ല. മിനറൽ സമ്പത്തിനെക്കുറിച്ചു അനവധി അഭിപ്രായങ്ങൾ പുറത്തു വന്നിട്ടുണ്ട്. അതുപോലെതന്നെ നമുക്കു സമുദ്രസമ്പത്തുണ്ട്, വന സമ്പത്തുണ്ട്. ഈ സമ്പത്തുകളെല്ലാംകൂടി സമാഹരിച്ചുകൊണ്ട്, വ്യവസായവൽക്കരണം മുമ്പോട്ടു കൊണ്ടുവരുന്നതിനു ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല. കേന്ദ്രമേഖലയിൽ വല്ലതും കിട്ടുന്നില്ല എന്നല്ല ഞാൻ പറയുന്നതു്. ചിലതു കിട്ടിയിട്ടുണ്ട്. ചിലതു കിട്ടുമെന്നു ഉറപ്പും ഉണ്ട്. പൊതുവേ പറയുമ്പോൾ എല്ലാ പ്രവർത്തനങ്ങളും ഒരുപോലെ വികസിപ്പിച്ചു ഡെവലപ്പ്മെൻറു ആൻറു ഇക്കണോമിക്ക് സോഷ്യലിസ്ററു വ്യവസ്ഥിതിക്കു അനുസരണമായ രീതിയിൽ ഈ കാര്യങ്ങൾ പ്ലാൻ ചെയ്യുന്നില്ല എന്നാണ് മനസ്സിലാക്കേണ്ടതു്. ഇൻഡ്യാ ഗവണ്മെൻറു കേരളത്തെപ്പോലെ ഇത്രയധികം വ്യവസായികമായ അസംസ്കൃത സാധനങ്ങളുള്ള ഒരു രാജ്യത്തെ അവഗണിക്കുന്നതിന്റെ കാരണം എന്താണെന്നു മനസ്സിലാകുന്നില്ല. നമ്മുടെ കേരളത്തിൽ മിക്കവാറും വടക്കേ ഇൻഡ്യയിലെ കുത്തക മുതലാളിമാർക്കു അസംസ്കൃത സാധനങ്ങൾ കിട്ടുന്ന ഒരു സ്ഥലമായിട്ടു തരംതാഴ്ത്തിയിരിക്കുന്നതു ശരിയല്ല; അതിനെതിരായി സകല നടപടികളും സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ രാജ്യത്തു വളരെയധികം സമർത്ഥന്മാരായ തൊഴിലാളികൾ ഉണ്ട്. വിദഗ്ദ്ധന്മാരായ തൊഴിലാളികൾ ഉണ്ട്. ആവശ്യമായ അസംസ്കൃത സാധനങ്ങൾ ഉണ്ട്. ആവശ്യമായ സമ്പത്തുണ്ട്. അതു മുഴുവൻ ഉപയോഗിച്ചു വ്യവസായവൽക്കരണം മുമ്പോട്ടുകൊണ്ടുപോകുന്നതെന്നു വ്യക്തമായനിലപാട് ഗവണ്മെൻറു സ്വീകരിക്കണം. വ്യക്തമായവ്യാവസായിക

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. രവീന്ദ്രൻ]

നയമൊന്നുമില്ലാതെ എന്തു ചെയ്യണം, എങ്ങോട്ടു പോകണമെന്നൊന്നും അറിയാതെ വളരെയധികം ബുദ്ധിമുട്ടി ഉഴലുന്ന വ്യവസായമന്ത്രിയുടെ ചിത്രമാണ് ഇതിൽ കാണുന്നതു്. ഇനിയെങ്കിലും വ്യവസായവൽക്കരണം ത്വരിതപ്പെടുത്തുന്നതിനുള്ള യാതൊരു വ്യക്തമായ രൂപവും ഇതിൽ കാണുന്നില്ല. ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുവാൻ എത്ര ആലോചിച്ചിട്ടും സാധിക്കുന്നില്ല. ധനാഭ്യർത്ഥനയെ സകല ശക്തിയും ഉപയോഗിച്ചു എതിർത്തുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

ശ്രീ. സി. ജി. ജനാർദ്ദനൻ : സർ, എന്നെ പരാമർശിച്ചു സംസാരിച്ച ചില കാര്യങ്ങൾക്കു എനിക്കു ഒരു മറുപടി പറയുവാനുണ്ടു്. അതു ഇപ്പോൾ പറയുവാൻ സമയമില്ലാത്തതുകൊണ്ടു് അപ്രോപ്രിയേഷൻ ബില്ലിന്റെ ചർച്ചാവേളയിൽ അതിനെപ്പററി പറയാമെന്നു വിചാരിക്കുകയാണ്.

ശ്രീ. ആന്റണി ഡിക്രൂസ് : സർ, ഞാൻ ശ്രീ. തമ്പി അവതരിപ്പിച്ചിട്ടുള്ള കട്ട്മോഷനെ അനുകൂലിക്കുകയാണ്. കഴിഞ്ഞ രണ്ടുമൂന്നു കൊല്ലത്തെ പ്രവർത്തനങ്ങളെപ്പററി, വ്യാവസായികമായി ഈ സ്റ്റേററിനു വന്നിട്ടുള്ള ഗുണദോഷങ്ങളെപ്പററി ഏതാനും കാര്യങ്ങൾ പറയാമെന്നു ഞാൻ വിചാരിക്കുകയാണ്. നമ്മുടെ സ്റ്റേററിലെ വ്യാവസായിക ഡിപ്പാർട്ടുമെൻറിനെപ്പററി കഴിഞ്ഞ നാലു വർഷങ്ങളായി ഒരു പരാതി നിലവിലിരിക്കുകയാണ്. ഈ ഡിപ്പാർട്ടുമെൻറു ഭരിക്കുന്നതു ശരിയായ വകുപ്പുമന്ത്രിയല്ല, ഈ ഡിപ്പാർട്ടുമെൻറിന്റെ പിന്നിൽ ഇരുന്നുകൊണ്ടു് ഇതിന്റെമുഖ്യസ്ഥാനത്തു ഇരുന്നുകൊണ്ടു് മററു ചിലരാണ് ഈ ഡിപ്പാർട്ടുമെൻറിന്റെ ഭരണം നടത്തുന്നതെന്നുള്ള ആരോപണം വളരെ നാളുകളായി നാം നിരന്തരം കേട്ടുകൊണ്ടിരിക്കുകയാണ്.

'Man proposes but God disposes but here it is
'Man proposes and woman disposes

എന്നാണ് ഈ കാര്യത്തെപ്പററി പറയേണ്ടതു്. സ്റ്റേററു കോട്ടായിൽ രണ്ടു കാർ കിട്ടിയ ഭാഗ്യവാന്മാരും ഉണ്ടു്. അവരെപ്പററിയൊന്നും എനിക്കാക്ഷേപമില്ല. അവരുടെ വഴികൾ ഞങ്ങൾക്കു ഉപകാരപ്രദമാകുകയില്ല എന്നു മാത്രമേ ഇപ്പോൾ എനിക്കു പറയുവാനുള്ളു. കഴിഞ്ഞ കുറെ കൊല്ലങ്ങളായി ഈ ഡിപ്പാർട്ടുമെൻറിനെപ്പററി എന്തൊക്കെ പറഞ്ഞാലും മന്ത്രിക്കു തോന്നിയമാതിരി അദ്ദേഹം ചെയ്യും എന്നുള്ള മട്ടിൽ ഒരുമാതിരി വ്യക്തമായ മലയാള ഭാഷയിൽ പറഞ്ഞാൽ തോന്ന്യാസപരമായി മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ ഡിപ്പാർട്ടുമെൻറിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാരെ സ്ഥലം മാററുന്നതു് ഷർട്ടും മുണ്ടും മാററുന്നതുപോലെയാണ്. ഓരോ ദിവസവും ഓരോ ഉദ്യോഗസ്ഥന്മാരെ മാററിക്കൊണ്ടിരിക്കുന്നു. ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ ഇതെല്ലാംകൊണ്ടു സഹികെട്ട് ഈയിടെ മന്ത്രിക്കു ഒരു മെമ്മോറാണ്ടം നൽകുകയുണ്ടായി. ആ മെമ്മോറാണ്ടത്തിലെ ആദ്യത്തെ വാചകംതന്നെ

'It has been a matter of great concern for the officers of this Department that there has been a steady influx of officers from the other Departments into the Industries Department to occupy senior posts'

ഇങ്ങനെ ഉദ്യോഗസ്ഥന്മാരെ വെളിയിൽനിന്നും ഇറക്കുമതി ചെയ്യുന്നതിൽനിന്നും രക്ഷപ്പെടുത്തണമെന്നാണ് അവരുടെ അപേക്ഷ. ഇങ്ങനെ മന്ത്രി തുടർന്നുകൊണ്ടു പോകുകയാണെങ്കിൽ ഈ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ ഒന്നടങ്കം ലീവെടുത്തു ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനത്തെ സ്തംഭിപ്പിക്കുന്നതാണെന്നുള്ളതിന്റെ ഒരു സൂചനയും നൽകിയിട്ടുള്ളതായി അറിയുന്നു. കഴിഞ്ഞ എസ്റ്റിമേററു കമ്മിററിയുടെ റിപ്പോർട്ടിൽ ഈ ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനത്തെക്കുറിച്ചു് പരാമർശനം ഉണ്ടായിട്ടുണ്ടു്. അതിൽ കൂടുതലും ഡയറക്ടറുടെ ടൂറിനെ സംബന്ധിച്ചാണ്. ഈ നിയമസഭയിൽനിന്നും നിയോഗിച്ച

LIBRARY ARCHIVES Kerala Legislative Assembly

എസ്റ്റിമേററ്സ് കമ്മിററി ഇതിന്റെ ഡയറക്ടർ കൂടുതൽ യാത്രചെയ്യുന്നുവെന്നും ഒരു മാസത്തിൽ ഒരു ദിവസംപോലും തലസ്ഥാനത്തു കാണുന്നില്ല എന്നും ആക്ഷേപം ഉന്നയിച്ചതായി കാണാം. പിന്നെ അഡീഷണൽ ഡയറക്ടറുടെ പോസ്ററു ഉണ്ടാക്കരുത് എന്നും ജോയിന്റു ഡയറക്ടർ ഓഫ് കാമേഴ്സിന്റെ തസ്തിക മതിയെന്നും എസ്റ്റിമേററു കമ്മററി അഭിപ്രായപ്പെട്ടു. എന്നാൽ അതു അംഗീകരിക്കുന്നതിനു ഗവണ്മെന്റിനു സമ്മതമുണ്ടായില്ല. അതുപോലെതന്നെ ഈ ഡിപ്പാർട്ടുമെന്റിൽ പുറത്തുനിന്നും ആളുകളെ കൊണ്ടുവന്നു നിറക്കുന്ന സമ്പ്രദായം അവസാനിപ്പിക്കണമെന്നും ഈ കമ്മിററി ആവശ്യപ്പെട്ടു. അതും അംഗീകരിച്ചതായി കാണുന്നില്ല. ഈ ഡിപ്പാർട്ടുമെന്റിന്റെ എല്ലാ വകുപ്പുകളിലും ഏററവും യോഗ്യതയും ക്വാളിഫിക്കേഷനും ഉള്ള ആളുകൾ ഇരിപ്പുള്ളപ്പോൾ, ...

ശ്രീ. പി. കെ. കുഞ്ഞു്: സർ, ഒരു പോയിന്റു ഓഫ് ഓർഡർ. ഏററവും പ്രധാനപ്പെട്ട ഒരു ഡിമാന്റിന്റെ ചർച്ച ഇവിടെ നടക്കുമ്പോൾ ബന്ധപ്പെട്ട മന്ത്രി സഭയിൽ ഹാജരാകാതിരിക്കുന്നതു ശരിയാണോ ?

ശ്രീ. കെ. കുഞ്ഞമ്പു: ബഹുമാനപ്പെട്ട മെമ്പറന്മാർ പ്രസംഗിക്കുന്നതിൽ ഉള്ള പോയിന്റുകൾ കുറിച്ചുവെക്കുവാൻ എന്നെ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുണ്ടു്.

മി. സ്പീക്കർ: അദ്ദേഹം സഭയിൽ ഹാജരില്ല എന്നതുകൊണ്ടു പ്രസംഗം എന്നു ശ്രദ്ധിക്കുന്നില്ല വരികയില്ലല്ലോ ?

ശ്രീ. ആന്റണി ഡിക്രൂസ്: അങ്ങനെ ഈ ഡിപ്പാർട്ടുമെന്റിന്റെ ദൈനംദിന പ്രവർത്തനങ്ങളെപ്പററി ആക്ഷേപം ഉണ്ടു്. ഈ സഭ ഉത്തരവാദിത്തോടുകൂടി ഏൽപ്പിച്ചിരിക്കുന്ന എസ്റ്റിമേററ്സ് കമ്മിററി തന്നിട്ടുള്ള റക്കമെന്റേഷൻസ് അംഗീകരിക്കുവാൻ ഇവിടുത്തെ വ്യവസായ മന്ത്രിക്കു കഴിഞ്ഞിട്ടില്ല എന്നു വന്നാൽ ഈ സഭയുടെ ആവശ്യം എന്താണെന്നു ഞാൻ ചോദിക്കുകയാണ്, എസ്റ്റിമേററ്സ് കമ്മിററി ചെയ്യുന്ന ശുപാർശകൾ ഏതു ഗവണ്മെന്റായാലും ജനാധിപത്യ വ്യവസ്ഥയനുസരിച്ചു പാലിക്കേണ്ടതാണ്. ഈ ഡിപ്പാർട്ടുമെന്റിന്റെ ഡയറക്ടർ, സ്പെഷ്യൽ ആഫീസർ, റീജിയണൽ ജോയിന്റു ഡയറക്ടർ, ഇവിടെയെല്ലാം പുറമേനിന്നും ആളുകളെ കുത്തിത്തിരുകിയിരിക്കുകയാണ്. ഒരു വാര്യർ റീജിയണൽ ഡയറക്ടറായിരുന്നു അദ്ദേഹത്തിനു രണ്ടു ദിവസം മാത്രമേ അതിൽ ഇരിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. പി. ഡബ്ല്യു. ഡിയിൽ ഉണ്ടായിരുന്ന ഒരു മനുഷ്യൻ അഡീഷണൽ ഡയറക്ടറായി. അതുപോലെതന്നെ സ്പെഷ്യലാഫീസറായി നിയമിക്കുന്നതു തഹസിൽദാരന്മാരെയാണ്. എത്രയോ വമ്പിച്ച തുകകൾ പബ്ലിക്ക് സെക്ടററിൽ മുടക്കിയിട്ടുണ്ടു്. അതിനു ന്യായമായ റിട്ടേൺസ് കിട്ടുന്നുണ്ടോ എന്നു പരിശോധിക്കുന്നുണ്ടോ ? സാധാരണ മുടക്കുമുതലിന്റെ ഇത്ര ശതമാനം പലിശ അല്ലെങ്കിൽ ആദായം കിട്ടിയിരിക്കണം എന്നു നിബന്ധനയുണ്ടു്. സർക്കാർ മുതൽ മുടക്കിയിട്ടുള്ളതിൽ ഇങ്ങനെ യാതൊരു നിബന്ധനയും ഉള്ളതായി കാണുന്നില്ല. കേന്ദ്രത്തിൽനിന്നും ധനസഹായത്തോടുകൂടി തുടങ്ങിയിട്ടുള്ള പല വക്കുകൾക്കും ന്യായമായ ആദായം കിട്ടുന്നുണ്ടോ ഇല്ലയോ എന്നു അറിയാനുള്ള അവകാശം ഈ സഭക്കുണ്ടു്. എഫ്. എ. സി. ടി. യിലും ടൈററാനിയം ഫാക്ടററിയിലും കോടിക്കണക്കിനു രൂപ മുടക്കിയിട്ടുണ്ടു്. എഫ്. എ. സി. ടി. യുടെ പ്രവർത്തനത്തെപ്പററി വളരെ സൂക്ഷ്മമായി പറയേണ്ടതാണ്. രണ്ടു കൊല്ലത്തിനിടയിൽ ഒന്നരക്കോടി രൂപയുടെ സാധനങ്ങൾ ആവശ്യമില്ലാതെ വരുത്തിവച്ചിട്ടുണ്ടു്. മന്ത്രിക്കോ, അല്ലെങ്കിൽ മന്ത്രിയുടെ ആൾക്കാർക്കോ ഏജൻസിയുള്ള കമ്പനികളിൽനിന്നും ആവശ്യമില്ലാത്ത സാധനങ്ങൾ മന്ത്രിയുടേയും മന്ത്രിയുടെ കൂടെയുള്ളവരുടേയും നിർദ്ദേശപ്രകാരം ഓർഡർ ചെയ്തു മേടിച്ചു സ്റ്റാക്കു ചെയ്തിരിക്കുകയാണ്. ഈ സാധനങ്ങൾ എങ്ങനെ ഉപയോഗിക്കണമെന്നോ, എവിടെ ഉപയോഗിക്കണമെന്നോ ഈ. എഫ്. എ. സി. ടി. യിലെ യാതൊരാൾക്കും അറിവില്ല. ടൈററാനിയം ഫാക്ടററിയിലേയും സ്ഥിതി ഇതാണ്. അഞ്ചാറു ലക്ഷം രൂപയുടെ സാധനങ്ങൾ വരുത്തിയിട്ടുള്ളതു രണ്ടു മൂന്നു കൊല്ലക്കാലത്തെ കടൽക്കാററു തുരുമ്പു പിടിച്ചു ഉപയോഗശൂന്യമായി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആൻറണി ഡിക്രൂസ്]

പോകുകയാണ്. ഇതു വാങ്ങാൻ ആരു പറഞ്ഞു എന്നറിവില്ല. ചില സ്ഥാപിത താൽപ്പര്യക്കാരുടെ സ്വാധീനം കൊണ്ടുമാത്രം ഇവ വാങ്ങിയിട്ടുള്ളതാണ്. ഈ അവസാന കൊല്ലത്തിലെങ്കിലും ഈ ഡിപ്പാർട്ടുമെൻറിൽ എന്തെങ്കിലും നന്മ വരുത്തണമെന്നു ഗവണ്മെൻറിനു ആഗ്രഹമുണ്ടോ ? ഉദ്യോഗസ്ഥന്മാരുടെ സഹകരണമില്ലെങ്കിൽ അതു കൈവരുത്തുവാൻ സാധിക്കുകയില്ല. ഏതെല്ലാം വിധത്തിലുള്ള പരാതികൾ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ ഉണ്ടെന്നു പരിശോധിച്ചു ഉടനടി അതിനൊരു ശാന്തി വരുത്തുവാൻ മന്ത്രി ശ്രമിക്കണമെന്നു എനിക്കപേക്ഷയുണ്ട്. പൊതുവിൽ മററുള്ള ഡിപ്പാർട്ടുമെൻറിൽനിന്നും ആളുകളെ ഇതിൽ തിരുകി കയററുന്ന സമ്പ്രദായം അവസാനിപ്പിക്കണം. അതുപോലെതന്നെ ആവശ്യമില്ലാതെ വ്യവസായസ്ഥാപനങ്ങളിൽ ആളുകളെ റിക്രൂട്ടുചെയ്യുന്നുണ്ട്. ടെററാനിയം ഫാക്ടററിയിൽ കഴിഞ്ഞ രണ്ടുമൂന്നു മാസത്തിനുള്ളിൽ മുന്നൂറു ജോലിക്കാരെ എടുത്തു എന്നറിയുന്നു. എന്താവശ്യത്തിനാണ് എടുത്തതെന്നു മനസ്സിലാകുന്നില്ല. ഇങ്ങനെ എടുക്കുമ്പോൾ സംവരണാടിസ്ഥാനത്തിൽ എടുക്കുവാൻ വേണ്ട നിർദ്ദേശം കൊടുക്കണമെന്നും എനിക്കപേക്ഷയുണ്ട്. ഈ വക കാര്യങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രി കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്നപേക്ഷിച്ചുകൊണ്ട് ഞാൻ എൻെറ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ മജീദ്: സർ, വ്യവസായവകുപ്പിലേയ്ക്കു് ആവശ്യപ്പെട്ടിരിക്കുന്ന ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്. അതിവേഗത്തിൽ വ്യവസായവൽക്കരണം നടപ്പിലാക്കണമെന്നും അതിനുവേണ്ടി

10. a.m. പദ്ധതികൾ ആസൂത്രണം ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ച് ഈ ഗവണ്മെൻറ് പലപ്രാവശ്യം ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. ഈ ഗവണ്മെൻറ് ഇവിടെ മൂന്നുനാലു കൊല്ലം തുടർച്ചയായി ഭരിച്ചിട്ടും വ്യവസായവൽക്കരണനയം, നടപ്പിലാക്കാൻ പോകുകയാണെന്നു് ഓരോ കൊല്ലവും ആവർത്തിച്ചാവർത്തിച്ച് പറയുന്നതല്ലാതെ, ആത്മാർത്ഥതയോടുകൂടിയോ, നിഷ്കളങ്കമായതോ ആയ ഒരു സമീപനരീതി കൈക്കൊള്ളുന്നതിനുള്ള ഒരു നടപടി സ്വീകരിച്ചിട്ടില്ലെന്നുള്ളതുകൊണ്ടാണ്, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നതു്. ഈ ഗവണ്മെൻറിൻെറ കീഴിൽ നടത്തിവരുന്ന പല വ്യവസായങ്ങളിലും ദാരുണമായ ഒരു അവസ്ഥ ഇന്ന് സംജാതമായിരിക്കുകയാണെന്നു് ശ്രീ രവീന്ദ്രൻ ഇവിടെ പറയുകയുണ്ടായി. അതിനോടു് ഞാനും പൂർണ്ണമായി യോജിക്കുകയാണ്. വ്യവസായങ്ങൾ അഭിവൃദ്ധിപ്പെട്ടുവരുന്നുവെന്നു് ഗവണ്മെൻറ് ഒരു ഭാഗത്തു് അഭിമാനപൂർവ്വം പറയുന്നുണ്ട്. എന്നാൽ മറുഭാഗത്തു് കേരളത്തിലുള്ള പല വ്യവസായങ്ങളും അടച്ചുപൂട്ടിയതായും പറയുന്നുണ്ട്. ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിൽത്തന്നെ പറഞ്ഞിട്ടുണ്ട്, 230 ഫാക്ടററികൾ പുതിയതായി തുറന്നുവെന്നും 203 ഫാക്ടററികൾ പൂട്ടിയിട്ടുവെന്നും. ഓരോ ഫാക്ടററിയും പുതിയതായി തുടങ്ങുമ്പോൾ അതിൻെറ ഉദ്ദേശസാദ്ധ്യത എന്താണെന്നും, അതു് നടത്തിക്കൊണ്ടുപോകുന്നതിനു് എന്തെല്ലാം ആവശ്യങ്ങളുണ്ടെന്നും പരിശോധിക്കാത്തതുകൊണ്ടാണു് നിലവിലുള്ള ഫാക്ടററികൾ പൂട്ടിയിടേണ്ടിവരുന്ന ദുരവസ്ഥ ഇന്നു് കാണുന്നതു്. ഇവിടെ തന്നിട്ടുള്ള എക്സ്പ്ലനേററി മെമ്മോറാണ്ടത്തിൽ വ്യവസായവൽക്കരണ നയത്തെപ്പററി പുതിയതായി വല്ല പരിപാടികളും ആവിഷ്കരിക്കുന്നുണ്ടോയെന്നു് ഞാൻ ശ്രദ്ധാപൂർവ്വം നോക്കുകയുണ്ടായി. ഈ രാജ്യത്തു് വ്യവസായരംഗത്തു് വ്യവസായവൽക്കരണം നടപ്പിൽ വരുത്തണമെന്നും, അതേ സമയത്തു് ചെറുകിട വ്യവസായങ്ങളായ കയർ വ്യവസായം, കൈത്തറി വ്യവസായം മുതലായവ തകർന്നുകൊണ്ടിരിക്കുകയാണെന്നും ബഡ്ജററു പ്രസംഗത്തിൽ ധനകാര്യമന്ത്രി സമ്മതിച്ചിട്ടുണ്ട്. ആ നിലയിൽ ഈ രണ്ടു വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനു് എന്തെങ്കിലും പുതിയ പരിപാടികൾ ആരംഭിക്കുന്നതിനു് എക്സ്പ്ലനേററി മെമ്മോറാണ്ടത്തിൽ കൊടുത്തിട്ടുണ്ടോയെന്നും ഞാൻ പരിശോധിക്കുകയുണ്ടായി. എന്നാൽ അതിൽ ചെറുകിട വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനുള്ള യാതൊരു പരിപാടിയും ഉൾപ്പെടുത്തിയിട്ടില്ല. ചെറുകിട വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനു പകരം, ചെറുകിട വ്യവസായത്തിൽ കുറെപ്പേർക്ക് പുതിയതായി

LIBRARY ARCHIVES Kerala Legislative Assembly

ട്രെയിനിംഗ് കൊടുക്കുന്നതിനുവേണ്ടി 20,000 രൂപ നീക്കിവെച്ചിരിക്കുകയാണ്. അതേപോലെ കയർ വ്യവസായികളെ രക്ഷിക്കുന്നതിനു പകരം, കയർ വ്യവസായ രംഗത്തേയ്ക്ക് പുതിയതായി കുറെ ഉദ്യോഗസ്ഥന്മാരെ സൃഷ്ടിക്കുന്നതിനുവേണ്ടി 42,300 രൂപ നീക്കിവച്ചിരിക്കുകയാണ്. അതേപോലെ കൈത്തറി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യവസായികൾക്ക് ആശ്വാസം നൽകുന്നതിനോ, അതിലേക്കാവശ്യമായ നൂലോ മററു അസംസ്കൃത സാധനങ്ങളോ കൊടുക്കുന്നതിനു പകരം കപ്പാളിററി നിയന്ത്രിക്കാൻവേണ്ടി 42000 രൂപ നീക്കിവച്ചിരിക്കുകയാണ്. അങ്ങനെ ഈ പുതിയ സ്കീമുകൾ നോക്കിയാൽത്തന്നെ അതിന്റെ പ്രവർത്തനങ്ങൾ ഇരുളടഞ്ഞതാണെന്നു കാണാം. നമ്മുടെ രാജ്യത്തുള്ള ചെറുകിട വ്യവസായങ്ങളെ മുഴുവനും സ്തംഭിപ്പിക്കാനുള്ള ഒരു നടപടി ഗവണ്മെന്റ് ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ പോകുകയാണോയെന്നു തോന്നിപ്പോകും ഇപ്പോഴത്തെ പുതിയ പരിപാടികൾ കണ്ടാൽ. ഈ സ്റ്റേററിൽ വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിൽ വിഷമിക്കുന്ന വ്യവസായികളെ സഹായിക്കുന്നതിനുള്ള ഒരു പരിപാടിയും ഈ ഗവണ്മെന്റ് ആസൂത്രണം ചെയ്തിട്ടില്ല. ഇന്നു വ്യവസായവൽക്കരണത്തിനു രണ്ടു പ്രധാനമായ കാര്യങ്ങളാണു തടസ്സമായി നില്ക്കുന്നതു. അതിലൊന്നു വിദ്യുച്ഛക്തിയുടെ ക്ഷാമം. രണ്ടു ഇവിടെ ആരംഭിക്കുന്ന വ്യവസായങ്ങളിൽ ജോലിക്കാരായും മററുമായി കേരളീയരായ ആളുകളുടെ കുറവു. ഇവിടെ ആരംഭിക്കുന്ന മിക്ക വ്യവസായങ്ങളിലും പുറത്തുനിന്നുമാണു ജോലിക്കാരെ കൊണ്ടു വരുന്നതെന്നു പരിശോധിച്ചാൽ കാണാൻ സാധിക്കുന്നതാണു. ഇവിടെ വ്യവസായങ്ങൾ നടത്തുന്ന വ്യവസായികളോടു സംസാരിച്ചാൽ നമുക്കു ഒരു കാര്യം മനസ്സിലാകും, അതായതു ഇവിടെയുള്ള ആളുകൾക്കു Skilled labour പരിശീലനം നൽകുകയാണെങ്കിൽ അവരോടു കിടനില്ക്കുന്നതിനു മറെറാരു സംസ്ഥാനങ്ങളിലുമുള്ള ആളുകൾക്കു സാധിക്കുകയില്ലെന്നാണു. പാലയാട്ടു ഇൻഡസ്ട്രീയൽ എസ്റ്റേററിൽ ട്രാൻസിസ്റ്റർ റേഡിയോ ഉണ്ടാക്കുന്നതിനുള്ള ഒരു ഫാക്ടററി പഞ്ചാബിലുള്ള ഒരാൾ തുടങ്ങുകയുണ്ടായി. ആ ഫാക്ടററിയിൽ കേരളത്തിലുള്ള ഏതാനും പെൺകുട്ടികൾക്കു പരിശീലനം നൽകുന്നുണ്ടു. ഇപ്പോൾ ആ പെൺകുട്ടികൾ ട്രാൻസിസ്റ്റർ റേഡിയോയുടെ പ്രധാനമായ പാർട്ട്സുകളെല്ലാം ഉണ്ടാക്കുന്നുണ്ടു. അതേപോലെ കൊല്ലത്തു ഒരു മീററർ കമ്പിനി സ്ഥാപിക്കുകയുണ്ടായി. അതിൽ കേരളത്തിൽനിന്നു ഏതാനും പേരെ ജോലിക്കെടുക്കുകയുണ്ടായി. അവർ ഇപ്പോൾ മീറററിനു ആവശ്യമായ പാർട്ടുകളിൽ മുപ്പതു ശതമാനത്തോളം ഇവിടെത്തന്നെ ഉണ്ടാക്കുന്നുണ്ടു. ഇതിൽനിന്നും മനസ്സിലാകുന്നതു, നമ്മുടെ സ്റ്റേററിൽ ഇൻഡസ്ട്രിയൽ രംഗത്തു പരിശീലനം കൊടുക്കുന്നതിനാവശ്യമായ ജൂനിയർ ടെക്നിക്കൽ കാളേജുകളും മററും ഉണ്ടെങ്കിലും യഥാർത്ഥമായ പരിശീലനം അവിടെ പഠിക്കുന്നവർക്കു കിട്ടാത്തതുകൊണ്ടാണു ഇൻഡസ്ട്രിയൽ രംഗത്തു നമ്മുടെ ആളുകൾക്കു ആവശ്യമായ പരിജ്ഞാനം ഇല്ലാതെ പോകുന്നതു. എനിക്കു പറയുവാനുള്ളതു ഇവിടെ നല്ല രീതിയിലുള്ള പരിശീലനം കൊടുത്താൽ, ഈ നാട്ടിലല്ലെങ്കിൽ വേറെ ഏതെങ്കിലും രാജ്യങ്ങളിൽ നമ്മുടെ ആളുകൾക്കു ജോലി കിട്ടുന്നതിനുള്ള സാഹചര്യം കിട്ടുമെന്നാണു. അതിപ്പോൾ ഇവിടെ നഷ്ടപ്പെടുത്തുകയാണു ചെയ്യുന്നതു. 1958 മുതൽ ഇവിടെ ചെറിയ ചെറിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനു പദ്ധതികൾ ആവിഷ്കരിക്കുകയുണ്ടായി. പക്ഷെ അവയിലൊന്നുംതന്നെ പുരോഗതിയുണ്ടായിട്ടില്ല. 1957, 1958 മുതൽ 1960 വരെ ഏതാണ്ടു 20 വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിക്കുകയും അതിനാവശ്യമായ മെഷീനറി വരുത്തുകയും ചെയ്തു. എന്നാൽ ആ മെഷീനറികളെല്ലാംതന്നെ ഉപയോഗപ്പെടുത്താതെ വെറുതെ വച്ചിരുന്നു തുരുമ്പെടുക്കുകയുണ്ടായി. 1960-ൽ ഈ ഗവണ്മെന്റ് അതു ഓരോ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും വില്ക്കുന്നതിനുള്ള നടപടികളെടുക്കുകയുണ്ടായി. അതിനു ഉദാഹരണമായി ഞാൻ രണ്ടു മൂന്നു കാര്യങ്ങൾ പറയാം. ചങ്ങനാശ്ശേരിയിൽ ഗ്ലേയിസ്ഡ് പോട്ടറി വ്യവസായം തുടങ്ങുന്നതിനുവേണ്ടി 27,910 രൂപ കൊടുത്തു 1958-ൽ ഒരു മെഷീൻ വാങ്ങുകയുണ്ടായി. മൂന്നാം പഞ്ചവത്സര പദ്ധതിയിൽ വ്യവസായം ആരംഭിക്കുന്നതിനുവേണ്ടി വാങ്ങിയ ആ യന്ത്രം 1960-ൽ വില്ക്കാൻ തീരുമാനിച്ചു. അതു വില്ക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. അബ്ദുൽ മജീദ്]

തിനുള്ള പരസ്യത്തിനുവേണ്ടി മാത്രം 1358 രൂപായാണ് ചെലവാക്കിയിട്ടുള്ളതു്. 1960-ൽ ഫ്റാക്ഷണൽ ഹോഴ്സ് പവർ മോട്ടാർ ഉണ്ടാക്കുന്നതിനു് ഒരു സ്കീം ഇവിടെ ഇൻഡ്യാ ഗവണ്മെൻറിൻെറ അനുവാദത്തോടുകൂടി തുടങ്ങുന്നതിനു് തീരുമാനിച്ചു. പക്ഷെ അതിനുള്ള അനുവാദം കിട്ടുന്നതിനു മുമ്പുതന്നെ ഇവിടത്തെ ഡയറക്ററർ അതിനാവശ്യമായ മെഷീനറി വരുത്തുകയുണ്ടായി. 88,324 രൂപ വിലകൊടുത്താണ് അതു് വരുത്തിയതു്. എന്നാൽ ഈ ഗവണ്മെൻറു് ആ വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി കൊടുക്കാതിരുന്നതുകൊണ്ടു ആ വ്യവസായം തുടങ്ങാൻ സാധിച്ചില്ല, മാത്രമല്ല ഈ മെഷീനറി വാങ്ങിയതുതന്നെ ഗവണ്മെൻറിൻെറ അനുവാദം കൂടാതെയാണ്. ഏതായാലും ആ മെഷീൻ വില്ക്കാൻ തീരുമാനിച്ചുവെങ്കിലും ഇതുവരെയും വില്ക്കാൻ സാധിച്ചിട്ടില്ല. അതു് വില്ക്കുന്നതിനുവേണ്ടിയുള്ള പരസ്യം ചെയ്തതിനു 1,345 രൂപ ചെലവായിട്ടുണ്ടു്. സൈക്കിൾ പാർട്ട്സ് ഉണ്ടാക്കുന്നതിനുള്ള ഒരു യന്ത്രം 70210 രൂപ കൊടുത്തു വാങ്ങിക്കുകയുണ്ടായി. അതും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ആ യന്ത്രം വില്ക്കുന്നതിനുവേണ്ടിയുള്ള പരസ്യം ചെയ്തതിനു് 972 രൂപ ചെലവായി. Flourscent lamp ഉണ്ടാക്കുന്നതിനുള്ള ഒരു മെഷീനറി 12,740 രൂപ കൊടുത്തു വാങ്ങിയിട്ടു് അതും ഉപയോഗപ്പെടുത്തിയിട്ടില്ല. ഫ്രൂട്ട് പ്രിസർവേഷൻ യൂണിററിനാവശ്യമായ ഒരു യന്ത്രം 36,158 രൂപ ചെലവാക്കി വാങ്ങിക്കുകയുണ്ടായി. അതും ഇതുവരെയായിട്ടും ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ല. ലെതർ ടാനിംഗിനുവേണ്ടി ഒരു യന്ത്രം വരുത്തിയതും ഇപ്പോൾ കുഴപ്പത്തിൽ കിടക്കുകയാണ്. ഇങ്ങനെ ഏതു വ്യവസായം എടുത്തുനോക്കിയാലും എല്ലാം കുഴപ്പത്തിലാണെന്നു് മനസ്സിലാക്കാൻ സാധിക്കും. ഒരു പദ്ധതി ആവിഷ്ക്കരിച്ചു് നടപ്പിലാക്കണമെന്നു് തീരുമാനിച്ചാൽ, ആ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി അംഗീകാരം കൊടുത്തുകഴിഞ്ഞാൽ, ആ വ്യവസായം നടത്തുന്നതിനാവശ്യമായ മെഷീനറി വരുത്തിക്കഴിഞ്ഞാൽ അതു് പ്രയോഗത്തിൽ കൊണ്ടുവരാതെയിരിക്കുന്നതുകൊണ്ടു് വളരെയധികം നഷ്ടമാണ് ഈ രംഗത്തുണ്ടാകുന്നതു്. ഇന്നലെത്തന്നെ ഇവിടെ ഒരു ചോദ്യത്തിനുത്തരമായി വ്യവസായവകുപ്പുമന്ത്രി പറയുകയുണ്ടായി. തിരുവനന്തപുരത്തുള്ള റബ്ബർ ഫാക്ററിയിലെ ആവശ്യത്തിനുവേണ്ടി 25 ലക്ഷം രൂപയുള്ള ഒരു മെഷീനറി വരുത്തിയിട്ടു് അതു് ഉപയോഗപ്പെടുത്തിയിട്ടില്ലെന്നു്. ഈ രാജ്യത്തു് ജനങ്ങൾ വേദന അനുഭവിച്ചുകൊണ്ടു് ഗവണ്മെൻറിലേയ്ക്കു തരുന്ന പണം, ശരിയായ രീതിയിൽ, ജനക്ഷേമകരമായ രീതിയിൽ, ജനങ്ങളുടെ അഭിലാഷത്തിനും, അഭിവൃദ്ധിക്കുംവേണ്ടി ചെലവഴിക്കാതെ ഇങ്ങനെ ദുരുപയോഗപ്പെടുത്തുന്നതു്, ഈ ഗവണ്മെൻറു് ഈ രാജ്യത്തെ ജനങ്ങളോടു ചെയ്യുന്ന ഗുരുതരമായ ഹീനമായ വഞ്ചനയാണെന്നാണ് എനിക്കു് പറയുവാനുള്ളതു്. ഈ രാജ്യത്തെ തൊഴിലാളികൾ വ്യവസായവൽക്കരണം നടത്തണമെന്നു് ആഗ്രഹിക്കുമ്പോൾ, ഈ രാജ്യത്തുള്ള വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടണമെന്നു് ആഗ്രഹിക്കുമ്പോൾ ഈ ഗവണ്മെൻറു് ഉള്ള വ്യവസായങ്ങളെത്തന്നെ നശിപ്പിക്കത്തക്ക രീതിയിലുള്ള ഒരു നയം ആവിഷ്ക്കരിക്കുന്നതു് ശരിയല്ല, നല്ലതല്ല, നീതിയല്ല എന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. എൻെറ സ്നേഹിതൻ ശ്രീ. ആൻറണി ഡിക്രൂസ് ഇവിടെ പറയുകയുണ്ടായി, ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ ഇപ്പോൾ അസംതൃപ്തരാണെന്നു്. അതു് ശരിയാണ്. ഒരുപക്ഷേ എല്ലാ ഉദ്യോഗസ്ഥന്മാരേയും തൃപ്തിയാക്കാൻ സാധിക്കുകയില്ലെന്നുള്ളതും ശരിയാണ്. വ്യവസായവകുപ്പു കാര്യക്ഷമമായി പ്രവർത്തിക്കണമെങ്കിൽ, അതിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർ സംതൃപ്തരായിരിക്കണം. ഉദ്യോഗസ്ഥന്മാർ സംതൃപ്തരായിരുന്നാൽമാത്രം പോരാ, അവിടെയുള്ള ഉദ്യോഗസ്ഥന്മാർ കുറെ കാര്യവിവരമുള്ളവരും, വ്യവസായങ്ങൾ നടത്തുന്നതിൽ കഴിവുള്ളവരും, വ്യവസായങ്ങൾ ആവിഷ്ക്കരിക്കാൻ കഴിവുള്ളവരും, അതു് നടപ്പിൽ വരുത്താൻ കഴിവുള്ളവരും ആയിരിക്കണം. ഇത്തരത്തിലുള്ള ഉദ്യോഗസ്ഥന്മാരെ വാർത്തെടുത്തു് വ്യവസായവകുപ്പിൽ നിയമിക്കുന്നതിനു പകരം അവരുടെ ഇടയിൽ ഒരു ശീതസമരം ഉണ്ടാക്കുന്നതു് ശരിയാണോ? വ്യവസായവികസന കാർപ്പൊറേഷൻെറയോ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ സെക്രട്ടറിയുടേയോ, വ്യവസായ ഡയറക്ടറുടെയോ അഭിപ്രായങ്ങളോട് യോജിച്ച് ഒരു ഏകീകരണ ബുദ്ധിയോടുകൂടി പ്രവർത്തിക്കാതെയുള്ള ഒരു നിലപാടാണ് ഇന്ന് ഉദ്യോഗസ്ഥന്മാരുടെ ഇടയിലുള്ളത്. വ്യവസായവൽക്കരണത്തിൽ ഇങ്ങനെയുള്ള ഒരു മനഃസ്ഥിതിയാണ് തുടർന്നുകൊണ്ടു പോകുന്നതെങ്കിൽ അത് ഒരിക്കലും സാധിക്കാൻ പോകുന്നില്ല. ഇവിടെ ഏതു തരത്തിലുള്ള വ്യവസായവൽക്കരണമാണ് നടപ്പിൽ വരുത്തേണ്ടതെന്നു തീരുമാനിക്കുന്നതിനുള്ള കാലം വളരെ അതിക്രമിച്ചിരിക്കുകയാണ്.

ഈ രാജ്യത്തുള്ള വ്യവസായ ശാലകളിൽ—ഗവണ്മെന്റുടമയിലുള്ളതിൽ—തൊഴിലാളികളേയും ഉദ്യോഗസ്ഥന്മാരേയും നിയമിക്കുന്നത് ഏതു തത്വം ആവിഷ്ക്കരിച്ചാണെന്ന് മനസ്സിലാകുന്നില്ല. എന്റെ ഓർമ്മ ശരിയാണെങ്കിൽ മുൻകാലങ്ങളിൽ ഗവണ്മെന്റ് നേരിട്ടു നടത്തുന്ന വ്യവസായ സ്ഥാപനങ്ങളിലും പ്രൈവററ് ഉടമയിൽ നടത്തുന്ന വ്യവസായ സ്ഥാപനങ്ങളിലും സാധാരണയുള്ള നിയമനങ്ങൾ എംപ്ലായ്മെന്റ് എക്സ്ചേഞ്ചുവഴി നടത്തുന്നതിനും, നിലവിലുള്ള സംവരണവ്യവസ്ഥ നടപ്പിലാക്കാനുമുള്ള നിർദ്ദേശം കൊടുത്തിരുന്നുവെന്നാണ്. എങ്കിൽ ആ നിലയിലുള്ള നിയമനങ്ങളാണോ ഇന്ന് നടക്കുന്നത്? സ്വന്തക്കാരേയും, സ്വന്തം പാർട്ടിയിൽപ്പെട്ടവരേയും ഈ ഡിപ്പാർട്ടുമെന്റിൽ നിറയ്ക്കുന്നതിനുള്ള ശുപാർശകളാണ് ഇന്ന് കൊടുക്കുന്നത്. അതേസമയത്ത് ഈ രാജ്യത്ത് വ്യവസായരംഗത്ത് സാങ്കേതികമായ വിജ്ഞാനമുള്ള മററു സമുദായത്തിൽപ്പെട്ടവരെ പ്രവേശിപ്പിക്കുന്നതും ഇല്ല. ഈ രീതി മാററിയിട്ട് എല്ലാവർക്കും തുല്യത കിട്ടുന്നതിനുള്ള ഒരു സമീപന രീതി കൈക്കൊള്ളേണ്ടതാണ്.

സർ, അടുത്തതായി എനിക്ക് പറയുവാനുള്ളത് നമ്മുടെ രാജ്യത്ത് വ്യവസായങ്ങൾ കേന്ദ്രീകരിക്കുന്നതിനെപ്പററിയാണ്. ഇന്ന് അധികം വ്യവസായങ്ങളും കേന്ദ്രീകരിച്ചിരിക്കുന്നത് പാലക്കാട്ട് ജില്ലയിലും, ആലുവായിലുമാണ്. മുമ്പൊരിക്കൽ വ്യവസായവകുപ്പുമന്ത്രി പറയുകയുണ്ടായി, ഓരോ നിയോജകമണ്ഡലത്തിലും ഓരോ വ്യവസായങ്ങൾ ആരംഭിക്കുന്നതിനെപ്പററി ആലോചിക്കാമെന്ന്. പക്ഷെ അതിനെപ്പററി പിന്നീടൊന്നും കേൾക്കാനില്ല. വ്യവസായപരമായി ഒരു കാരണവശാലും തിരിഞ്ഞുനോക്കാത്ത സ്ഥലങ്ങൾ നമ്മുടെ സ്റ്റേററിലുണ്ട്. പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ടുമെന്റായാലും ശരി, അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റായാലും ശരി, വ്യവസായ ഡിപ്പാർട്ടുമെന്റായാലും ശരി, ഏതു വികസന പദ്ധതികൾ ഈ രാജ്യത്തുണ്ടായാലും ശരി, അവയിലൊന്നും തന്നെ നടപ്പിലാക്കാതെ ഒഴിവാക്കപ്പെട്ടിരിക്കുന്ന ചില പ്രദേശങ്ങൾ നമ്മുടെ നാട്ടിലുണ്ട്. ഉദാഹരണമായി കോഴിക്കോട്ടും, കണ്ണൂരും ഈ വിധത്തിലുള്ള വികസന പ്രവർത്തനങ്ങളൊന്നും നടപ്പിലാക്കിയിട്ടില്ല. എല്ലാ പ്രദേശങ്ങളേയും ഒരേപോലെ കണക്കിലെടുത്ത് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയാൽ മാത്രമേ ഈ രാജ്യത്ത് പുരോഗതിയുണ്ടാകുകയുള്ളു. വികസന പ്രവർത്തനങ്ങളിൽ മുന്നാക്കം നില്ക്കുന്ന പ്രദേശങ്ങളോടൊപ്പം പിന്നാക്കം നില്ക്കുന്ന പ്രദേശങ്ങളേയും കൊണ്ടുവരുന്നതിനുള്ള നടപടികൾ ആസൂത്രണം ചെയ്യേണ്ടതാണ്. എന്നാൽ ഈ ഡിമാൻഡിൽ അതിനാവശ്യമായ തുകകൾ ഉൾക്കൊള്ളിക്കുകയോ, അതിനുള്ള ശ്രമങ്ങൾ നടത്തുന്നതിനുപോലും പരിശ്രമിക്കുകയോ ചെയ്തിട്ടില്ല. അതുകൊണ്ട് ഞാൻ ഈ ഡിമാൻഡിനെ എതിർക്കുന്നു.

<u>ശ്രീ. ടി. ഒ. ബാവ:</u> സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുകയാണ്. നമ്മുടെ രാജ്യത്ത് വ്യാവസായികമായ അന്തരീക്ഷം വളർന്നുവരുന്നതു കാണാൻ കഴിവില്ലാത്ത എന്റെ സ്നേഹിതന്മാർ വസ്തുതകൾ മനസ്സിലാക്കിയിട്ടും മനസ്സിലാക്കാതെ പ്രസംഗിക്കുന്നതിൽ എനിക്കു ഖേദമുണ്ട്. നമ്മുടെ രാജ്യത്തിന്റെ ഇന്നത്തെ സ്ഥിതിവച്ചുനോക്കിയാൽ കഴിഞ്ഞകാലത്തുണ്ടാകാത്ത പുരോഗതി വ്യവസായമണ്ഡലത്തിൽ കാണാൻ സാധിക്കും. ഒന്നും രണ്ടും പഞ്ചവത്സരപദ്ധതികാലത്ത് ലഭിച്ചതിനേക്കാൾ എത്രയോ ഇരട്ടി സംഖ്യ കേന്ദ്രമേഖലയിലും അതുപോലെതന്നെ സംസ്ഥാനമേഖലയിലും സ്വകാര്യമേഖലയിലും ഈ രാജ്യത്തു വ്യവസായ മുതൽമുടക്കുണ്ടായിട്ടുണ്ടെന്നും അതിപ്പോൾ നടന്നുവരികയാണെന്നുമുള്ള കാര്യം സംശയമററ സംഗതിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. ഓ. ബാവ]

അടുത്ത പത്തുകൊല്ലത്തിനകം 200 കോടി രൂപ വ്യാവസായികരംഗത്തു് മുതൽമുടക്കണമെന്ന ഡാക്ടർ പി. എസ്സ്. ലോകനാഥന്റെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടു്. എന്നാൽ കഴിഞ്ഞ നാലുകൊല്ലത്തിനകം ഏതാണ്ടു് എഴുപതു കോടിരൂപയോളം സെൻട്രൽ സെക്ടറിൽ വ്യവസായത്തിനുവേണ്ടി മുതൽ മുടക്കാൻ തീരുമാനിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നതായി നമുക്കു് കാണാൻ സാധിക്കും. അതുപോലെതന്നെ സ്വകാര്യമേഖലയിൽ 10, 35 കോടി രൂപയുടെ മുതൽ മുടക്കുള്ള വ്യവസായങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അതിൽ ചിലതു് പ്രവർത്തനത്തിൽതന്നെ വന്നിട്ടുണ്ടെന്നും കാണാൻ സാധിക്കുന്നതാണു്. ഈവക കാര്യങ്ങളൊന്നുംതന്നെ മറുഭാഗത്തുള്ള എന്റെ സ്നേഹിതന്മാർ കാണാതിരിക്കുന്നതു് എന്തു ഉദ്ദേശത്തോടുകൂടിയാണെന്നുള്ളതു് എല്ലാവർക്കുമറിയാം. അതായതു് ഒരു വ്യവസായം, പത്തോ പതിനഞ്ചോ കോടിരൂപ മുതൽമുടക്കി വരേണ്ട ഒരു വ്യവസായം അഞ്ചെട്ടുമാസംകൊണ്ടു് പൂർത്തീകരിച്ചു് എല്ലാം തന്നെ സാധിക്കുകയില്ലെന്നുള്ള വസ്തുതയറിയാൻ പാടില്ലാത്തതുകൊണ്ടല്ല. ഒരു കുട്ടിയെ പ്രസവിക്കണമെങ്കിൽ എട്ടു പത്തു മാസം വേണം. അതിനുമുൻപേതന്നെ അതിമോഹംകൊണ്ടു് അല്ലെങ്കിൽ ആഗ്രഹം കൊണ്ടു് ഭാര്യയോടു് നീ ഇപ്പോൾതന്നെ പ്രസവിക്കാൻ നോക്കിയാൽ ഭാര്യയും മരിച്ചുപോകും, കുട്ടിയും ഉണ്ടാകുകയില്ല, അതാണു് നമ്മുടെ രാജ്യത്തിലെ പ്രതിപക്ഷത്തുള്ള എന്റെ സ്നേഹിതന്മാർ സ്വീകരിച്ചിട്ടുള്ള സമീപനരീതി. ഈ രാജ്യത്തും വളരെയധികം വ്യവസായസ്ഥാപനങ്ങൾ ഉയർന്നുവന്നിട്ടുള്ളതായും ഇന്നു് അതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നതായും നമുക്കു് കാണാൻ സാധിക്കും. എന്നാൽ ഒരു കാര്യവും വേണ്ടവിധത്തിൽ നടക്കുന്നില്ലെന്നാണു് പ്രതിപക്ഷം പറയുന്നതു്. ഏതാണ്ടു് ഘടനാപരമായ മാററം തന്നെ വ്യവസായനയത്തെ സംബന്ധിച്ചിടത്തോളം ഈ സർക്കാർ കൈകാര്യം ചെയ്തിട്ടുണ്ടെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കഴിഞ്ഞകാലങ്ങളിൽ, യാതൊരു പ്ലാനും പരിപാടിയുമില്ലാതെ എവിടെയെങ്കിലും എങ്ങനെയെങ്കിലും വ്യവസായങ്ങൾ കൊണ്ടുവരാമെന്നുള്ള ആഗ്രഹത്തിൽ ചില വ്യവസായങ്ങൾ അവിടവിടെയായി ഉണ്ടായി. എന്നാൽ അതിനെത്തുടർന്നുമററു വ്യവസായങ്ങൾ ഉണ്ടാക്കാനോ, അതിനെ ആശ്രയിച്ചു് ചെറിയ വ്യവസായങ്ങൾ ഉടലെടുക്കാനോ സാധിച്ചിരുന്നില്ല. ഇന്നത്തെ സ്ഥിതി അതിൽനിന്നെല്ലാം വളരെ വ്യത്യസ്തമാണു്. ഈ രാജ്യത്തു് പല ഘനവ്യവസായങ്ങളും സ്ഥാപിക്കണമെന്നു തീരുമാനിച്ചു. ആയിൽറിഫൈനറി, എച്ചു്. എം. ററി., ഷിപ്പു്ബിൽഡിംഗ് യാഡു് മുതലായ സ്ഥാപനങ്ങൾ ഇവിടെ വരുകയും അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിരിക്കുന്നു. അതിനെ ആശ്രയിച്ചുകൊണ്ടു് വേണ്ടത്ര ചെറുകിടവ്യവസായങ്ങൾ അല്ലെങ്കിൽ ഇടത്തരം വ്യവസായങ്ങൾ വളർന്നുവരുമെന്നുള്ളകാര്യംകൂടി എന്റെ സ്നേഹിതന്മാർ ആലോചിക്കുന്നില്ല. 10, 15 കോടി രൂപ മൂലധനംമുടക്കി വലിയ വ്യവസായശാലകൾ ഉയർന്നുവരുന്നതോടുകൂടി അതിനെ ആശ്രയിച്ചു് ചെറിയതോതിലുള്ള ചെറുകിട വ്യവസായങ്ങൾകൂടി ഈ രാജ്യത്തു് ഉടലെടുക്കുമെന്നും ലക്ഷക്കണക്കിനു് ആളുകൾക്കു് തൊഴിൽ ചെയ്തു ജീവിക്കാനുള്ള ഒരു അവസരം ഉണ്ടാകുമെന്നുള്ള കാര്യംകൂടി ഞാനീ അവസരത്തിൽ എന്റെ സ്നേഹിതന്മാരെ ഓർമ്മിപ്പിക്കുകയാണു്, പൊതുമേഖലയുടെ വികസനത്തിനനുസരിച്ചു് സ്വകാര്യമേഖലയിലെ ആളുകൾ ചെറിയ ചെറിയ വ്യവസായങ്ങളിൽ വ്യാപൃതരാകുമെന്നുള്ള വസ്തുത വളരെ വ്യക്തമാണു്. അങ്ങനെയുള്ള ഒരു മാററം ഈ രാജ്യത്തുവന്നിട്ടുണ്ടു്. മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഇൻഡ്യയിൽ കേന്ദ്രമേഖലയിൽ 1250 കോടി രൂപ പ്ലാനനുസരിച്ചു് മുടക്കാൻ നിശ്ചയിച്ചിട്ടുണ്ടു്. അതിൽ പത്തെഴുനൂറു കോടി രൂപയുടെ അടിസ്ഥാന ഘനവ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സ്ഥലനിർണ്ണയം പല സംസ്ഥാനങ്ങളിലും ചെയ്തു. അതിന്റെ പ്രവർത്തനം നടന്നുവരികയും ചെയ്യുകയാണു്. അതിൽ നമ്മുടെ സംസ്ഥാനത്തുമാത്രം 70 കോടി രൂപയുടെ മുതൽമുടക്കു് കേന്ദ്രമേഖലയിലുണ്ടായിട്ടുണ്ടു്. ഇൻഡ്യയിലെ മൊത്ത ജനസംഖ്യ എടുത്തുനോക്കിയാൽ നമ്മുടെ സംസ്ഥാനത്തെ ജനസംഖ്യയുടെ തോതനുസരിച്ചു ഈ മുതൽമുടക്കു അധികമാണെന്നു കാണാൻപ്രയാസമില്ല. മുതൽമുടക്കിന്റെ പത്തുശതമാനമാണ കേരളത്തിൽ കേന്ദ്രമേഖലയിൽ ഉണ്ടായിട്ടുള്ളതു

എന്നാൽ ഒന്നും രണ്ടും പദ്ധതിയിൽ നാം വളരെ പിന്നിലായിരുന്നു. ഇപ്പോഴും പൂർണ്ണമായി ആക്കുറവു പരിഹരിച്ചിട്ടില്ലെങ്കിലും അഭിവൃദ്ധിയുണ്ടായിട്ടുണ്ട്. ഈ വസ്തുതകൾ അറിഞ്ഞിരുന്നിട്ടും സർക്കാർ വ്യാവസായികമായി ഒന്നും ചെയ്തിട്ടില്ലെന്നു ആക്ഷേപിക്കുന്നതു പ്രതിപക്ഷത്തിനു ഭൂഷണമല്ല. എത്രയോ സ്ഥാപനങ്ങൾ നമ്മുടെ കേരളത്തിൽതന്നെ ഇന്നു ആരംഭിച്ചിട്ടുണ്ട്. അതിന്റെ പേരു് ഓരോന്നായി എടുത്തു് പറയുവാൻ ഞാനാഗ്രഹിക്കുന്നില്ല. ഏതായാലും ഇവിടെ ആരംഭിച്ചിട്ടുള്ള പല സ്ഥാപനങ്ങളിലും ഇന്നുവളരെയധികം പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നുള്ളതു് സമ്മതിക്കാതെ നിർവ്വാഹമില്ല. പക്ഷേ ഒരു കാര്യം പ്രതിപക്ഷത്തുള്ള എന്റെ സ്നേഹിതന്മാരോടും മററു രാഷ്ട്രീയ കക്ഷികളിലെ നേതാക്കന്മാരോടും എനിക്കു് അപേക്ഷിക്കുവാനുണ്ട്. നമ്മുടെ സംസ്ഥാനത്തു് മൂലധനം മുടക്കാനുള്ള ആളുകളും സ്ഥാപനങ്ങളും വളരെ കുറവാണു്. വിദേശത്തുനിന്നോ സംസ്ഥാനത്തിനുവെളിയിൽനിന്നോ മൂലധനം മുടക്കാൻ കഴിവുള്ളവരും അതുപോലെതന്നെ സാങ്കേതികമായ പരിജ്ഞാനമുള്ള ആളുകളും സ്ഥാപനങ്ങളും വരേണ്ടതായിട്ടുണ്ട്. അവരെ ക്ഷണിച്ചുവരുത്തി നമ്മുടെ സംസ്ഥാനത്തു് വ്യവസായം സ്ഥാപിക്കുകയാണ് അധികവും എന്നു കാണാൻ കഴിയും. എന്നാൽ ഇപ്പോൾ വെളിയിൽ നിന്നും വ്യവസായം തുടങ്ങുന്നതിനെക്കുറിച്ച് ആലോചിക്കാൻ ആളുകളെ ക്ഷണിച്ചുവരുത്തുന്നവർ സെക്രട്ടറിയേററു പടിക്കലെത്തിയാൽ അവർക്കു് ഭയം തോന്നുന്ന സ്ഥിതിയാണുള്ളതു്. എന്നും ഘെ ഹളവും സത്യാഗ്രഹവും എല്ലാ കക്ഷികളും ഈ ഏർപ്പാടൊന്നു് അവസാനിപ്പിക്കാൻ ശ്രമിക്കണം. വ്യവസായങ്ങൾ കൂടുതൽ വളരണം എന്നു് ആത്മാർത്ഥമായി വിചാരമില്ലാത്ത രാഷ്ട്രീയകക്ഷികൾ, സെക്രട്ടറിയേററു നടയിൽ കുത്തിയിരിപ്പു സത്യാഗ്രഹം നടത്തുന്നതും ഷെഡുകൾ കെട്ടുന്ന ഏർപ്പാടും നിറുത്തിവച്ചില്ലെങ്കിൽ ഇവിടെ വന്നു കൂടിയാലോചന നടത്തി വ്യവസായങ്ങൾ സ്ഥാപിക്കണമെന്നു് ആഗ്രഹമുള്ള ആളുകൾ പോലും ഇതു കാണുമ്പോൾ തിരിച്ചു പോകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ദിവസം കഴിയും തോറും ഓരോ പ്രശ്നങ്ങളുമായി കൂടുതൽ ആളുകളെ കൊണ്ടുവന്നിരുത്തുകയാണു് ചെയ്യുന്നതു്. അവിടെ വ്യവസായങ്ങൾ തുടങ്ങാൻ വേണ്ടി വരുന്ന ആളുകളെ പേടിപ്പിച്ചുവിടുന്ന ഈ സമ്പ്രദായം ഒന്നു് അവസാനിപ്പിക്കണമെന്നു് ഞാൻ വിനയപൂർവ്വം അപേക്ഷിക്കുകയാണു്. അങ്ങനെ നമ്മുടെ വ്യവസായനയത്തിൽ വളരെ വ്യക്തമായ ഒരു പുരോഗതി നമുക്കു് കാണാൻ കഴിയുന്നുവെങ്കിൽ ആ പുരോഗതിക്കനുസരിച്ചു് അതിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാനുള്ള സഹകരണം പ്രതിപക്ഷത്തുനിന്നു് നൽകണമെന്നു് ഞാൻ അപേക്ഷിക്കുകയാണു്. ചെറുകിട വ്യവസായങ്ങളെപ്പററി ഒരു കാര്യം കൂടി പറഞ്ഞു് എന്റെ വാക്കുകൾ അവസാനിപ്പിക്കാം. നമ്മുടെ കൈത്തറി വ്യവസായത്തെക്കുറിച്ചാണു് എനിക്കു് പറയാനുള്ളതു്. അപ്പക്സ് സൊസൈററികളുടെ ഷെയർ ക്യാപ്പിററൽ വർദ്ധിപ്പിക്കാൻ വേണ്ടി കേരളാ കൈത്തറി സഹകരണസംഘം തീരുമാനിച്ചു. അതനുസരിച്ചു് സർക്കാർ ഷെയർ കൂടുതൽ എടുക്കുകയും ചെയ്തിട്ടുണ്ട്. സഹകരണ ഡിപ്പാർട്ടുമെന്റിന്റെ നിസ്സഹകരണം മൂലം അതു വേണ്ടത്ര പൂർത്തിയാക്കാൻ സാധിക്കാത്ത ഒരു അവസ്ഥ ഇന്നു വന്നിട്ടുണ്ട്. ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള സഹകരണമില്ലായ്മ കൊണ്ടു് സർക്കാർ ഉദ്ദേശിക്കുന്ന രൂപത്തിൽ അതു വിജയപ്രദമാകുന്നില്ലെന്നുള്ള കാര്യം ഞാൻ ഈ അവസരത്തിൽ അനുസ്മരിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഷെയർ ക്യാപ്പിററൽ തോതനുസരിച്ചു് റിസർവ്വ്ബാങ്കിൽ നിന്നു് ലോണായി ലഭിക്കേണ്ട 35 ലക്ഷം രൂപ കേരള ഹാൻഡലൂം വീവേഴ്സ് കോവാപ്പറേറീവ് സൊസൈററിക്കു കിട്ടാത്തതു കോവാപ്പറേററീവ് രജിസ്ട്രാർ ആ സംഘത്തിനു് ആഡിററ് സർട്ടിഫിക്കററ് നൽകാത്തതുകൊണ്ടാണു്. ഏതാണ്ട് ആറേഴുമാസക്കാലമായി ബാക്കി എല്ലാ നടപടികളും പൂർത്തിയാക്കിവച്ചിട്ടും ഈ ആഡിററ് സർട്ടിഫിക്കററ് നൽകാത്തതുകൊണ്ടാണു് ഈ 35 ലക്ഷത്തോളം രൂപ ഈ സംഘത്തിനു ലഭിക്കാത്തതു്. അതു് കോവാപ്പറേറീവ് ഡിപ്പാർട്ടുമെന്റിന്റെ നിസ്സഹകരണനയം അല്ലെങ്കിൽ ചിററമ്മനയം കൊണ്ടല്ലേ നൽകാത്തതെന്നു ഞാൻ ചോദിക്കുകയാണു്? ആ സമീപനത്തിനു് ഒരു മാററം വരുത്താൻ നിർബന്ധപൂർവ്വം സർക്കാർ വേണ്ട നടപടി സ്വീകരിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. രാഘവൻ നായർ: വ്യവസായവകുപ്പിലേക്കുള്ള ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്. ഈ ഗവൺമെൻറിൻെറ വ്യവസായനയത്തെ സംബന്ധിച്ചിടത്തോളം വളരെയധികം പരിതാപകരമായ ഒരു പരിതസ്ഥിതി ഇന്നു ഈ സംസ്ഥാനത്തു സംജാതമായിട്ടുണ്ട്. പൊതുമേഖലയിലുള്ള വ്യവസായങ്ങൾ നിർത്തലാക്കി പൊതുമേഖലയുടെ വ്യാപ്തി ചുരുക്കി സ്വകാര്യമേഖലയെ വികസിപ്പിക്കുന്ന ഒരു പരിതസ്ഥിതിയിലാണ് ഇന്നു ഗവൺമെൻറ് ഏർപ്പെട്ടിട്ടുള്ളതു്. ഈ സ്റ്റേററിൽതന്നെയും ഗവൺമെൻറുടമസ്ഥതയിലുണ്ടായിരുന്ന പത്തോളം വ്യവസായശാലകൾ അഞ്ചു ജായിൻറുസ്റ്റാക്ക് കമ്പനികളാക്കിമാററി പുതുതായി രജിസ്റ്റർചെയ്തു പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. ഇതിൻെറ ഫലമായി ബഡ്ജററിലുള്ള കണക്കുകളെ സംബന്ധിച്ചിടത്തോളം കുറേയധികം മാററമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട് എന്നുള്ളതു് ശരിയാണ്. കഴിഞ്ഞകൊല്ലത്തിലാണെങ്കിൽ റവന്യൂഅക്കൗണ്ടിൽ 306 ലക്ഷം രൂപ ചെലവു കാണിച്ചിരുന്ന വ്യവസായവകുപ്പിനു് ഈ കൊല്ലത്തിൽ 118 ലക്ഷം രൂപയാക്കി അതു ചുരുക്കികാണിക്കാൻ സാധിച്ചിട്ടുണ്ട്. പക്ഷേ അതേസമയത്തുതന്നെ ഗ്രാൻറും ലോണുമെന്നുള്ള ഇനങ്ങളിൽ അല്ലെങ്കിൽ വ്യവസായ കാർപ്പറേഷനുകൾക്കു് സഹായമായി കൊടുക്കുന്ന ഇനത്തില്. ഈ തുകകൾ ലക്ഷക്കണക്കിനു് മാററിച്ചേർത്തിരിക്കുകയാണ്. അങ്ങിനെ അക്കങ്ങളെകൊണ്ടുള്ള ഒരു കസർത്തുകളി എന്നല്ലാതെ അതിൽ കൂടുതലുള്ള യാതൊരു നേട്ടങ്ങളും ഇതിലുണ്ടായിട്ടുണ്ടെന്നുള്ള അഭിപ്രായം എനിക്കില്ല. കോഴിക്കോട്ടുണ്ടായിരുന്ന മൂന്നു വ്യവസായശാലകളും തിരുവനന്തപുരത്തുള്ള ഷാർക്ക്ലിവർ ആയിൽ ഫാക്ടറിയുംകൂടി കൂട്ടിച്ചേർത്തു് ഒരു ജായിൻറു് സ്റ്റാക്ക് കമ്പനിയായി രജിസ്റ്റർചെയ്തു പുതിയതായി കുറെ ആളുകളെ കടത്തിവിടാനുള്ള ഒരു പരിപാടി ഗവൺമെൻറ് ഇപ്പോൾ ആസൂത്രണം ചെയ്തിരിക്കുകയാണ് ഈ കാമേഴ്സ്യൽ കൺസേൺസുകളെ സംബന്ധിച്ചിടത്തോളം വ്യക്തമായ അന്വേഷണം നടത്തി ഒരു റിപ്പോർട്ടു സമർപ്പിക്കാൻവേണ്ടി കെ. ആർ. കെ. മേനോൻ ചെയർമാനായുള്ള ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ടായിരുന്നു. ആ കമ്മിററി ഈ വ്യവസായശാലകളുടെ നടത്തിപ്പിനെ സംബന്ധിച്ചിടത്തോളമുള്ള പോരായ്മകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടായിരുന്നു. മാനേജുമെൻറ് ടെക്നിക്ക്സ് അറിയാത്തവരാണ് ഈ ഫാക്ടറികളുടെ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നവരെന്നും അതിനൊരു മാററമുണ്ടാക്കണമെന്നും ആ കമ്മിററി ശുപാർശ ചെയ്തിട്ടുണ്ടായിരുന്നു, ആ ശുപാർശ ഒന്നുംതന്നെ ഗവൺമെൻറ് കണക്കിലെടുത്തിട്ടില്ല, അതേസമയത്തു് ഗവൺമെൻറ് ഉടമസ്ഥതയിൽ നടത്തുന്ന ഫാക്ടറികൾ ജായിൻറ്സ്റ്റാക്ക് കമ്പനികളാക്കി മാററിയാൽ നഷ്ടം പരിഹരിക്കാനും ലാഭം കൂടുതലുണ്ടാക്കാനും കഴിയുമെന്നുള്ള വിശ്വാസത്തിൽ പ്രവൃത്തിക്കുകയാണ് ഗവൺമെൻറ്. ഈ നഷ്ടമെല്ലാം പരിഹരിച്ച് ലാഭമുണ്ടാക്കാൻ കഴിയുമെന്നുള്ള ധാരണയെപ്പററി ഞാൻ ചോദിക്കുകയാണ്, മുൻപത്തെ ബോർഡ് ആഫ് മാനേജുമെൻറിനെ വച്ചുകൊണ്ടു്, അതിൽ മാററങ്ങളൊന്നും വരുത്താതെ, ജായിൻറുസ്റ്റാക്ക് കമ്പനികളായി മാററുകയാണെങ്കിൽ ലാഭമുണ്ടാക്കാനുള്ള സാഹചര്യം എവിടെനിന്നാണ് ഉണ്ടാകുന്നതു്? വ്യവസായശാലകളെ സംബന്ധിച്ചിടത്തോളം പുതിയതായി മെഷീനറികൾ വാങ്ങേണ്ടിയിരിക്കുന്നു. ഉദാഹരണമായി കോഴിക്കോട്ടെ സോപ്പു ഇൻസ്റ്റിററ്യൂട്ടിനു് ഒരു മസോണി പ്ലാൻറ് സ്ഥാപിക്കേണ്ടിയിരിക്കുന്നു. അപ്പോൾ പുതിയ യന്ത്രങ്ങൾ വാങ്ങാതെ ഈ പഴയ മെഷിനറി വച്ചുതന്നെ പ്രവർത്തനം നടത്തുകയാണെങ്കിൽ തീർച്ചയായും ലാഭം ഉണ്ടാകാൻപോകുന്നില്ല. തന്നെയുമല്ല, ലാഭമുണ്ടാക്കാൻവേണ്ടിയുള്ള മാർഗ്ഗങ്ങൾ വളരെ എളുപ്പമായവപോലും ഗവൺമെൻറ് സ്വീകരിക്കാൻ തയ്യാറില്ല. ഹൈഡ്രജനേഷൻ ഫാക്ടറിയാണെങ്കിൽ അതു വളരെയധികം നഷ്ടത്തോടുകൂടി നടത്തുന്ന ഒരു ഫാക്ടറിയാണ്. അതു ലാഭകരമായി നടത്തത്തക്കവിധത്തിൽ ബൈപ്രോഡക്റ്റ്സു ഉണ്ടാക്കാൻ വേണ്ടിയിട്ടു തൊഴിലാളി യൂണിയൻ സമർപ്പിച്ച നിർദ്ദേശം ഗവൺമെൻറ് കണക്കിലെടുത്തില്ല. അതേസമയത്തു ലാഭത്തോടുകൂടി നടത്തിയിട്ടുള്ള കേരള സോപ്പു ഫാക്ടറി, കഴിഞ്ഞ 14 കൊല്ലമായി

LIBRARY ARCHIVES Kerala Legislative Assembly

ലാഭമുണ്ടാക്കിയിട്ടുള്ള ആ ഫാക്ടറി 1961–62–ൽ നഷ്ടത്തിൽ അവസാനിച്ചിരിക്കുകയാണ്. എന്നിട്ടും ഗവണ്മെന്റ് ആ നഷ്ടത്തിനു ഉത്തരവാദിയായ ആളുകളെയെല്ലാംതന്നെ കൂട്ടിച്ചേർത്തുകൊണ്ട് പുതിയ ഒരു മാനേജ്മെന്റു ബോർഡു ഉണ്ടാക്കിയിരിക്കുന്നു. ചില മാററങ്ങൾ അതിനകത്തു വരുത്തിയിട്ടുണ്ട്. ഫിഷറീസ് ഡയറക്ടർ, ഹെൽത്ത് ഡയറക്ടർ തുടങ്ങിയുള്ള ചില ആളുകളെ മാനേജ്മെന്റു ബോർഡിൽ എടുത്തിട്ടുണ്ട്. ഇതിന്റെ ഫലമായി എങ്ങനെയാണ് ഈ വ്യവസായം അഭിവൃദ്ധിപ്പെടുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. സ്വകാര്യമേഖലക്കു കൂടുതൽ കൂടുതൽ വികസനം നൽകണമെന്നും പൊതുമേഖലയെ അവസാനിപ്പിക്കണമെന്നും അല്ലെങ്കിൽ ചുരുക്കിക്കൊണ്ടു വരണമെന്നുമുള്ള ലക്ഷ്യത്തെ മുൻനിറുത്തിക്കൊണ്ടാണ് കേരള ഗവണ്മെന്റു ഇങ്ങനെ പ്രവർത്തിച്ചിട്ടുള്ളതു എന്നാണ് എനിക്കു മനസ്സിലാക്കാൻ കഴിയുന്നതു്. കോഴിക്കോട്ടുതന്നെ ഉണ്ടായിരുന്ന മലബാർ സ്പിന്നിംഗ് ആൻഡ് വീവിംഗു മിൽസ് ഗവണ്മെന്റു ഉടമയിൽ കഴിഞ്ഞ നാലുകൊല്ലക്കാലമായി നടത്തിയിരുന്നപ്പോൾ ലക്ഷക്കണക്കിനു തുക ലാഭമുണ്ടായിരുന്നു. അതിനു മുമ്പെല്ലാംതന്നെ വളരെയധികം നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു മില്ലായിരുന്നു. ഇന്നു ഈ മില്ലുപോലും മുമ്പു നടത്തിയിരുന്ന സ്വകാര്യ ഏജൻസിയെ ഏൽപ്പിച്ചുകൊടുത്തിരിക്കുകയാണ്. ഇതിൽനിന്നും ഗവണ്മെന്റ് സ്വീകരിച്ചിരിക്കുന്ന നയം സ്വകാര്യവ്യവസായികളെ പ്രോത്സാഹിപ്പിക്കുകയെന്നുള്ളതാണ്. ഇൻഡ്യാ ഗവണ്മെന്റോ അല്ലെങ്കിൽ മററു സംസ്ഥാന ഗവണ്മെന്റുകളോ അംഗീകരിച്ചിട്ടുള്ള നയത്തിൽനിന്നു് വ്യത്യസ്ഥമായിട്ടുള്ള ഒരു നയമാണിതു്. ഈ നയം തുടർന്നുപോവുകയാണെങ്കിൽ ഇവിടത്തെ വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം കൂടുതൽ അഭിവൃദ്ധി ഉണ്ടാവുകയില്ല. തന്നെയുമല്ല ജോയിൻറുസ്റ്റാക്കു കമ്പനികളായി രജിസ്റ്റർ ചെയ്തതിന്റെ ഫലമായി ആ ഫാക്ടറികളിലുള്ള ജീവനക്കാരുടെ സ്ഥിതിയെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റ് വേണ്ടിടത്തോളം ആലോചിച്ചിട്ടില്ല. കോഴിക്കോട്ടുള്ള 3 ഫാക്ടറികളും ജോയിൻറുസ്റ്റോക്കു കമ്പനികളാക്കിയിട്ടുണ്ട്. അതിൽ ഉള്ളതായിരുന്ന ജീവനക്കാരെ സംബന്ധിച്ചിടത്തോളം മദിരാശി സർവ്വീസിൽനിന്നു് വന്നിട്ടുള്ള ജീവനക്കാരും അതായതു് പെൻഷനൽ സർവ്വീസ് ഉള്ള ആളുകളും, അതേ സമയത്തു് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിൽനിന്നു് നിയമിക്കപ്പെട്ടിട്ടുള്ള നോൺപെൻഷണബിൾ സർവ്വീസായിട്ടുള്ള ആളുകളും എല്ലാം ഒരേ സർവ്വീസിൽ ഇരിക്കുകയാണ്. ഇവരെ സംബന്ധിച്ചിടത്തോളം മുമ്പേ പെൻഷൻ സർവ്വീസിലുള്ള ആളുകൾക്കു അവരുടെ പെൻഷൻ ആനുകൂല്യങ്ങൾ തുടരാൻ സാധിക്കുമോ യെന്നു ഇതുവരെയും തീരുമാനിച്ചുകഴിഞ്ഞിട്ടില്ല. മററുള്ളവർക്കാണെങ്കിൽ പെൻഷന്റെസ്ഥാനത്തു് പ്രോവിഡൻറുഫണ്ടു മാത്രമേ കിട്ടുകയുള്ളു. ഇങ്ങനെ പൊരുത്തമില്ലാത്ത ഈ വിഭാഗം ജോലിക്കാരെ മുഴുവനുംതന്നെ ഒന്നാക്കി കൂട്ടിയിണക്കിയിരിക്കുകയാണ്. പെൻഷനബിൾ സർവ്വീസിലും നോൺപെൻഷനബിൾ സർവ്വീസിലും ഉള്ള ജീവനക്കാരുടെ സർവ്വീസ്, പ്രോവിഡൻറുഫണ്ട്, ഇ. എസ്സ്. ഐ. എന്നീ ആനുകൂല്യങ്ങളെ സംബന്ധിച്ചിടത്തോളമുള്ള വ്യക്തമായ നിലപാടു ഗവണ്മെന്റിനിയും വിശദീകരിച്ചിട്ടില്ല. ഇവിടത്തെ കേരള സോപ്പു ഫാക്ടറി ലാഭത്തിൽ നടന്നിരുന്നകാലത്തു് അതിലുള്ള വർക്കേഴ്സിനു 10 ശതമാനം ബോണസ്സു കൊടുക്കാൻ കഴിയുമായിരുന്നു. ഇന്നു് ലക്ഷക്കണക്കിനു രൂപ നഷ്ടംവന്നുകൊണ്ടിരിക്കുന്ന ഹൈഡ്രോജനേഷൻ ഫാക്ടറിയുമായി കൂട്ടിച്ചേർത്തതിന്റെ ഫലമായി മുമ്പു കൊടുത്തുകൊണ്ടിരുന്ന 10 ശതമാനം ബോണസ്സ് അവർക്കു മേലിൽ കൊടുക്കാൻ കഴിയുമോ എന്നുള്ള കാര്യത്തിൽ ഗവണ്മെന്റ് ഉറപ്പുകൊടുത്തിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുകയാണ്. 51 ശതമാനം ഷെയർ ഗവണ്മെന്റ് എടുക്കുന്നുണ്ട്. പക്ഷെ അതിന്റെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം പ്രൈവററ് മാനേജുമെന്റുകൾ ചെയ്തുകൊണ്ടിരിക്കുന്ന കാര്യക്ഷമതയുടെ സമ്പ്രദായംതന്നെയും ഈ ഗവണ്മെന്റ് കഴിഞ്ഞ കാലത്തു് അംഗീകരിക്കാത്തതുകൊണ്ടാണ് ഈ വ്യവസായശാലകളെല്ലാം നഷ്ടത്തിൽ കലാശിക്കുന്നതു്. വർക്ക്സ്റ്റഡി, കോസ്റ്റിംഗ്, ജോബ് ഇവാലുവേഷൻ ഇവയെ സംബന്ധിച്ചിടത്തോളം പ്രൈവററ് മാനേജുമെന്റുകൾക്കെല്ലാംതന്നെ ചില വ്യവസ്ഥകളുണ്ട്. ഈ വ്യവസ്ഥകൾ ഒന്നുംതന്നെ ഈ ഗവ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. സി. രാഘവൻ നായർ]

ണ്മെൻറ് ഫാക്ടറികളെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറ് അംഗീകരിച്ചിട്ടില്ല എന്നുള്ളതു് പരമാർത്ഥമാണു്. അതുകൊണ്ടു് ഈ ഫാക്ടറികളുടെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം കാര്യമായി ആലോചിക്കണം.

മറെറാരു പ്രധാനസംഗതി ഇവിടത്തെ കയർ വ്യവസായത്തെ സംബന്ധിച്ചാണു്. കയർ വ്യവസായത്തെ സംബന്ധിച്ചിടത്തോളം അതിൻെറ അഡ്മിനിസ്ട്രേഷനവേണ്ടി 6 പ്രത്യേക ഉദ്യോഗസ്ഥന്മാരെ നിയമിക്കാൻ വേണ്ടിയിട്ടു് ഇക്കൊല്ലത്തെ ബഡ്ജററിൽ വകയിരുത്തിയതായി കാണുന്നുണ്ടു്. ഒരു സ്പെഷ്യൽ ആഫീസക്കുപുറമേ കയർ ഡെവലപ്പ്മെൻറു് ആഫീസർ എന്നുള്ള പേരിൽ 6 പേരെ പുതിയതായി നിയമിക്കാൻ പോവുകയാണു്. ഇങ്ങനെ 6 പേരെ നിയമിച്ചതുകൊണ്ടുമാത്രം ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം കാര്യക്ഷമമായി നടത്താൻ സാധിക്കുകയില്ല. കഴിഞ്ഞവർഷം നാലു ലക്ഷത്തി എഴുപതിനായിരം ഉറുപ്പികമാത്രം ബഡ്ജററിൽ വകയിരുത്തിയിരുന്ന കയർ വ്യവസായത്തിനു് ഈ വർഷം ഏഴുലക്ഷത്തിപതിനെണ്ണായിരത്തി ഒൻപതിനായിരംഉറുപ്പിക വകയിരുത്തിയതായി കാണുന്നുണ്ടു്. സൊസൈററികൾക്കു ഗ്രാൻറു കൊടുക്കാൻ മാത്രമായി ഏതാണ്ടു് മൂന്നുലക്ഷത്തോളം ഉറുപ്പിക ഈ വർഷത്തിൽ നീക്കിവച്ചിരിക്കുകയാണു്. ഈ തുക ചെലവഴിക്കാൻ കഴിയുകയില്ല എന്നുള്ളതാണു് കഴിഞ്ഞകാലത്തെ കയർവകുപ്പിൻെറ പ്രവർത്തനത്തിൽനിന്നും ബോദ്ധ്യമായിട്ടുള്ളതു്. 454 കയർ സൊസൈററികളുടെ പ്രവർത്തനമുള്ള ഈ സ്റ്റേററിൽ കയർസ്പെഷ്യലാഫീസർ ഏകച്ഛത്രാധിപതിയായി ഭരണം നടത്തുകയാണു്. അദ്ദേഹത്തിൽ നിക്ഷിപ്തമായിട്ടുള്ള അധികാരത്തിൽ കവിഞ്ഞുള്ള അധികാരം കയർ സൊസൈററികളുടെമേൽ അദ്ദേഹം നടത്തിക്കൊണ്ടിരിക്കയാണു്. ഏരിയാ ആഫു് ഓപ്പറേഷൻ മാററാൻ കോവാപ്പറേററീവു് രജിസ്ട്രാക്കുപോലും അധികാരമില്ലാതിരിക്കെ ഈ കയർ സ്പെഷ്യലാഫീസർ അദ്ദേഹത്തിൻെറ അധികാരം ദുർവിനിയോഗിച്ചുകൊണ്ടു് ഏരിയാ ആഫു് ഓപ്പറേഷൻ, സൊസൈററികളുടെ അനുവാദം ചോദിക്കാതെ മാററിക്കൊണ്ടിരിക്കുന്ന ഉദാഹരണങ്ങൾ എത്രയോ ഉണ്ടായിട്ടുണ്ടു്. അദ്ദേഹത്തോടു് ഇതിനെപ്പററി ചോദിച്ചപ്പോൾ തനിക്കു് അപ്രകാരം ചെയ്യാൻ അധികാരം ഉണ്ടെന്നാണു് പറഞ്ഞിട്ടുള്ളതു്. ഞാൻ വ്യക്തമായും സഭയിൽ ഉന്നയിക്കുന്നു; കയർ സ്പെഷ്യലാഫീസർ അദ്ദേഹത്തിൻെറ അധികാരം ദുരുപയോഗപ്പെടുത്തിയാണു് സൊസൈററികളുടെ അനുവാദംകൂടാതെ ഏരിയാ ആപ്പറേഷൻ മാററി അവിടങ്ങളിൽ മററു സൊസൈററികൾ സ്ഥാപിച്ചിട്ടുള്ളതെന്നു്. മറെറാന്നു് സൊസൈററികളിലെ ജീവനക്കാരായിട്ടുള്ള ആളുകളെ നിയമിക്കാൻ സൊസൈററിക്കു് അധികാരമുണ്ടായിരിക്കെ ആ സ്ഥാനത്തു് ഗവണ്മെൻറു് സെക്രട്ടറിയെ നിയമിക്കുകയും, സെക്രട്ടറിയുടെ പേരിൽ സൊസൈററിക്കാർ ഡിസിപ്ലിനറി നടപടികളെടുത്തിട്ടുണ്ടെങ്കിൽ അനധികൃതമായി അവയെ സ്റ്റേ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ടു്. ഇങ്ങനെ അദ്ദേഹം കയർ ഡവലപ്പ്മെൻറു ഡിപ്പാർട്ടുമെൻറിൽ ഏകച്ഛത്രാധിപത്യം നടത്തുകയാണു്. എന്നാൽ 3 ലക്ഷത്തോളം ഉറുപ്പിക ഗ്രാൻറു കൊടുത്തിട്ടു് അതു ചെലവഴിക്കാനുള്ള പരിപാടി വച്ചിട്ടില്ല. അതുകൊണ്ടു് ഞാൻ വ്യക്തമായും ഈ സഭയോടു പറയുന്നു ഈ കയർ സ്പെഷ്യലാഫീസർ ഇന്നത്തെ അദ്ദേഹത്തിൻെറ നില തുടരുകയാണെങ്കിൽ കയർ സൊസൈററികളൊന്നുംതന്നെ നല്ലനിലയിൽ നടത്താൻ സാധിക്കുകയില്ല. 454 സൊസൈററികളുടെ അധികാരം നേരിട്ടു് ഈ കയർ സ്പെഷ്യൽ ആഫീസക്കാണുള്ളതു്. കണ്ണൂർ, കാസർകോടു് മുതലായ താലൂക്കുകളിൽ ഉള്ള കയർ സൊസൈററിക്കു് ഗ്രാൻറും, ലോണും കിട്ടണമെങ്കിൽ അതിൻെറ ഭാരവാഹികൾ 350 നാഴിക സഞ്ചരിച്ചു് തിരുവനന്തപുരത്തുവരണം. അതേസമയത്തു് റീജനൽ ജോയിൻറു് ഡയറക്ടർ എന്നു പറയുന്ന 3 ഉദ്യോഗസ്ഥന്മാർ 3 റീജിയനുകളിലായിട്ടു് ഈസ്റ്റേററിൽ ജോലിചെയ്യുന്നുണ്ടു്. എന്തുകൊണ്ടു കയർ സ്പെഷ്യലാഫീസക്കു കൊടുത്തിട്ടുള്ള അധികാരങ്ങളിൽ കുറെ ഭാഗമെങ്കിലും റീജിയനൽ ജോയിൻറു് ഡയറക്ടർക്കു കൊടുക്കാത്തതു്. യാതൊരു അധികാരവും കൊടുക്കാത്ത ഡിസ്ട്രിക്ററു ഇൻഡസ്ട്രീസു് ആഫീസറന്മാരാണു് ഇന്നു ഓരോ ജില്ലകളിലും ഉള്ളതു്. അവക്കു് കയർസംബന്ധിച്ച യാതൊരധി

LIBRARY ARCHIVES Kerala Legislative Assembly

കാരവും കൊടുത്തിട്ടില്ല. അവക്ക് ആക്കംതന്നെ യാതൊരധികാരവും കൊടുക്കാതെ ഈ തിരുവനന്തപുരത്തു ശാസ്തമംഗലത്തു് ഇങ്ങനെ ഒരു സ്പെഷ്യലാഫീസറെ വച്ചിരിക്കുന്നതെന്തിനാണ്? ഇതിന്റെ ഫലമായി കയർ സൊസൈററികളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്താൻ കഴിയാതെ വരുന്നുണ്ട്. അതുകൊണ്ട് അടിയന്തിരമായി ഈ കാര്യത്തിനു് മന്ത്രി പരിഹാരമുണ്ടാക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഡിമാൻറിനെ എതിർക്കുന്നു.

<u>ശ്രീ. എം. കൃഷ്ണൻ :</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. സഹകരണാടിസ്ഥാനത്തിൽ നടത്തുന്ന ചില വ്യവസായങ്ങളുടെ ദയനീയ സ്ഥിതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ അവസരം ഉപയോഗിക്കുന്നതു്. എന്റെ നിയോജകമണ്ഡലത്തിൽ ''ചോമ്പാൽ കേരള ഹാൻഡ് ലൂം വീവിംഗ് ഫാക്ടറി'' എന്ന പേരിൽ ഒരു നെയ്ത്തു കമ്പനി പ്രവർത്തിച്ചിരുന്നു. ആ നെയ്ത്തു കമ്പനി കുറെ കൊല്ലത്തെ പ്രവർത്തനത്തിനുശേഷം നഷ്ടത്തിൽ കലാശിക്കുകയും അതിനെത്തുടർന്ന് ആ കമ്പനി അതിന്റെ ഉടമസ്ഥൻ പൂട്ടുകയും ചെയ്തു. ആ കമ്പനി ലിക്വിഡേഷനിലാകുകയും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നു് അതിലൊരു റിസീവറെ നിയമിക്കുകയും ചെയ്തു. അങ്ങനെ അവിടെയുള്ള തൊഴിലാളികൾക്ക് ജോലിയില്ലാതായിത്തീർന്നതിനെത്തുടർന്ന് ജോലിയില്ലാത്ത തൊഴിലാളികൾ ഗവണ്മെൻറിലേക്ക് നിവേദനം സമർപ്പിക്കുകയും, അതിന്റെ ഫലമായി ഈ ഗവണ്മെൻറ് അധികാരത്തിൽ വന്നപ്പോൾ, 1960—ൽ ഹാൻഡ് ലൂം വീവേഴ്സ് ഇൻഡസ്ട്രീസ് സൊസൈററി എന്ന പേരിൽ ഒരു സൊസൈററി രജിസ്റ്റർ ചെയ്യുകയും ചെയ്തു. ഈ സൊസൈററിയുടെ പ്രവർത്തനത്തിനുവേണ്ടി 84,000 ഉറുപ്പിക അനുവദിക്കുകയും ചെയ്തു. പൂട്ടിയിട്ടിരുന്ന കമ്പനി ഏറെറടുക്കുകയും, അതിന്റെ തറികൾ പ്രവർത്തനത്തിനു് ഉപയോഗിക്കുകയുമായിരുന്നു ഇൻഡസ്ട്രിയൽ സൊസൈററിക്കാർ ഉദ്ദേശിച്ചിരുന്നതു്. റിസീവറുമായി ഈ വിഷയത്തെ സംബന്ധിച്ച് ആലോചിച്ച് കാര്യങ്ങളെല്ലാംതന്നെ തീരുമാനത്തിൽ എത്തുകയും ചെയ്തു. അങ്ങനെ ആ കമ്പനി ഏറെറടുക്കുന്നതിനു് ചെന്ന അവസരത്തിലാണ് കമ്പനിയുടെ പല ഭാഗങ്ങളും പൊളിഞ്ഞുപോയിരിക്കുന്നു എന്നും തറികൾ നശിച്ചുപോയിരിക്കുന്നു എന്നും മനസ്സിലായതു്. അതിനെത്തുടർന്ന് കമ്പനിയും, തറികളും ഏറെറടുക്കാൻ നിവൃത്തിയില്ലാതെ വരുകയും ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറുമായി ഇതു സംബന്ധിച്ച് സംസാരിക്കുകയും ചെയ്തതിനുശേഷം മറെറാരു സ്ഥലം എടുത്തുകൊണ്ട് ഒരു പുതിയ ഫാക്ടറി ഉണ്ടാക്കി ലൂംസിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ടി ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറ് സമ്മതിച്ചതനുസരിച്ച് പുതിയ സ്ഥലമെടുത്തു് കെട്ടിടമുണ്ടാക്കി ലൂംസ് വാങ്ങിച്ച് പ്രവർത്തനം ആരംഭിച്ചു. 84,000 ഉറുപ്പിക ലോണായി കിട്ടണമെന്നുണ്ടെങ്കിൽ 100 തറികൾ പ്രവർത്തിച്ചാൽ മാത്രമേ സാധിക്കുകയുള്ളു. പുതിയതായി കെട്ടിടവും തറികളും ഉണ്ടാക്കിയതിനു് ധാരാളം പണം ചെലവു വന്നതുകൊണ്ട് 100 തറികൾ നടത്തേണ്ടതിനു പകരം 30 തറികളെ പ്രവർത്തിപ്പിക്കാൻ സാധിച്ചുള്ളു. 100 തറികൾ പ്രവർത്തിക്കുന്നില്ല എന്ന കാരണം പറഞ്ഞുകൊണ്ട് 60,000 ഉറുപ്പിക അനുവദിക്കുകയും ബാക്കി 24,000 ഉറുപ്പിക അനുവദിക്കാതിരിക്കുകയുമാണ് ചെയ്തതു്. അതിന്റെ ഫലമായി ഒരു കൊല്ലത്തോളം ആ സൊസൈററികളുടെ പ്രവർത്തനം നല്ല നിലയിൽ നടന്നെങ്കിലും സാമ്പത്തികമായി ബുദ്ധിമുട്ടു വന്നതുകൊണ്ട് അതിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയാതെ ഇന്നു് മന്ദീഭവിച്ച നിലയിലാണ് നടക്കുന്നതു്. ഈ സൊസൈററികളുടെ അംഗങ്ങൾ ഇൻഡസ്ട്രീസ് വകുപ്പിനെ സമീപിച്ച് 24,000 ഉറുപ്പിക അനുവദിക്കുന്നതിനു് അപേക്ഷിച്ചു. സാദ്ധ്യമല്ലെങ്കിൽ 12,000 ഉറുപ്പിക ലോണായി അനുവദിച്ച് അതിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ സഹായിക്കണമെന്നു് അഭ്യർത്ഥിക്കുകയുണ്ടായി. കോഴിക്കോട്ട് റീജിയണൽ ഡയറക്ടർ 12,000 ഉറുപ്പിക കടമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്ത് ഡിപ്പാർട്ടുമെൻറിലേക്ക് അയച്ചിരിക്കുകയാണ്. എത്രയോ മാസങ്ങൾ കഴിഞ്ഞിട്ടും അതിനു് ഒരു തീരുമാനവുമായില്ല. അതുകൊണ്ട് ആ കമ്പനിയുടെ ഡയറക്ടർ ബോർഡ് ഇപ്പോൾ രാജി വച്ചി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. കൃഷ്ണൻ]

രിക്കുകയാണ്. കമ്പനിയാണെങ്കിൽ ഇന്നു പൂട്ടിയ നിലയിലാണ്. ഈ കമ്പനിക്ക് എന്തെങ്കിലും സഹായം ചെയ്തില്ലെങ്കിൽ ഗവണ്മെൻറിൽനിന്നും കൊടുത്തിട്ടുള്ള 60,000 ഉറുപ്പിക ഗവണ്മെൻറിലേക്ക് മടക്കിക്കിട്ടാൻ സാധിക്കുമോയെന്നുള്ളതു കണ്ടുതന്നെ അറിയേണ്ടതാണ്. ഇന്നും ഇൻഡസ്ട്രീസ് കോവാപ്പറേററീവ് സൊസൈററികളെ സംബന്ധിച്ചിടത്തോളം തൊഴിലാളികൾ സ്വന്തമായി സഹകരണസംഘങ്ങൾ ഉണ്ടാക്കി പ്രവത്തിക്കണമെന്നുള്ളതാണ് ഇത്തരം ഇൻഡസ്ട്രീസ് സൊസൈററികളുടെ പ്രവത്തനംകൊണ്ടു് ഉദ്ദേശിക്കുന്നതു്. എന്നാൽ സാധാരണയായി മുതലാളിമാർ നടത്തുന്ന നെയ്ത്തു കമ്പനികളെ സംബന്ധിച്ചിടത്തോളം സാമ്പത്തികമായി ബുദ്ധിമുട്ടു വരുമ്പോൾ അവക്ക് അടിയന്തിരമായി പണമെടുത്തു് ഈ സ്ഥാപനങ്ങൾ ഭംഗിയായി നടത്താൻ കഴിയും. എന്നാൽ തൊഴിലാളികൾ നടത്തുന്ന സഹകരണസംഘങ്ങളെ സംബന്ധിച്ചിടത്തോളം നോക്കുകയാണെങ്കിൽ അവക്ക് ഒരു വിധത്തിലും പണം കിട്ടാൻ നിവൃത്തിയില്ല. അതുകൊണ്ടു് ഇത്തരം ഇൻഡസ്ട്രിയൽ സൊസൈററികളെ സംബന്ധിച്ചിടത്തോളം അതിൻെറ പ്രവത്തനം കാര്യക്ഷമമായി നടത്തുന്നതിനു് ഗവണ്മെൻറു് ആഗ്രഹിക്കുന്നുണ്ടെങ്കിൽ, അതിൻെറ പ്രവത്തനം യാതൊരുവിധ തടസ്സവും കൂടാതെ നടത്തണമെന്നുണ്ടെങ്കിൽ അതിനു് ആവശ്യമായ പണം ലോണായി കോ—ഓപ്പറേററീവു് ബാങ്കിൽനിന്നു അനുവദിപ്പിക്കുന്നതിനു് ഗവണ്മെൻറു് മുന്നോട്ടു വരേണ്ടിയിരിക്കുന്നു. ഇത്തരം സ്ഥാപനങ്ങളിലെല്ലാംതന്നെ തൊഴിലാളികൾക്കു ജോലി ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകണമെങ്കിൽ ഇക്കാര്യം ഗവണ്മെൻറു് പ്രത്യേകം ശ്രദ്ധിക്കണം.

ഇനി അടുത്തതായി വടകരയിലെ ഒരു സൊസൈററിയുടെ കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുന്നതിനു് ഞാൻ ആഗ്രഹിക്കുകയാണ്. 1963 മാർച്ചു മാസത്തിലാണ് ഈ സൊസൈററി പുതുതായി രജിസ്റ്റർ ചെയ്തതു്. കത്തനാട്ടു് വീവേഴ്സ് ഇൻഡസ്ട്രിയൽ കോവാപ്പറേററീവു് സൊസൈററി എന്നാണ് ആ സൊസൈററിയുടെ പേരു്. 1963 മാർച്ചു് 30-ാം തീയതി അതിൻെറ പ്രവത്തനത്തിലേക്കു് ഒരുലക്ഷത്തിൽ ചില്വാനം രൂപ പ്രവത്തന മൂലധനമായി അനുവദിക്കുകയും ചെയ്തു. ഇന്നും ആ സംഖ്യ മലബാർ സെൻട്രൽ കോവാപ്പറേററീവു് ബാങ്കിൽ കിടക്കുകയാണ്. ഒരു കൊല്ലം തികയാറായി. ഇതുവരെ ഡിപ്പാർട്ടുമെൻറു വകയായി ഒരു സെക്രട്ടറിയെ അവിടെ നിശ്ചയിക്കാൻ സാധിച്ചിട്ടില്ല. അതിൻെറ ഫലമായി ഇപ്പോഴും ആ പണം ബാങ്കിൽ കെട്ടിക്കിടക്കുകയാണ്. സൊസൈററിയെ സംബന്ധിച്ചാണെങ്കിൽ യാതൊരു പ്രവത്തനവും ആരംഭിക്കുന്നതിനു സാധിച്ചിട്ടില്ല. മാർച്ചു് 31-ാം തീയതി ആകുന്നതോടുകൂടി കടം വാങ്ങിയതിനു് അയ്യായിരത്തിൽ ചില്വാനം രൂപ പലിശയായി കൊടുക്കേണ്ടതുണ്ടു്. ഈ സൊസൈററിയെ സംബന്ധിച്ചിടത്തോളം പലിശ സംഖ്യയും, അതുപോലെതന്നെ ഗവണ്മെൻറിലേക്കു് മടക്കി അയക്കേണ്ട സംഖ്യയും എങ്ങനെ ഉണ്ടാക്കാൻ സാധിക്കുമെന്നുള്ളതു് ചിന്തിക്കേണ്ട കാര്യമാണ്. ഇങ്ങനത്തെ സൊസൈററികളെ സംബന്ധിച്ചിടത്തോളം ഇത്തരത്തിലുള്ളതായ നയമാണ് തുടരുന്നതെങ്കിൽ ഈ സൊസൈററികളുടെ പ്രവത്തനം മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുകയില്ല. ഈ സൊസൈററികളെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും വിധത്തിലുള്ള കാലതാമസം വരാതെ ഒരു സെക്രട്ടറിയെ നിയമിച്ചുകൊണ്ടു് പരിപാടികൾ മുന്നോട്ടു കൊണ്ടുപോകണമെന്നു് ഞാൻ അഭ്യത്ഥിക്കുകയാണ്. അതുപോലെ തന്നെ വയനാട്ടിലെ കൈത്തറി സഹകരണ സംഘങ്ങളുടെയും പ്രവത്തനം കാര്യക്ഷമമായ വിധത്തിൽ നടക്കുന്നില്ല. കോഴിക്കോട്ടു ജില്ലയിലെ മററു സംഘങ്ങളിലും സാമ്പത്തികവിഷമംമൂലം പ്രവത്തനം നടക്കുന്നില്ല. വടകരയിലെ വീവേഴ്സ് സൊസൈററിയെ സംബന്ധിച്ചിടത്തോളം വളരെ കൊല്ലത്തെ പഴക്കമുള്ള ഒരു സൊസൈററിയാണ്. അവിടെ കാലാകാലം ആഡിററു് നടത്താത്തതുകൊണ്ടു് സ്റ്റോക്കു് വെരിഫൈ ചെയ്യാതെ കിടക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അടുത്ത രണ്ടുമൂന്നു വർഷമായി ആഡിററ് കൃത്യമായി നടത്തുന്നുണ്ട്. മുമ്പ് ആഡിററു നടത്താത്തതുകൊണ്ട് സെക്രട്ടറിമാർ ധാരാളം പണം പററിയിട്ടുണ്ട്. കാലാകാലം സ്റ്റോക്ക പരിശോധിച്ച് സൊസൈററിയുടെ പ്രവർത്തനം ശരിയായി നടക്കുന്നുണ്ടോ എന്നു നോക്കിയാൽ മാത്രമേ സൊസൈററികളുടെ പ്രവർത്തനം ശരിയായി നടക്കുകയുള്ളു. അവിടെത്തന്നെ സെക്രട്ടറിയായിരുന്ന ഒരാൾ ഇരുപതിനായിരം രൂപയോളം അപഹരിച്ച് ഇപ്പോൾ സസ്പെൻഷനിൽ നിൽക്കുകയാണ്. നാലായിരം രൂപയോളം വസൂലാക്കി. ബാക്കി വസൂലാക്കാൻ സാധിച്ചിട്ടില്ല. അതിലേക്ക് നിയമപരമായ യാതൊരു നടപടിയും എടുത്തിട്ടുള്ളതായി കാണുന്നില്ല. ഇങ്ങനെ കാലാകാലം ആഡിററു നടത്താത്തതുകൊണ്ടും സ്റ്റോക്ക വെരിഫിക്കേഷൻ കാര്യത്തിൽ ഉദ്യോഗസ്ഥന്മാർ ശ്രദ്ധ പതിപ്പിക്കാത്തതുകൊണ്ടും ധാരാളം പണാപഹരണം നടന്നിട്ടുണ്ട്. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കണമെന്ന് എനിക്ക അപേക്ഷയുണ്ട്. പാലയാട്ട് കയർ സൊസൈററിയിലെ ഡയറക്ടറേഴ്സും സെക്രട്ടറിയും തമ്മിലുള്ള അഭിപ്രായവ്യത്യാസം കാരണം യാതൊരു പ്രവർത്തനവും നടക്കുന്നില്ല. ഗ്രാൻറും ലോണും വാങ്ങിച്ച് വെറുതെയിരിക്കുന്നു എന്നല്ലാതെ ഒരു പ്രവർത്തനവും നടത്തുന്നില്ല. കോഴിക്കോട്ട ജില്ലയിലെ കയർ സഹകരണസംഘത്തിൻെറ പ്രവർത്തനത്തെ സംബന്ധിച്ച് കോഴിക്കോട്ട് ഡി. ഡി. സി. യോഗത്തിലും പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ ചർച്ച വരുമ്പോൾ കയർ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ യോഗത്തിൽ ഹാജരാകുന്നില്ല. അതുകൊണ്ട് ചർച്ച ഓരോ അവസരത്തിലും മാററി വയ്ക്കുകയാണ് ചെയ്യുന്നത്. ഗവണ്മെൻറു കൊടുക്കുന്ന പണം നല്ല നിലയിൽ ഉപയോഗിച്ച് പ്രവർത്തനം നടത്തുന്നതിനുള്ള നടപടികൾ ഉദ്യോഗസ്ഥന്മാർ അപ്പഴപ്പോൾ സ്വീകരിക്കുന്നതിന് ഏർപ്പാട ചെയ്യണമെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ബേബി ജാൺ : ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. വ്യവസായികമായി നാം വളരെയേറെ മുമ്പോട്ട നീങ്ങിയെന്നും, ഒരു വ്യവസായ വിപ്ലവത്തിലേക്ക് നാം കാൽവെയ്ക്കുകയാണെന്നും ഭരണകക്ഷിയിലെ അംഗങ്ങൾ അവകാശപ്പെടുന്നുണ്ട്. അതു് കാണാനും മനസിലാക്കാനും പ്രതിപക്ഷാംഗങ്ങൾക്ക് സാധിക്കുന്നില്ലെന്നുള്ള ആക്ഷേപവും ഭരണകക്ഷിയിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. വ്യവസായരംഗത്തെ മുന്നിൽവച്ചുകൊണ്ട് 3–ാം പഞ്ചവത്സരപദ്ധതിയിൽ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിൻെറ ചില നേരിയ പ്രതിഫലനങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുണ്ടെന്നു സമ്മതിക്കുന്നു. പക്ഷേ, നമ്മുടെ ഗവണ്മെൻറിൻെറ വ്യവസായനയത്തെ വിലയിരുത്തുമ്പോൾ അതു വിജയമാണോ, പരാജയമാണോ എന്നറിയുന്നതിലേക്ക് പുതിയ പുതിയ വ്യവസായങ്ങൾ സംഘടിപ്പിക്കുന്നതിന് എത്രമാത്രം ഗവണ്മെൻറിനു് കഴിഞ്ഞു എന്നും നിലവിൽ ഉണ്ടായിരുന്ന വ്യവസായങ്ങൾ നിലനിറുത്തുന്നതിനു ഗവണ്മെൻറിനു് സാധിച്ചിട്ടുണ്ടോ എന്നും ഉള്ള കാര്യം കണക്കിലെടുക്കേണ്ടതാണ്. അങ്ങനെ നോക്കുമ്പോൾ ഈ ഗവണ്മെൻറിൻെറ വ്യാവസായികനയം ഒരു പരാജയമാണെന്നു പറയേണ്ടിയിരിക്കുന്നു. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ബഡ്ജററ് പ്രസംഗത്തിൽതന്നെ 230 പുതിയ ഫാക്ടറി യൂണിററ്സ് കഴിഞ്ഞ സാമ്പത്തികവർഷത്തിൽ സ്ഥാപിച്ചു എന്നും അതേ സമയത്തു് 203 യൂണിററ്സ് അടച്ചിട്ടുണ്ടെന്നും സമ്മതിക്കുന്നുണ്ട്. അപ്പോൾ എവിടെയാണ് നമ്മുടെ പുരോഗതി. നിലവിലുള്ള വ്യവസായങ്ങൾ നിലനിറുത്താൻ സാധിക്കാതെ ആട് പച്ചില കടിക്കുന്നതുപോലെ. അങ്ങിങ്ങായി ചില വ്യവസായ യൂണിററുകൾ തുടങ്ങുകയാണോ ഒരു ഗവണ്മെൻറിൻെറ വ്യവസായനയം ? ഇതു് ഒരു വിജയമാണോയെന്ന് ചോദിക്കാൻ ഞാൻ മുതിരുകയാണ്. അതുപോലെ തന്നെ ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി ഒരു വസ്തുത സമ്മതിച്ചു നൽകണമെന്ന് എനിക്കപേക്ഷയുണ്ട്. ധനകാര്യമന്ത്രിയുടെ ബഡ്ജററ് പ്രസംഗത്തിൽ ഒരു ഭാഗത്തു് ഇങ്ങനെ പറയുന്നുണ്ട്.

'The number of employees in the public sector increased to 2.37 lakhs on 30-9-1963 from 2.25 lakhs on 30-9-1962'.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ ബേബി ജോൺ]

ഇതു് വാസ്തവത്തിൽ വളരെ ചിന്താക്കുഴപ്പം ഉണ്ടാക്കുന്നകാര്യമാണു്. ഗവണ്മെൻറു് ഉദ്യോഗസ്ഥന്മാരുടേയും പ്രൈവററു് സ്കൂൾ അദ്ധ്യാപകന്മാരുടേയും എല്ലാം കൂടി ചേർന്ന കണക്കാണോ ഇതു്? അങ്ങനെയാണെങ്കിൽ വ്യവസായരംഗത്തു് ഗവണ്മെൻറിൻെറ ഉടമയിലുള്ള പുതിയ വ്യവസായങ്ങളിൽ എത്രയാളുകൾക്കു ജോലി കൊടുക്കാൻ സാധിച്ചിട്ടുണ്ടെന്നു ദയവായി വ്യവസായമന്ത്രി പറയണമെന്നപേക്ഷിക്കുന്നു. നിലവിലുള്ള വ്യവസായങ്ങൾ തകരുന്നതിനെ രക്ഷിക്കാനും, തകർന്ന വ്യവസായങ്ങൾ പുനരുദ്ധരിക്കാനും ഫലപ്രദമായ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. 1960 മുതൽ ഈ ഗവണ്മെൻറിൻെറ ശ്രദ്ധയിൽകൊണ്ടു വരാൻ ശ്രമിച്ചിട്ടുള്ള ഒരു വ്യവസായമാണു് മിനറൽസ്സു് വ്യവസായം. കേരളത്തിൻെറ അമൂല്യമായ സമ്പത്താണതു്. ഇൻഡ്യയുടെ തന്നെ സമ്പത്തായ ആ വ്യവസായം തകർന്നിരിക്കുകയാണു്. അതു് പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന എന്നു പത്രപ്രസ്താവനകൾമൂലം ബഹുജനങ്ങളെ അറിയിച്ചിട്ടുണ്ടു്. അടുത്തകാലത്തു് കനേഡിയൻ വിദഗ്ദ്ധന്മാർ ഇവിടെ വന്നു എന്നും മനസ്സിലാക്കുന്നു. സോവിയററു് റഷ്യയിൽനിന്നും മണൽ സംസ്കരിക്കുന്നതിനു സഹായം ചെയ്തുതരാമെന്നു് സോവിയററു് എംബസിയിൽ നിന്നു് യൂണിയൻ നേതാവു് സഖാവു ശ്രീകണ്ഠൻ നായർക്കു് എഴുതിവന്നിട്ടുണ്ടു്. ആ വിവരം ഗവണ്മെൻറിനെ അറിയിക്കുകയും 63000രൂപ ഇതിൻെറ ചെലവിനു കൊടുക്കണമെന്നു് പറയുകയും ചെയ്തിരുന്നു. അതിനിതുവരെ മറുപടി കിട്ടിയിട്ടില്ല. റഷ്യൻ വിദഗ്ദ്ധന്മാർ ഇതു നടത്തുന്നതിൽ എന്താണു തെററെന്നു ഞാൻ ചോദിക്കുകയാണു്. അതിനുവേണ്ടി ഗവണ്മെൻറു് മുൻകൈ എടുക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു. നമ്മുടെ മിനറൽസ്സു് വ്യവസായം അയൽ സംസ്ഥാനത്തിലേക്കു കൊണ്ടുപോകുന്നതിനു് ട്രാവൻകൂർ മിനറൽ കമ്പനിയിലെ ഡയറക്ടറന്മാർ ഒരു ഗൂഢാലോചന നടത്തുന്നുണ്ടു്. അറിഞ്ഞോ അറിയാതേയോ നമ്മുടെ സംസ്ഥാനഉദ്യോഗസ്ഥന്മാർ, അതിലെ ബോർഡു മെംബറന്മാർ അതിനു് കൂട്ടു നിൽക്കുകയാണു്. ചവറയിൽനിന്നും ഫാക്ടറി പൊളിച്ചു മണവാളക്കുറിച്ചിയിൽ കൊണ്ടുപോകാൻ ആലോചന നടക്കുന്നുണ്ടു്. അതു തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. പ്രതിവർഷം 75 ലക്ഷം രൂപ ഈ സംസ്ഥാനത്തിനു് ആദായം ഉണ്ടാക്കിക്കൊടുക്കുന്ന ആ വ്യവസായം സൂത്രത്തിൽ അയൽസംസ്ഥാനത്തിലേക്കു് കൊണ്ടുപോകാനുള്ള കരുക്കൾ നീക്കുമ്പോൾ, ഗവണ്മെൻറു് ശ്രദ്ധയോടുകൂടി അതിനെ നോക്കണമെന്നും, അതു തടയണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണു്. ഈ അവസരത്തിൽ വ്യവസായമന്ത്രിയോടു് എനിക്കു് ഒരു അഭ്യർത്ഥന നടത്താനുണ്ടു്. 7000 കുടുംബങ്ങൾ ജീവിച്ചിരുന്ന ഈ വ്യവസായംതകർന്ന ആ പ്രദേശത്തു്, പുതിയപുതിയ വ്യവസായം ഉണ്ടാക്കുന്നു എന്നു് അവകാശപ്പെടുന്ന അദ്ദേഹം, തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി, പുതിയ ഏതെങ്കിലും വ്യവസായം അവിടെ സ്ഥാപിക്കുന്നതിനു ശ്രമിക്കണമെന്നും, സഹകരണമേഖലയിൽ കൊല്ലം ഡിസ്ട്രിക്ടിൽ തുടങ്ങാൻ വിചാരിക്കുന്ന സ്പിന്നിംഗു് മിൽ കരുനാഗപ്പള്ളിയിൽ ഉടനെ തുടങ്ങാൻ അനുവദിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണു്.

ശ്രീ. എ. എ. റഹിം: വ്യവസായവകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനയെ ഞാൻ പിൻതാങ്ങുകയാണു്. 1960-നു ശേഷം, വ്യവസായരംഗത്തു് വമ്പിച്ച മാററങ്ങൾ ഉണ്ടായിട്ടുണ്ടെന്നും, അതു് ഈ ഗവണ്മെൻറിനു് അഭിമാനിക്കത്തക്കതാണെന്നും ഈ വശത്തുനിന്നും പറയുമ്പോൾ, അതിനെതിരായി പ്രതിപക്ഷങ്ങൾ അപ്പുറത്തുനിന്നും പറയാറുണ്ടു്. എൻെറ സ്നേഹിതൻ ശ്രീ. രവീന്ദ്രൻ കണ്ണൂർനിന്നും നെയ്യാററിൻകരവരെ നടത്തിയ പര്യടനത്തിൽകണ്ട വസ്തുതകൾ അല്പ സമയം മുമ്പെ ഇവിടെ നിരത്തിവയ്ക്കുകയുണ്ടായി. ചില ചില്ലറ തെററുകളേയും പഴകിത്തുരുമ്പിച്ചു് വ്യവസായശാലകളിൽ വന്നിട്ടുള്ള നഷ്ടങ്ങളേയും ക്രോഡീകരിച്ചാണു് അദ്ദേഹം പ്രസംഗിച്ചിട്ടുള്ളതു്. എല്ലാ കാര്യങ്ങളും ശരിയായി പഠിച്ചു് ഈ സഭയിൽ വിവരിക്കുന്ന ആ ബഹുമാനപ്പെട്ട മെമ്പർക്കുപോലും, കണ്ടുപിടിക്കാൻകഴിഞ്ഞകാര്യങ്ങൾ ഇത്രമാത്രമാണെങ്കിൽ, വ്യവസായരംഗത്തു് വളരെ അഭിവൃദ്ധി ഉണ്ടായിട്ടുണ്ടെ

LIBRARY ARCHIVES Kerala Legislative Assembly

ന്നാണ് ഞാൻ വിശ്വസിക്കുന്നത്. ശ്രീ. ദാമോദരമേനോൻ വ്യവസായമന്ത്രി ആയതിനുശേഷം, വളരെ അധികം വിമർശനങ്ങൾ വരാറുണ്ട്. പക്ഷേ, ആ വിമർശനങ്ങളെ വളരെ കാര്യക്ഷമതയോടുകൂടി നേരിടാൻകഴിഞ്ഞിട്ടുണ്ടെന്നുള്ളതാണ് അദ്ദേഹത്തിന്റെ നേട്ടം. കിഴവനും കഴുതയും എന്നുള്ള കഥപോലെ പറയുന്നതെല്ലാം കേട്ടു് അതനുസരിച്ചു തുള്ളുന്നതിനുപകരം, അദ്ദേഹം ആദ്യമായി ചെയ്തത് ഇവിടെ ഒരു എക്കണോമിക് സർവ്വെ നടത്തുകയായിരുന്നു. ഇവിടെയുള്ള അസംസ്കൃത സാധനങ്ങളെക്കുറിച്ചും, ഇവിടെ എന്തെല്ലാം വ്യവസായങ്ങൾ ആരംഭിക്കാൻസാധിക്കുമെന്നുള്ളതിനെക്കുറിച്ചും പഠനം നടത്തി വ്യവസായങ്ങളെ രണ്ടുമൂന്നുതരത്തിൽ തിരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. കഴിഞ്ഞ പഞ്ചവത്സരപദ്ധതിയിൽ 70 ലക്ഷം രൂപയുടെ സ്ഥാനത്ത് 70 കോടി രൂപയുടെ പബ്ലിക് സെക്ടറിലുള്ള വ്യവസായശാലകൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങികഴിഞ്ഞു എന്നുള്ളത് തന്നെ വ്യവസായരംഗത്ത് എത്രമാത്രം നേട്ടമുണ്ടായി എന്ന് വളരെ ചുരുക്കത്തിൽ സ്ഥാപിക്കാൻകഴിയുന്ന കാര്യമാണ്. അതിന്റെ വിശദാംശങ്ങളിലേക്കു ഞാൻ കടക്കുന്നില്ല. കാരണം, അവയെ സംബന്ധിച്ച് ഇവിടെ പലപ്പോഴും പ്രസ്താവിച്ചിട്ടുണ്ട്. ഈ രാജ്യത്തു തുടങ്ങാൻസാധിക്കുന്ന വ്യവസായങ്ങൾ ആർഗനൈസ് ചെയ്യുന്നതിനും, നിലവിലുള്ള വ്യവസായങ്ങൾക്ക് സാങ്കേതിക സഹായവും മറ്റും നൽകുന്നതിനും ഉദ്ദേശിക്കപ്പെട്ടിട്ടുള്ള കേരളാ ഇൻഡസ്ട്രിയൽ കാർപ്പറേഷന്റെ പ്രവർത്തനം വളരെ ഉയന്ന മാനദണ്ഡം സ്വീകരിച്ച് മുമ്പോട്ടു നീങ്ങുന്നു എന്ന് വിമർശകർക്കും എല്ലാം അറിവുള്ളതാണ്. ഈ കാർപ്പറേഷൻ ഇതിനകംതന്നെ വളരെ പ്രയോജനകരമായ ആറേഴ് വ്യവസായസ്ഥാപനങ്ങൾ പുതുതായി ആരംഭിക്കുകയും നിലവിലുള്ള വ്യവസായങ്ങൾക്കു ഗ്രാൻറായും ലോണായും പലവിധ സഹായം ചെയ്കയും സാങ്കേതിക സഹായം ചെയ്കയും ചെയ്തിട്ടുണ്ട്. ഉത്തരവാദിത്വമുള്ള ഡയറക്ടറന്മാർ ഉൾപ്പെടെ വ്യവസായരംഗത്തു വളരെ അധികം പ്രവർത്തിക്കാൻ ശക്തിയുള്ള ആളുകളെ ചേർത്ത് രൂപീകരിച്ചിട്ടുള്ള ഇൻഡസ്ട്രിയൽ കാർപ്പറേഷന്റെ പ്രവർത്തനം ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം വലിയൊരു നേട്ടമാണ്. അതുപോലെ തന്നെ കുത്തഴിഞ്ഞുകിടന്ന സ്മാൾസ്കെയിൽ ഇൻഡസ്ട്രീസ് രംഗത്തും ഒരു കാർപ്പറേഷൻ രൂപീകരിച്ച് അവിടെ വളരെയധികം മാററങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. നമ്മുടെ ഇൻഡസ്ട്രിയൽ എസ്റ്റേററിലൊക്കെ മരപ്പെട്ടി വ്യവസായമാണു നടത്തുന്നതെന്നു വിമർശിക്കാറുണ്ട്. ആ സ്ഥാനത്ത് ഇന്നു വ്യവസായത്തിന്റെ പല ശാഖകൾ പ്രവർത്തിക്കുന്ന കേന്ദ്രമാക്കാൻ ഈ കാർപ്പറേഷനു കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ ഗവൺമെൻറുടമയിലുള്ള പല വ്യവസായങ്ങളും നഷ്ടത്തിലാണ് നടക്കുന്നത്. അതിൽ കാര്യക്ഷമമായ പ്രവർത്തനം ഇനിയും ഉണ്ടായിട്ടില്ലെന്നുള്ളത് ഒരു വസ്തുതയാണ്. അതിന്റെ പ്രവർത്തനങ്ങളിൽ കാര്യക്ഷമതയുണ്ടാക്കുന്നതിന് സഹായിക്കാൻ ഉതകുന്ന വിധത്തിൽ അവയെ ജായിൻറ് സ്റ്റാക്ക കമ്പനിയുടെ അടിസ്ഥാനത്തിൽ ഇപ്പോൾ ഗ്രൂപ്പ് ചെയ്തിരിക്കുകയാണ്. ഇതുമൂലം ഈ വ്യവസായത്തിൽ വളരെയധികം നേട്ടവും പുരോഗതിയും ഉണ്ടാക്കാൻ കഴിയും. പഴയ ഡയറക്ടറന്മാർ എല്ലാംതന്നെയാണ് ഇപ്പോഴും അതിലുള്ളതെന്ന് ഇവിടെ ഒരു സ്നേഹിതൻ പറയുകയുണ്ടായി. അങ്ങനെയാണെങ്കിലും ഓരോ കാര്യങ്ങൾക്കും കാലതാമസം വരുത്താതെ സ്വന്ത നിലയിൽ ആലോചിച്ച് തീരുമാനം എടുക്കാനും ഗവൺമെൻറുമായി ബന്ധപ്പെടാതെ കാര്യങ്ങൾ നടത്താനും ഈ ജായിൻറു സ്റ്റാക്ക് ഏർപ്പാട് സൗകര്യം നൽകും. അതൊരു വലിയ നേട്ടമാണ്. ഈ രംഗത്തുള്ള നേട്ടങ്ങളെല്ലാംതന്നെ നേട്ടങ്ങളല്ലെന്നു ചിത്രീകരിക്കുന്നത് ശരിയായിരിക്കുകയില്ല. ഗവൺമെൻറ് ആരംഭിക്കുമെന്നു പറഞ്ഞിട്ടുള്ള വ്യവസായങ്ങൾ എല്ലാംതന്നെ ഉടനെ ആരംഭിച്ചിട്ടില്ലെന്നു ഒരു പരാതി വരാറുണ്ട്. ഉദാഹരണത്തിനു സ്പിന്നിംഗ് മില്ലിന്റെ കാര്യംതന്നെ സംസാരിക്കാറുണ്ട്. ഇതുവരെ ആരംഭിച്ചിട്ടില്ലെന്നു പലപ്പോഴും വിമർശനം നടത്താറുണ്ട്. അതിന് ലൈസൻസു കിട്ടിയാൽ പിന്നെയും രണ്ടു കൊല്ലത്തോളം മിഷ്യനറി കിട്ടാൻ താമസം നേരിടും. ഒരു ആർഡർ കൊടുത്താൽ ഏതാണ്ടു രണ്ടു കൊല്ലം കഴിഞ്ഞശേഷമേ ഇൻഡ്യയിലുള്ള ഒരു കമ്പനിക്ക് സാധനം നൽകാൻ കഴിയൂ. പ്രധാനമായി, താമസം നേരിടുന്നത് ഇതുകൊണ്ടാണെന്നു ബഹുമാനപ്പെട്ട മെംബറന്മാർ മനസ്സിലാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. എ. റഹിം]

അതുപോലെ മററു പല വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളവും രണ്ടോ മൂന്നോ വർഷങ്ങൾകൊണ്ടേ അതിൻെറ മെഷീനറി എല്ലാം ലഭിച്ച് അതിൻെറ പ്രവത്തനം തുടങ്ങാൻ സാധിക്കുകയുള്ളു. അല്ലാതെ
[11 A. M.] ഇന്നു മന്ത്രി ഒരു വ്യവസായം ആരംഭിക്കുമെന്നു അനൗൺസു ചെയ്തുകഴിഞ്ഞാൽ പിറേറദിവസം അവിടെ പുക കാട്ടണം ആളുകളേയും കാണണമെന്നു പറഞ്ഞാൽ അതു വളരെ പ്രയാസമുള്ള കാര്യമാണു. വ്യവസായങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ സാധനങ്ങൾ ലഭിക്കണം. അതിനു് ആവശ്യമായ ലൈസൻസു ലഭിക്കണം. സാധനങ്ങൾ ഇംപോർട്ടു് ചെയ്യണം. അങ്ങനെ വരുമ്പോൾ ചിലപ്പോൾ വർഷക്കണക്കിനു കാലതാമസം ഉണ്ടാകും. എങ്കിൽത്തന്നെയും ഈ വ്യവസായങ്ങൾ ഈ രാജ്യത്തു് ആരംഭിക്കാനുള്ളവ ആരംഭിച്ചു കൊണ്ടിരിക്കുകയാണു്.

പക്ഷെ, ഗവണ്മെൻറിൻെറ വകയായിട്ടുള്ള ചില വ്യവസായങ്ങളിൽ ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടത്തെപ്പററി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണു്. എഫ്. എ. സി. ടി. ഇന്നീ രാജ്യത്തെ ഒരു വലിയ കാഴ്ചവസ്തുവാണു്. ഈ വ്യവസായത്തെ സംബന്ധിച്ചിടത്തോളം അതിൻെറ ഉടമാവകാശം കേന്ദ്രഗവണ്മെൻറിനാണു്. അതിൽ 51 ശതമാനം ഷെയർ കേന്ദ്രഗവണ്മെൻറിൻെറയാണു്. നമ്മുടെ ഗവണ്മെൻറിനും 48 ശതമാനം ഷെയറുണ്ടു്. എഫ്. എ. സി. ടി യുടെ പ്രവത്തനത്തെ സംബന്ധിച്ചിടത്തോളം അവിടത്തെ ടാപ്പ്ലോഡു് വളരെ കൂടിയിരിക്കുന്നതുകൊണ്ടു ഇപ്പോൾ 35 ലക്ഷത്തോളം രൂപാ നഷ്ടത്തിലാണു്. ആ വ്യവസായത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ വിററഴിക്കുന്നതു ഇന്നു നഷ്ടത്തിലാണു്. അമോണിയം സൾഫേററു് ഒരു ഹൺഡ്രഡ്വെയിററിനു് കാസ്ററു ആഫ് പ്രൊഡക്ഷൻ 446 രൂപയാണു്. എന്നാൽ അതു വിററഴിക്കുന്നതു് 354 രൂപയ്ക്കാണു്. അതുപോലെ അമോണിയം ഫോസ്ഫേററു കാസ്ററു ആഫ് പ്രൊഡക്ഷൻ 590 രൂപയും വില്ക്കുന്നതു് 534 രൂപയ്ക്കുമാണു്. ഇതു ഫെർട്ടിലൈസേഴ്സ് സെൻട്രൽപൂളിൻെറ നിർദ്ദേശമനുസരിച്ചുള്ള വിലയാണു്, മററു ഫർട്ടിലൈസേഴ്സ് ഉൽപ്പാദനച്ചെലവെല്ലാം കണക്കാക്കിക്കഴിഞ്ഞതിനു ശേഷമാണു് ഇവിടെ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾക്കു ഈ വില നിശ്ചയിച്ചിട്ടുള്ളതു്. എന്നാൽ ഇവിടത്തെ ഉൽപ്പാദനച്ചെലവിനെ സംബന്ധിച്ചിടത്തോളം അതു വളരെ കൂടുതലാണെന്നു നാം മനസ്സിലാക്കണം. അതുമാത്രമല്ല, ഇവിടെ ആയിരം രൂപയ്ക്കു മുകളിൽ ശമ്പളം ഉള്ള ആളുകളെ കൂടുതലായി അവിടെ നിയമിച്ചിരിക്കുകയാണു്. പത്തും നാനൂറും രൂപാ ശമ്പളം വാങ്ങിച്ചുകൊണ്ടിരുന്ന ആളുകൾ ഒരു ദിവസം കാണാം എഫ്. എ. സി. ടി യിൽ ആയിരവും ആയിരത്തിഅഞ്ഞൂറും രൂപാ ശമ്പളം വാങ്ങിക്കൊണ്ടിരിക്കുന്നതായിട്ടു്. ഇങ്ങനെ വളരെ അധികം പാഴ്ചെലവുകൾ അതിനകത്തു് നടക്കുന്നുണ്ടു്. അതിൻെറ മാനേജിംഗ് ഡയറക്ടറായിരിക്കുന്ന ശ്രീമാൻ എം. കെ. കെ. നായർ ആ കാര്യങ്ങളെപ്പററിയെല്ലാം ശ്രദ്ധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

അതുപോലെ വമ്പിച്ച നഷ്ടംവരുന്ന ഒരു സ്ഥാപനമാണു് ഏഴുകോടി രൂപാ മൂലധനം മുടക്കി പ്രവത്തനം നടത്തുന്ന റബ്ബർ പ്ലാൻേറഷൻ കാർപ്പറേഷൻ. അതു ഭക്ഷ്യവകുപ്പുമന്ത്രിയുടെ കീഴിലാണോ വ്യവസായവകുപ്പുമന്ത്രിയുടെ കീഴിലാണോ എന്നു് സംശയമാണു്. ഏതായാലും ഒൻപതിനായിരം ഏക്കറോളം ഭൂമി റബ്ബർ കൃഷി ചെയ്യുന്നതാണു്. അതിൻെറ മാനേജിംഗ് ഡയറക്ടർ താമസിക്കുന്നതു തിരുവനന്തപുരത്താണു്. ആഫീസ് കോട്ടയത്താണു്. പ്രവത്തനം കാലടിയിലും അടുത്തുമാണു്. കൺസ്ട്രക്ഷൻ സപ്ലൈ ആലുവായിലാണു്. കൺസ്ട്രക്ഷൻ സപ്ലൈ ബിൽഡിംഗിനു 450 രൂപ വാടകയാണു്. അതിനു് ഒരു എക്സിക്യൂട്ടീവ് എൻജിനീയർ, രണ്ടു അസിസ്റ്റൻറു എൻജിനീയറന്മാർ, മൂന്നോ നാലോ ജൂനിയർ എൻജിനീയറന്മാർ ഇവരുടെ എല്ലാം മേൽനോട്ടത്തിലാണു് അതിൻെറ പ്രവത്തനം നടത്തുന്നതു്. അതിനുവേണ്ടി ഒന്നരലക്ഷം രൂപ ചെലവഴിക്കുകയാണു്. അങ്ങനെ അനാവശ്യമായി നിരവധി പാഴ്ചെലവുകൾ അതിലുണ്ടു്. അതു് അവസാനിപ്പിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

[Deputy speaker in the chair]

ശ്രീ. എ. എൽ. ജേക്കബ്ബ്: ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. അതോടൊപ്പം വ്യവസായവകുപ്പുമന്ത്രിയെ അനുമോദിക്കുകയും ചെയ്യുന്നു. ഈ വർഷം നമ്മുടെ ബഡ്ജററു അവതരിപ്പിച്ചതിനുശേഷം അങ്ങേവശത്തിരിക്കുന്ന എന്റെ സ്നേഹിതന്മാരുടെ ഇടയിൽ ഒരു മ്ലാനത, ഒരു അങ്കലാപ്പാണു് കണ്ടതു്. കാക്കക്കൂട്ടിൽ കല്ലിട്ടതുപോലെ. കാരണം, ഇത്രയും പുരോഗമനപരമായ ഒരു ബഡ്ജററു കേരളത്തിന്റെ ചരിത്രത്തിൽ അവതരിപ്പിച്ചിട്ടില്ലാ എന്നുള്ളതാണു്. ഇവിടെയുള്ള എല്ലാ നിഷ്പക്ഷമതികളായിട്ടുള്ള മെമ്പേഴ്സും അതിനെ മുക്തകണ്ഠം അഭിനന്ദിക്കുകയാണു് ചെയ്തിട്ടുള്ളതു്. എന്നാൽ അങ്ങേവശത്തിരിക്കുന്നവർ ഇതു വെറുതെ വിടരുതല്ലോ എന്നു വിചാരിച്ചു്, എന്റെ ചില സ്നേഹിതന്മാർ ചില ഭരണിപ്പാട്ടുകൾ അങ്ങേവശത്തുനിന്നും പാടീട്ടുണ്ടു്. ഈ ഭരണിപ്പാട്ടിനെ സംബന്ധിച്ചിടത്തോളം ഒരു ഐതിഹ്യം ഇപ്പോഴും പറയുന്നുണ്ടു്. അതായതു്, പണ്ടു കൊടുങ്ങല്ലൂർ അമ്പലം ബുദ്ധമത സന്യാസിമാരുടെ വിഹാരരംഗമായിരുന്നു. അവരെ അവിടെനിന്നും എങ്ങനെയെങ്കിലും പുറത്തു ചാടിക്കണം എന്നു വിചാരിച്ചു ചിലർ തെറിപ്പാട്ടുകൾ പാടാൻ തുടങ്ങി. അതു കേട്ടുകേട്ടു സഹിക്കാൻ വയ്യാതായപ്പോൾ അവർ ആ സ്ഥലംവിട്ടു എന്നും, ആ തെറിപ്പാട്ടു പാടിയവർ അവിടെ കയറിപ്പററി എന്നുമാണു്. എന്നാൽ ഒരുകാര്യം ഞാൻ പറയാം. ഞങ്ങൾക്കും ഇതിലും കല്ലുവച്ച ചിലതൊക്കെ പറയാനറിയാം എന്നുള്ള കാര്യം നിങ്ങളും മനസ്സിലാക്കണം. എന്നാൽ ഞങ്ങളുടെ അറിവും സംസ്കാരവും അതിനു ഞങ്ങളെ അനുവദിക്കുന്നില്ല.

സർ, ഈ നാടു് വ്യവസായപരമായി പുരോഗമിക്കുന്നതു കണ്ടിട്ടു് അങ്ങേവശത്തിരിക്കുന്ന എന്റെ സ്നേഹിതന്മാക്കു് ഒരു വിധത്തിലും സഹിക്കാൻ വയ്യാതെയിരിക്കുകയാണു്. അതിനു പ്രധാന കാരണക്കാരൻ നമ്മുടെ ബഹുമാനപ്പെട്ട ഗവർണ്ണറും, മുഖ്യമന്ത്രിയും, വ്യവസായവകുപ്പുമന്ത്രിയും ആണെന്നു പറയുന്നതിൽ തെററില്ല. അവരെ മൂന്നുപേരേയും എത്രതന്നെ അനുമോദിച്ചാലും മതിയാകുന്നതല്ല. ഇക്കഴിഞ്ഞ 1961—62-ൽ ബഡ്ജററു പ്രസന്റു് ചെയ്ത അവസരത്തിൽ നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയായ ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജററു പ്രസംഗത്തിൽ പറഞ്ഞിരിക്കുകയാണു്

"It will not be out of place in this connection to refer to the recent Kerala Development Conference held at Bombay which was inaugurated by the Governor. It is too early to determine the concrete results of the Conference, but the Conference has, no doubt, enabled the leading industrialists of Bombay to have a better appreciation of the potentialities of our State for industrial development. I wish to take this opportunity to record our gratefulness to the Governor for the sincere interest and solicitude he evinces in the progress of the State, especially in the industrial field." എന്നു്.

സർ, നമ്മുടെ ഗവർണ്ണറെ സംബന്ധിച്ചിടത്തോളം അദ്ദേഹം ഊണിലും ഉറക്കത്തിലും സഞ്ചരിക്കുന്ന എല്ലായിടത്തുംതന്നെ വ്യവസായത്തെപ്പററി പറയുകയാണു്. വ്യവസായികളെ നമ്മുടെ നാട്ടിലേക്കു ക്ഷണിക്കുകയാണു്. ഇന്നു ഇവിടെ ഉണ്ടായിട്ടുള്ള ആ വ്യവസായങ്ങളുടെ സുസ്ഥിതിക്കുതന്നെ കാരണക്കാരൻ നമ്മുടെ ഗവർണ്ണറാണു്. അദ്ദേഹത്തെപ്പററി പറയുന്നതുതന്നെ "ഉദയഗിരി ചുവന്നു, നമ്മുടെ ഗിരി നടന്നു" എന്നാണു്. അദ്ദേഹത്തിന്റെ ഉറക്കത്തിൽപോലും ഈ വ്യവസായങ്ങളെപ്പററി പറഞ്ഞുകൊണ്ടിരിക്കുകയാണു്.

സർ, ഇന്നു് സ്റ്റാംസ്റ്റെയിൽ ഇൻഡസ്ട്രീസിനെപ്പററി നോക്കിയാൽ......

ഡപ്യൂട്ടി സ്പീക്കർ: എട്ടുമിനിട്ടു അനുവദിച്ചിട്ടുള്ളതിൽ ആറു മിനിട്ടും കഴിഞ്ഞിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൽ. ജേക്കബ്ബ് ; സർ, നമ്മുടെ സ്റ്റാംസ്റ്റേയിൽ ഇൻഡസ്ട്രീസിനെ സംബന്ധിച്ചിടത്തോളം ഇന്നു അങ്ങേയററം പുരോഗമിച്ചിരിക്കുകയാണു്. ഡിഫെൻസു ഡിപ്പാർട്ടുമെൻറിലേക്കു് ഈ കേരളത്തിൽനിന്നും സപ്ലൈ ചെയ്യിരിക്കുന്ന സാധനങ്ങളുടെ വില നോക്കുകയാണെങ്കിൽ കേരളത്തിൽനിന്നും സപ്ലൈ ചെയ്യിരിക്കുന്നതു് 56.22 ലക്ഷം രൂപ വിലയുള്ളതും, മദ്രാസു് 28.70 ലക്ഷം രൂപയും, പാണ്ടിച്ചേരി 11.32 ലക്ഷം രൂപയും, മൈസൂർ 73 ലക്ഷം രൂപയും, ആന്ധ്ര പ്രദേശ് 4.01 ലക്ഷം രൂപയും ആണെന്നു കാണാം. ഇത്രയും രൂപാ വിലയുള്ള സാധനങ്ങൾ കേരളത്തിൽ നിന്നും ഡിഫെൻസു ഡിപ്പാർട്ടുമെൻറിലേക്കു സ്റ്റാം സ്റ്റേയിൽ ഇൻഡസ്ട്രീസ് സപ്ലൈ ചെയ്യിട്ടുള്ളതാണു്. മററു പല സൗത്ത് ഇൻഡ്യൻ സ്റ്റേററുകളേയും അപേക്ഷിച്ചുനോക്കുമ്പോൾ നാം മുന്നണിയിൽ നിൽക്കുന്നു എന്നു പറയാൻ സാധിക്കും.

മറെറാരു കാര്യം പറയാനുള്ളതു്, ലൈസൻസിനെ സംബന്ധിച്ചു നോക്കിയാൽ ഇൻഡ്യാഗവണ്മെൻറിൽനിന്നും ലൈസൻസു കിട്ടുന്നതിനു വളരെ പ്രയാസങ്ങളുണ്ടു്. അതിനു് എനിക്കു് ഒരു നിർദ്ദേശം ഗവണ്മെൻറിൻെറ മുമ്പാകെ വയ്ക്കുവാനുള്ളതു്, നമ്മുടെ ഒരു ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനെ അവിടെ നിയമിച്ചാൽ ഈ ലൈസൻസു കിട്ടുന്നതിനും മററും എളുപ്പമായിരിക്കും എന്നാണു്. അതിനു നല്ല ശമ്പളം കൊടുത്തു യോഗ്യനായിട്ടുള്ള ഒരാളെ അവിടെ വയ്ക്കണം. റിട്ടയർ ചെയ്യിട്ടുള്ള ആളെവയ്ക്കരുതു്. നല്ല ചുറുചുറുക്കുള്ള ആളിനെ വയ്ക്കണം. അങ്ങനെയുള്ള ഒരാളിനെ നല്ല സാലറി കൊടുത്തുവച്ചാൽ അതിനുള്ള ഗുണമുണ്ടാകും. പിന്നെ ഒന്നു് ശ്രീ. കെ. ആർ. കെ. മേനോൻ അദ്ദേഹത്തിൻെറ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കാര്യമാണു്. ഒരു ഫ്രീ ട്രേഡ്സോൺ ഉണ്ടാക്കുന്നതിനെ സംബന്ധിച്ചുള്ളതാണു്. നമ്മുടെ സാധനങ്ങൾ വിദേശങ്ങളിലേക്കു കയററി അയയ്ക്കുന്നതിനും മററുമുള്ള കാര്യങ്ങൾക്കും ഡ്യൂട്ടിയില്ലാതെ കയററിറക്കുമതികൾ നടത്തുന്നതിനും അതു വളരെ അധികം ഉപകരിക്കുന്നതാണു്.

സർ, അതുകൂടാതെ വേറെ ഒന്നെനിക്കിവിടെ പറയാനുള്ളതു്, നമ്മുടെ ഇവിടത്തെ മരച്ചീനി വ്യവസായത്തെപ്പററിയാണു്. നമ്മുടെ കേരളത്തിൽ മരച്ചീനി ഉല്പാദനം 15 ലക്ഷം ടൺ ആണു്. അതു വളരെ വ്യവസായപരമായ അടിസ്ഥാനത്തിൽ നടത്താൻ സാധിക്കുന്നതാണു്. ഇൻഡ്യയുടെ ആവശ്യം മൂന്നാം പഞ്ചവത്സരപദ്ധതിയിൽ രണ്ടരലക്ഷം ടണ്ണോളം മരച്ചീനി സ്റ്റാർച്ച് മാത്രമാണു്. എന്നാൽ നാലാം പദ്ധതിയിൽ നാലു ലക്ഷം ടൺ സ്റ്റാർച്ച് ആവശ്യമായിവരും. അങ്ങനെ വരുമ്പോൾ മരച്ചീനി സ്റ്റാർച്ചുണ്ടാക്കുന്ന വ്യവസായം ഇവിടെ കുറഞ്ഞുപോകും. അതു വളരെ തെററായ കാര്യമാണു്. അതുകൊണ്ടു് മരച്ചീനിവ്യവസായം നല്ല രീതിയിൽ നടത്തുന്നതിനു നാം ആലോചിക്കേണ്ടതായിട്ടുണ്ടു്. അങ്ങനെയാണെങ്കിൽ ഇൻഡ്യൻ മാർക്കററു തന്നെ നമുക്കു കാപ്ചർ ചെയ്യാൻ സാധിക്കും. പലതും അതിനെപ്പററി പറയാനുണ്ടു്. പക്ഷെ, സമയമില്ലാത്തതുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു. ഈ ധനാഭ്യർത്ഥനയെ ഞാൻ മുക്തകണ്ഠം അനുകൂലിക്കുന്നു.

ശ്രീ. കെ. അനിരുദ്ധൻ : മാഡം, ശ്രീമാൻ രവീന്ദ്രൻ അവതരിപ്പിച്ച കട്ട്മോഷനെ ഞാൻ പിൻതാങ്ങുന്നു. ഇതു പിൻതാങ്ങുമ്പോൾ അദ്ദേഹം ഇവിടെ പരാമർശിച്ച കേരളത്തിൻെറ ഒരററംമുതൽ മറേറ അററംവരെയുള്ള വ്യവസായങ്ങളുടെ പ്രവർത്തനത്തെപ്പററി ഒരു അന്വേഷണം നടത്തി സമർപ്പിച്ച വിവരങ്ങളെസംബന്ധിച്ചിടത്തോളം അവ എന്തുകൊണ്ടു അങ്ങനെ നടക്കുന്നു എന്നു ഇതിനകം സംസാരിച്ച അങ്ങേവശത്തിരിക്കുന്ന എൻെറ സ്നേഹിതന്മാർക്കു പറയാൻ കഴിഞ്ഞിട്ടില്ല. ഞാൻ ഈ രാജ്യത്തൊട്ടാകെയുള്ള വ്യവസായങ്ങളെ സംബന്ധിച്ചു പരാമർശിക്കുന്നതിനുമുമ്പു നമ്മുടെ രാജ്യത്തിൻെറ തലസ്ഥാനനഗരമായ തിരുവനന്തപുരം പട്ടണത്തിലെ വ്യവസായങ്ങളെസംബന്ധിച്ചു, അതിലും പ്രത്യേകിച്ചു പത്തുപതിനഞ്ചു കൊല്ലക്കാലമായി അവയോടു കാണിച്ചുകൊണ്ടിരിക്കുന്ന അവഗണനയെസംബന്ധിച്ചും, ഉള്ള വ്യവസായങ്ങൾതന്നെ

LIBRARY ARCHIVES Kerala Legislative Assembly

പൊളിച്ചു താറുമാറാക്കുന്നതുസംബന്ധിച്ചും ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനാണ് ഉദ്ദേശിക്കുന്നതു്. ഒരു 20 കൊല്ലം മുമ്പ് അന്നു ഇവിടെ നാടുവാണിരുന്ന മഹാരാജാവിൻെറകൂടെ ഉണ്ടായിരുന്ന ദിവാൻ ഇവിടെ രണ്ടുമൂന്നു വ്യവസായങ്ങൾക്കു അടിസ്ഥാനമിട്ടു. അതിലൊന്നു് തിരുവനന്തപുരത്തുള്ള ട്രാവൻകൂർ ടൈററാനിയം ഫാക്ടറിയാണ്. മറെറാന്നു്, ഇവിടത്തെ റബ്ബർഫാക്ടറിയാണ്. വേറൊരു വ്യവസായം ഇവിടത്തെ പി. ഡബ്ലിയു. ഡി. വർക്ക്ഷോപ്പാണ്. ലോകത്തിൽവച്ചു ഏററവും മികച്ച ലേ ഔട്ടു ഉള്ളതായ ഒരു പോളിഷ് മിഷൻ ഇവിടെ വന്നപ്പോൾ അഭിപ്രായപ്പെട്ടിട്ടുള്ളതു, ലോകത്തിലെ ഒന്നാംകിട ലേ ഔട്ടാണ് പി. ഡബ്ലിയു. ഡി. വർക്ക്ഷോപ്പിൽ ഉള്ളതു് എന്നാണ്. അവിടെ വളരെ അതിശയകരമായിട്ടുള്ള ലേത്തുകൾ, ഡ്രില്ലിംഗ് മെഷീനുകൾ ഇതെല്ലാം ഉണ്ടാക്കുന്നുണ്ടു്. എൻെറ മാന്യസ്നേഹിതൻ ശ്രീമാൻ റഹിം പറഞ്ഞതു പോലെ രണ്ടുകൊല്ലവും മൂന്നുകൊല്ലവും കാത്തിരുന്നാൽമാത്രമേ ഒരു ലൈസൻസു കിട്ടുകയുള്ളു. അതെല്ലാം നോക്കിയാൽ ഒരു ലേ ഔട്ടുള്ള ഒരു വർക്ക്ഷോപ്പാണ് അതു്. അവിടെ പത്തുനാനൂറുപേർക്കു തൊഴിൽ കൊടുത്തുകൊണ്ടിരിക്കുന്നു. അതിലേറെ ജോലികൾ അവിടെ ചെയ്യാൻ കഴിയും.

ഇൻഡ്യയിലെ വർക്ക്ഷോപ്പുകളിൽ മികച്ച ഒരു സ്ഥാപനത്തിൽ വളരെ കൃത്യമായി, വിവരത്തോടുകൂടി, സമർത്ഥമായി യന്ത്രസാമഗ്രികൾ ഉല്പാദിപ്പിക്കാൻ കഴിവുള്ള തൊഴിലാളികൾ, നമ്മുടെ വ്യാവസായിക നേട്ടത്തിൻെറ ഫലമായി ഇന്നു് റോഡിൻ ഈച്ചയും അടിച്ചു കൊണ്ടിരിക്കുകയാണ്. ലോകത്തിലെ ഒന്നാംകിട വിലകൂടിയ ഉപകരണങ്ങൾ, ചില ഉദ്യോഗസ്ഥന്മാർ സ്വകാര്യസ്ഥാപനങ്ങൾക്കും, ട്രാൻസ്പോർട്ടു വർക്ക്ഷോപ്പിനുമായി കൊടുത്തിരിക്കുകയാണ്.

അതുപോലെതന്നെ തിരുവനന്തപുരം ടൈററാനിയം ഫാക്ടറിയുടെ കാര്യം. അതിൻെറ വികസനത്തെപ്പററി എത്രയോ തവണ അസംബ്ലിയിൽ തന്നെ ചർച്ച നടന്നിട്ടുണ്ടു്. അടുത്തകാലത്താണ് അതിൻെറ വികസനത്തിനായി ഒരു ശ്രമം നടത്തിയിട്ടുള്ളതു്. ഇന്നത്തെ നിലയിൽ അതിൻെറ പ്രവർത്തനം നടക്കുകയാണെങ്കിൽ, അതിൻെറ ഭാവിയെ സംബന്ധിച്ചിടത്തോളം വാസ്തവത്തിൽ ആശങ്കയുണ്ടു്.

സർ, നമുക്കൊരു സെക്കിൾ റിം ഫാക്ടറിയുണ്ടു്. ഇന്നു് സബ് സ്റ്റാൻേറർഡ് ക്വാളിററിയിലുള്ള ഉല്പാദനമാണെങ്കിലും, ഡൺലപ്പിനോടു കിടപിടിക്കുന്ന ഉല്പാദനം നല്ല യന്ത്രസാമഗ്രികൾ ഉപയോഗിച്ചാൽ നമുക്കുണ്ടാക്കാവുന്നതാണ്. കേരള സൈക്കിൾസ് ഫാക്ടറി ഇന്നു പൂട്ടിയിട്ടിരിക്കുകയാണ്. കേരള സൈക്കിൾസ്, സൈക്കിൾ റിം ഫാക്ടറി, റബ്ബർ ഫാക്ടറി ഇവ ആദായകരമായി നടത്താനും, കുറെ തൊഴിലാളികൾക്ക ജോലി കൊടുക്കാനും സാധിക്കുമെന്ന പ്രതീക്ഷയിലാണ ആരംഭിച്ചതു്. അതിൻെറ പ്രവർത്തനംകൊണ്ടു ഇന്നു കാര്യമായ നേട്ടം ഉണ്ടായിട്ടില്ല. റബ്ബർ ഫാക്ടറിയിൽ ഉണ്ടാക്കുന്ന ടയർ, പൈപ്പുകൾ മുതലായവ സെല്ലിംഗ് ഏജൻസിയുടെ തകരാറുമൂലം വേണ്ടവിധം ലാഭത്തിൽ വിററഴിക്കാൻ സാധിക്കുന്നില്ല. ഇവിടെനിന്നു് മദിരാശി, ആന്ധ്രാ, തൃശ്ശിനാപ്പള്ളി, കൽക്കട്ടാ, ബാംബെ എന്നിവിടങ്ങളിലേക്ക കയററിഅയയ്ക്കുന്ന സാധനങ്ങൾക്ക് യഥാർത്ഥ വിലയുടെ മുന്നിരട്ടി ഡമറേജ് കൊടുക്കേണ്ടിവരുന്ന ഉത്തരവാദിത്വമില്ലായ്മയാണ് സെല്ലിംഗ് ഏജൻസിക്കുള്ളതു്. ട്രാൻസാക്ഷനു ഡിലേ വരുത്തി ഡമറേജ് കൊടുക്കേണ്ടിവരുന്ന സാഹചര്യം ഇന്നുണ്ടാകുന്നുണ്ടു്. അങ്ങനെ ഉത്തരവാദിത്വമില്ലാത്ത ഏജൻസിയെയാണ മാനേജ്മെൻറു അംഗീകരിച്ചിരിക്കുന്നതു്. ആവശ്യമുള്ള റബ്ബർ വാങ്ങുന്ന കാര്യത്തെപ്പററി ഇവിടെ സൂചിപ്പിച്ചിട്ടുണ്ടു്. ഏററവും കുറഞ്ഞ ടെൻഡർ ഉണ്ടായിരുന്നിട്ടു് കൂടിയ ടെൻഡർ സ്വീകരിച്ചു് നഷ്ടം വരുത്തിയിട്ടുണ്ടു്. സർ, വിലകൂടിയ കുറെ മെഷീനറി വരുത്തി ഫാക്ടറി വികസിപ്പിക്കാൻ നടപടി നടത്താതെ ഉപയോഗശൂന്യമായി ഇട്ടിരിക്കുന്നതിനെപ്പററി പറഞ്ഞപ്പോൾ, ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു്, എയറോഡ്രോമിനു സ്ഥലം എടുക്കുമെന്നുള്ള സംശയംകൊണ്ടു ആവശ്യമായ നടപടി പുരോഗമിക്കാതിരുന്നതാണെന്നാണ്. 1958-ലോ, 59-ലോ ആണ് മെഷീനറി വരുത്തിയതു്. എയറോഡ്രോം വികസിപ്പിക്കാൻ തീരു

[ശ്രീ. കെ. അനിരുദ്ധൻ]

മാനിച്ചിട്ട് രണ്ടുകൊല്ലമേ ആയിട്ടുള്ളു. കഴിഞ്ഞ നാലഞ്ചുകൊല്ലക്കാലമായി ബഹുമാനപ്പെട്ട മന്ത്രിയും, ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരും പ്രത്യേകിച്ച് റബർഫാക്ടറി മാനേജ്മെന്റും എന്തുചെയ്യുകയായിരുന്നു; എയറോഡ്രോം വികസിപ്പിക്കാൻ നിശ്ചയിച്ചിട്ട ഇപ്പോൾ രണ്ടുകൊല്ലമേ ആയിട്ടുള്ളു. ആ കാരണം പറഞ്ഞു് ഇതിന്റെ നടപടി മാറ്റിവച്ചു എന്നു പറയുന്നതിൽ അർത്ഥമില്ല. സർ, റബ്ബർ ഫാക്ടറിയിലെ ആവശ്യത്തിനു് യു. പി. യിൽനിന്നു് ഏഴായിരം രൂപാ വിലക്കു ഒരു മെഷീൻ വാങ്ങി, ഫൈനൽ പ്രോസസിംഗിനുള്ള ഒരു മെഷീനായിരുന്നു. അതിന്റെ ആവശ്യം എന്താണെന്നു്, പ്രവർത്തനം എങ്ങനെയാണെന്നു അവിടത്തെ ടെക്നിക്കൽ വിദഗ്ദ്ധനു് മനസ്സിലാകാതെ അതു ചവറുകൂട്ടയിൽ തള്ളപ്പെട്ടിരിക്കുകയാണു്. ഈ ഫാക്ടറി ലാഭത്തിൽ നടത്താൻ സാധിക്കുകയില്ല എന്നു വരുത്തി, മറ്റെന്തോ ഉദ്ദേശത്തോടുകൂടി ഇതിന്റെ മാനേജ്മെന്റു പ്രവർത്തിക്കുന്നില്ലേ എന്നു സംശയം തോന്നിപ്പോകുന്നു. വളരെ വേദനാജനകമായ ഒരു കാര്യമാണു്; ഇപ്പോൾ 30 ശതമാനം ഉല്പാദനംമാത്രമേ അവിടെ നടത്താൻ സാധിക്കു എന്നു പറഞ്ഞു്, ഇപ്പോഴത്തെ ഫാക്ടറി നടത്തിപ്പിന്റെ നഷ്ടത്തിനുപുറമേ, ഒരു അഡീഷണൽ എയിഡുകൂടി കൊടുത്തു്, റബ്ബർ ഫാക്ടറിയും, സൈക്കിൾ റിം ഫാക്ടറിയും, സൈക്കിൾ ഫാക്ടറിയും ചേർത്തു് ഒരാളിന്റെ ചുമതലയിൽ കൊടുക്കാൻ പോകുന്നതായിട്ടാണു അറിയുന്നതു്.

സർ, ഈ ഫാക്ടറിയുടെ വ്യവസായസംബന്ധമായ പ്രചരണത്തിനു ഒരു പരസ്യം കൊടുത്തതിനു് ഒരു ഉദാഹരണം പറയാം. 1963—ൽ, ഇൻഡസ്ട്രിയൽ ലേബർ സ്പെഷ്യൽ എന്ന പേരിൽ ഐ. എൻ. ടി. യു. സി. നേതാവിന്റെ ഒരു പ്രസിദ്ധീകരണത്തിൽ റബ്ബർ ഫാക്ടറിയുടേയും മറ്റു രണ്ടു വ്യവസായങ്ങളുടെയും ഒരു പരസ്യം നാലിഞ്ചു നീളത്തിൽ കൊടുത്തിട്ടുണ്ടു്. ഒരു ചെറിയ ഖണ്ഡികയിലാണു് ഈ വ്യവസായങ്ങളുടെ പരസ്യം കൊടുത്തിരിക്കുന്നതു്. 500 രൂപയാണു് പരസ്യത്തിനു ചെലവു്. സർക്കുലേഷൻ ധാരാളമുള്ള പ്രസിദ്ധീകരണത്തിനാണോ പരസ്യം കൊടുത്തതു്. വ്യവസായത്തിനു എന്തെങ്കിലും പരസ്യം ഉണ്ടാകത്തക്ക നിലയിലാണോ കൊടുത്തതു് എന്നൊന്നും ഇവിടെ പ്രശ്നമല്ല. രാഷ്ട്രീയകക്ഷികളെ ധനപരമായി സഹായിക്കുവാൻ ഇത്തരത്തിലുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതു നല്ലതല്ല. ഉദ്യോഗസ്ഥന്മാരെ ഭീഷണിപ്പെടുത്തി, ഭരണകക്ഷി തങ്ങളുടെ സ്വന്തമാണു്, വ്യവസായങ്ങൾ മുഴുവൻ നടത്തുന്നതു് താനാണു് എന്നമട്ടിൽ ഐ. എൻ. ടി. യു. സി. പ്രവർത്തകർ സമ്മർദ്ദം ചെലുത്തിയതുകൊണ്ടാണോ ഈ പരസ്യം കൊടുത്തതെന്നു് അറിഞ്ഞില്ല. കാൺഗ്രസ്സ് പ്രസിഡന്റു് ശ്രീ. കാമരാജനാടാരുടെ ഫോട്ടോയും, മറ്റു ചില കാൺഗ്രസ്സുകാരുടെ ബ്ലാക്കുമുള്ള ഒരു പ്രസിദ്ധീകരണത്തിൽ ഇങ്ങനെയൊരു പരസ്യം കൊടുത്താൽ വ്യവസായം എത്ര പുരോഗമിക്കാനാണു്? സർ, സർ. സി. പി. രാമസ്വാമി അയ്യർ ഇവിടെ ദിവാനായിരുന്നപ്പോൾ, തിരുവനന്തപുരത്തു് വിഴിഞ്ഞത്തു് ഒരു ഹാർബർ ഉണ്ടാക്കുന്നതിനു് ഒരു ബ്ലൂ പ്രിന്റു തയ്യാറാക്കിയിരുന്നു. 22 കൊല്ലത്തിനുമുൻപാണു് അതു നടന്നതു്. ഇന്നുവരെ ഗവണ്മെന്റിനു് അതിനെപ്പറ്റി പരിശോധിക്കാനോ നടപടി നടത്താനോ സമയം കിട്ടിയില്ല. ഇപ്പോൾ അവിടെ ഒരു മീൻപിടുത്ത കേന്ദ്രമാക്കിത്തീർക്കാനുള്ള ശ്രമമാണു ചെയ്യുന്നതു്.

സർ, ഈ രാജ്യത്തെ വ്യവസായം വളരെ പുരോഗമിച്ചിട്ടുണ്ടു്, ലൈസൻസു കിട്ടാനുള്ള ഏർപ്പാടുകൾ ചെയ്യുന്നുണ്ടു്, ഒരുനല്ല ശീതോഷ്ണാവസ്ഥ വ്യവസായത്തെ സംബന്ധിച്ചിടത്തോളം ഇവിടെ ഉണ്ടായിട്ടുണ്ടു് എന്നെല്ലാം പറഞ്ഞുകേൾക്കുന്നുണ്ടു്. ഇവിടത്തെ വ്യവസായരംഗത്തെ നില നല്ലതാണെന്നു കേരളാ ഗവർണ്ണറെക്കൊണ്ടും പറയിച്ചിട്ടുണ്ടു്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നു നാം വ്യാവസായികമായി വളരെ മുമ്പോട്ടുപോയിട്ടുണ്ടെന്നു് നാം വ്യവസായരംഗത്തു് പുരോഗമിക്കുകയല്ല, അഗാധതയിലേക്കു ഇറങ്ങി നശിക്കാൻപോകുകയാണെന്നാണു് ഭരണാധികാരികളോടും, ബന്ധപ്പെട്ട മന്ത്രിമാരോടും എനിക്കു പറയാനുള്ളതു്. കേരളത്തിലെ മുഖ്യമായ പ്രശ്നം വ്യവസായങ്ങൾക്കു വേണ്ടിട

LIBRARY ARCHIVES Kerala Legislative Assembly

ത്തോളം അഭിവൃദ്ധി ഉണ്ടാക്കുക എന്നുള്ളതാണ്. ഈവക കാര്യങ്ങളെസംബന്ധിച്ച് വസ്തുതകൾപറയുമ്പോൾ, പുറപ്പാട്ടുപാടി പ്രതിപക്ഷത്തിരിക്കുന്നവർ വെറും വിമർശനം നടത്തുകയാണെന്നു പറയും. സർ, ഇവിടെ കുറേ അംബർ ചക്ക് വരുത്തി, ആറേഴലക്ഷത്തോളം രൂപാ ചെലവാക്കി, നാലായിരം അംബർ ചക്രാവരുത്തി. നാലായിരം കുടുംബങ്ങൾക്ക് അതുകൊണ്ടു ജീവിക്കാൻ സാധിക്കുമായിരുന്നു എന്നാണ് ആദ്യം വ്യവസായവകുപ്പുമന്ത്രി പറഞ്ഞതു്. സർ, ഒരൊററ അംബർ ചക്കയെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ? ഖാദി ബോർഡിനെപ്പററി പറയാനാണെങ്കിൽ, 50 ലക്ഷം രൂപാവരെ ഗ്രാൻറിനത്തിൽ വാങ്ങുന്നുണ്ടു്. സുമാർ 23 ലക്ഷം രൂപാ അഡ്മിനിസ്ട്രേഷൻ ഇനത്തിൽ ചെലവാകുന്നുണ്ടു്.

ശ്രീ. കെ. ആർ. വിജയൻ: മാഡം, ബഹുമാനപ്പെട്ട വ്യവസായ വകുപ്പു മന്ത്രി ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുകയാണ്. സർ, ഈ ധനാഭ്യർത്ഥനയെ ആദ്യമായിട്ട് എതിർത്തു സംസാരിച്ച ശ്രീ. പി. രവീന്ദ്രൻ, കണ്ണൂർ മുതൽ തിരുവനന്തപുരം വരെയുള്ള വ്യവസായങ്ങളെ സംബന്ധിച്ച് ഒരു വിഹഗവീക്ഷണം നടത്തുകയുണ്ടായി. സാധാരണ അദ്ദേഹം വ്യവസായങ്ങളെപ്പററി സംസാരിക്കുമ്പോൾ വളരെ ശക്തിയായ ഭാഷയിൽ, ആവേശത്തോടുകൂടി സംസാരിക്കുക പതിവാണ്. ഇന്ന് അദ്ദേഹം വളരെ ലഘുവായി, മൃദുവായ ഭാഷയിലാണ് സംസാരിച്ചുകേട്ടതു്. ആദ്യം അദ്ദേഹം വടക്കുനിന്നു തിരുവനന്തപുരത്തേക്കാണ് പറക്കാൻ തുടങ്ങിയതു്. അദ്ദേഹം പറക്കാൻ തുടങ്ങിയപ്പോൾ, ഒരു ഗരുഡന്റെ പറക്കൽ പോലെയായിരിക്കുമെന്നു ഞാൻ കരുതി. ഗരുഡൻ പറന്നാൽ, ഭൂമിയിലുള്ള ഫണീന്ദ്രനുപോലും ഭയമാണ്. പക്ഷേ ഒരു ആററക്കിളി പറക്കുന്നതുപോലെയാണ് എനിക്കു തോന്നിയതു്. അദ്ദേഹം പറന്നു തിരുവനന്തപുരത്തുവരെ വരാൻ വളരെ പ്രയാസപ്പെട്ടു. പ്രസംഗത്തിന്റെ പോക്കു കണ്ടാൽ അതു മനസ്സിലാക്കാം.

സർ, ഈ ഗവണ്മെൻറു അധികാരത്തിൽ വന്ന അവസരത്തിൽ, വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം വ്യക്തമായ ഒരു നയം 1960 ജൂൺമാസം മൂന്നാംതീയതി സംജാതമായിട്ടുണ്ടു്. അതിന്റെ വെളിച്ചത്തിൽ വളരെയധികം വ്യവസായികൾ ആകർഷിക്കപ്പെട്ടു. മൂലധനം വളരെ വർദ്ധിച്ചിട്ടുണ്ടു്. തൊഴിലാളികൾക്ക് അവരുടേതായ അവകാശങ്ങൾ സമ്പാദിക്കുന്നതിനു പററിയ അന്തരീക്ഷം ഉണ്ടായിട്ടുണ്ടു്. അങ്ങനെ വ്യവസായത്തിന്റെ പുരോഗതിയെ ഉററു നോക്കിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഒന്നുരണ്ടു വാക്കുകൾ അതിനെപ്പററി എനിക്കു പറയാനുണ്ടു്. കേന്ദ്ര സെക്ടറിൽ എഴുപതു കോടി രൂപയോളം മുതൽമുടക്കുള്ള വ്യവസായങ്ങൾ ഉണ്ടായിട്ടുണ്ടു്. ഇനിയും നിശ്ചയിച്ചിട്ടില്ലാത്ത, സ്ഥലനിർണ്ണയം ചെയ്യുന്നതോടുകൂടി എട്ടുപത്തു കോടി രൂപയുടെ വ്യവസായങ്ങൾകൂടി ലഭിക്കുമ്പോൾ മൊത്തം 80 കോടി രൂപാ മുതൽമുടക്കുള്ള വ്യവസായങ്ങൾ നമുക്കു പ്രതീക്ഷിക്കാം. മൂന്നാം പഞ്ചവത്സര പദ്ധതിയുടെ രൂപരേഖ ചർച്ചചെയ്ത അവസരത്തിൽ നാം പ്രതീക്ഷിച്ചതിൽ കൂടുതൽ വ്യവസായങ്ങൾ നമുക്കു കിട്ടാൻ സാദ്ധ്യതയുണ്ടു്. അതുപോലെതന്നെ ഉള്ള വ്യവസായങ്ങൾ വികസിപ്പിക്കുന്നതിനും ശരിയായ അന്തരീക്ഷം ഇവിടെ സംജാതമായിട്ടുണ്ടു്.

നമ്മുടെ പ്രാദേശിക വ്യവസായമായ കൈത്തറി രംഗത്തും കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ടു്. ആ രംഗത്തു പണിയെടുക്കുന്ന തൊഴിലാളികൾക്കു സ്ഥിരമായ വരുമാനം ഉണ്ടാക്കുന്ന വിധത്തിൽ ഇന്നു തൊഴിൽ കിട്ടിക്കൊണ്ടിരിക്കുന്നുണ്ടു്. കയർ വ്യവസായം പുനഃസംഘടിപ്പിക്കുന്നതിന് നടപടികൾ എടുത്തിട്ടുണ്ടു്. അതിൽ ചില തെററുകളും കുററങ്ങളും കണ്ടേക്കാം. അതിനെ പർവ്വതീകരിച്ചുകൊണ്ടു ആ വ്യവസായം ആകെ സ്തംഭിച്ചിരിക്കുന്നു എന്നു പറയുന്നതു ശരിയല്ല. കയർ വ്യവസായത്തിന് ഇന്ന് പുരോഗതി ഉണ്ടായിട്ടുണ്ടു്. ഇത്തരം വ്യവസായങ്ങൾക്ക് ഇന്നു മൂലധനം ഇല്ലാത്തതുമൂലം ബുദ്ധിമുട്ടുണ്ടാകുന്നുണ്ടു്. അപ്പെക്സ് സൊസൈററിയുടെ പ്രവർത്തംമൂലം ഈ കുഴപ്പം പരി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ആർ. വിജയൻ]

ഹരിക്കപ്പെടുന്നതാണ്. എല്ലാ സഹകരണ സംഘങ്ങൾക്കും സഹായം നൽകാൻ അപ്പെക്സ് സൊസൈററി മുഖേന സാധിക്കുന്നതാണ്. അപ്പെക്സ് സൊസൈററി രൂപവൽക്കരിച്ച അവസരത്തിൽ അതിൻെറ മൂലധനം 33068 രൂപാ ആയിരുന്നു. ഇപ്പോൾ അതു് 12 ലക്ഷമായി വർദ്ധിച്ചിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതു പോലെ കാലതാമസം ഇല്ലാതാക്കാനും, റിസർവ്വ് ബാങ്കിൽനിന്നു കിട്ടാവുന്നിടത്തോളം തുക വാങ്ങിക്കുന്നതിനും ഇന്നു് സൗകര്യം ഉണ്ടായിട്ടില്ല.

കഴിഞ്ഞ രണ്ടുമൂന്നു വർഷത്തെ കണക്കുകൾ നോക്കിയാൽ 61—ൽ 26 ലക്ഷം രൂപയുടെ തുണിത്തരങ്ങളും 25 ലക്ഷം രൂപയുടെ നൂലും വാങ്ങി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. അതിനു തൊട്ടടുത്ത വർഷത്തിൽ നാൽപ്പതു ലക്ഷത്തോളം വരുന്ന രൂപാ വിലപിടിപ്പുള്ള തുണിത്തരങ്ങളും 38 ലക്ഷത്തോളം വരുന്ന യാണും വാങ്ങി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഇതുപോലുള്ള മററു അംഗസംഘങ്ങൾക്കും അതിൻേറതായ പ്രവർത്തനം ചെയ്യാൻ 1961—ൽ 28 ലക്ഷം രൂപാ വായ്പയായി കിട്ടാൻ സൗകര്യം ഉണ്ടായിരുന്നതു 64 ആയപ്പോൾ 42 ലക്ഷമായി ഉയരുകയും ഈ വർഷം 55 ലക്ഷമായി ഉയർത്താൻ കഴിയുകയും ചെയ്തിട്ടുണ്ടെന്നുള്ളതു തന്നെ ഈ രംഗത്തുള്ള വ്യവസായങ്ങളിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾക്കു് കൂടുതൽ സഹായം കൊടുക്കുന്നുണ്ടെന്നുള്ളതിനു ഒരു തെളിവാണ്. സ്ഥിരമായിട്ടും സ്ഥായിയായിട്ടും ഉള്ള പുരോഗതി ഇതിൽ ഉണ്ടായിട്ടുണ്ട്. റിബേററു അനുവദിച്ചുകൊടുക്കുന്ന കാര്യത്തിലും സുലഭമായി നൂൽ കൊടുക്കുന്ന കാര്യത്തിലും ഗവൺമെൻറു പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ഇന്നു നിലവിലിരിക്കുന്ന നടപടിയനുസരിച്ചു് ഈ വ്യവസായത്തിൽ കൂടുതൽ തൊഴിൽ കൊടുക്കുന്നതിലേക്കു കൂടുതൽ സ്പിന്നിംഗ് മില്ലുകൾ ആരംഭിക്കണം. കണ്ണൂർ സ്പിന്നിംഗ് മില്ലിൽ ഏതാനും മാസത്തിനകം ഉൽപ്പാദനം തുടങ്ങുമെന്നു കാണുന്നതു സന്തോഷകരമാണ്. പത്തു സ്പിന്നിംഗ് മില്ലുകൾ പുതുതായി സഹകരണ മേഖലയിൽ ആരംഭിക്കുമെന്നു പറഞ്ഞു. അതിൻെറ പണി എത്രയും വേഗം ആരംഭിച്ചു് ഓരോ ജില്ലയിലും പ്രവർത്തിക്കണം. ആവശ്യമായ സ്പെഷ്യൽ ആഫീസറെ നിയമിച്ചു മൂലധനം സംഘടിപ്പിച്ചു അങ്ങനെ സ്പിന്നിംഗ് മില്ലുകൾ ആരംഭിക്കണമെന്നു ഞാൻ അപേക്ഷിക്കുകയാണ്. ഈ അവസരത്തിൽ മൂവായിരം തൊഴിലാളികൾ പണിയെടുക്കുന്നതും വളരെക്കാലം മുമ്പുതൊട്ടു പ്രസിദ്ധിയാർജ്ജിച്ചിട്ടുള്ളതുമായ ചേന്നമംഗലം പറവൂർ പ്രദേശത്തു് ഒരു സ്പിന്നിംഗ് മിൽ ഗവൺമെൻറു സ്ഥാപിക്കണം എന്നു് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഇവിടെ സ്പിന്നിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനു ആവശ്യമായ മെഷീൻസ് കിട്ടാത്തതിനെപ്പററി സൂചിപ്പിക്കുകയുണ്ടായി. മദ്രാസ് സംസ്ഥാനത്തിൽ ഇതു സംബന്ധിച്ചു ഒരു നടപടി സ്വീകരിച്ചിട്ടുണ്ട്. അവിടെ പന്ത്രണ്ടു സ്പിന്നിംഗ് മില്ലുകൾക്കാവശ്യമായ മെഷീൻസ് വാങ്ങുന്നതിലേക്കായി ഒന്നിച്ചു് ഓഡർ കൊടുക്കുകയും 9 എണ്ണത്തിൻെറവില മാത്രം കൊടുത്തു ലാഭകരമായി വാങ്ങുകയും ചെയ്തപ്പോൾ 3 എണ്ണം കമ്മീഷൻ ഇനത്തിൽ ലഭിക്കുകയുണ്ടായി. ആ നില ഗവൺമെൻറു ഇവിടെയും സ്വീകരിക്കുകയാണെങ്കിൽ തീർച്ചയായും ഇവിടെയും ഈ മാതിരി സ്ഥാപനങ്ങൾ പുരോഗമിക്കുമെന്നുള്ളതിൽ യാതൊരു തർക്കത്തിനും അവകാശമില്ല. ഞാൻ ഈ ധനാഭ്യർത്ഥനയെ ഒന്നുകൂടി അനുകൂലിച്ചുകൊണ്ടു് എൻെറ പ്രസംഗം അവസാനിപ്പിക്കുകയാണ്.

[Mr. Speaker in the Chair]

ശ്രീ. സി. എ. മാത്യു: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. ഈ ധനാഭ്യർത്ഥനയെ ആക്ഷേപിച്ചുകൊണ്ടു് ഇവിടെ പ്രസംഗിച്ചവർ അവരുടെ വിവരക്കുറവുകൊണ്ടാണ് അപ്രകാരം ചെയ്തതെന്നു ഞാൻ കരുതുന്നില്ല. മനഃപൂർവം കണ്ണടച്ചു ഇരുട്ടു വരുത്തുന്നതിനു അവർ ശ്രമിക്കുകയാ

LIBRARY ARCHIVES Kerala Legislative Assembly

യിരുന്നു. കഴിഞ്ഞ മൂന്നു നാലു വർഷമായിട്ട് നമ്മുടെ വ്യാവസായിക രംഗത്തു കൈവരുത്തുവാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ വച്ചുനോക്കിയാൽ ഇന്നു എത്രതന്നെ ആക്ഷേപം പറഞ്ഞാലും കണ്ണുള്ളവരുടെ ഇടയിൽ അതു വിലപ്പോവുകയില്ല എന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. മദ്ധ്യാഹ്ന സൂര്യനെ ശീലക്കുട നിവർത്തി മറയ്ക്കുന്ന രീതിയിലേ ഇതിനെ കാണാൻ കഴിയുകയുള്ളു. ഖാദി ബോർഡിനെ സംബന്ധിച്ചിടത്തോളം ശ്രീമാൻ രവീന്ദ്രനും അനിരുദ്ധനും ഇവിടെ ചില കാര്യങ്ങൾ പറയുകയുണ്ടായി. പ്രധാനമായിട്ടും പയ്യന്നൂർ ഖാദി സെൻററിനെ സംബന്ധിച്ചും, അംബർ ചർക്കയുടെ പരാജയത്തെക്കുറിച്ചും, നീരാഭവൻ എടുത്തുകളഞ്ഞതിനെപ്പററിയും പിന്നെ അഡ്മിനിസ്ട്രേഷനെ സംബന്ധിച്ചും ചില കാര്യങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടു. ഒരു കാര്യം പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി: അച്ചാർ സൊസൈററിയെ സംബന്ധിച്ചും പറഞ്ഞിട്ടുണ്ട്.

ശ്രീ. സി. എ. മാത്യു: ഏതായാലും ഇവർ പറഞ്ഞിട്ടുള്ള ആക്ഷേപങ്ങൾ ഈ ഗവൺമെൻറു അധികാരത്തിൽ വരുന്നതിനുമുമ്പു നടന്ന സംഭവങ്ങളെക്കുറിച്ചായിരുന്നു എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പറന്മാർ അനുസ്മരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. പയ്യന്നൂർ ഖാദി സെൻറർ ഖാദി ബോർഡ് ഏറെറടുത്തതു 1-11-59-ൽ ആണ്. അവിടത്തെ കണക്കുകൾ വേണ്ട രീതിയിൽ പരിശോധിച്ചിട്ടില്ല, സ്റ്റാക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല എന്നെല്ലാം പറയുന്നതു ശരിയല്ല. ആ സ്റ്റാക്കുതിട്ടപ്പെടുത്തുന്നതിൽ പാകപ്പിഴകൾ വന്നിട്ടുണ്ടെന്നുള്ള കാര്യം റിക്കാർഡ് നോക്കിയിട്ടു കാണാൻ കഴിയുന്നില്ല. സ്റ്റാക്കു തിട്ടപ്പെടുത്താനും കണക്കുകൾ വേണ്ട രീതിയിൽ എഴുതുന്നതിനും ഉത്തരവാദിത്വമുള്ള ഒരു ബോർഡാണ് ഖാദിബോർഡ്. ചില ചില്ലറ കാര്യങ്ങളിൽ തിട്ടപ്പെടുത്താതെയുണ്ട്. എങ്കിലും ബാക്കി കാര്യങ്ങൾ വച്ചുനോക്കുമ്പോൾ മുമ്പുണ്ടായിരുന്ന നില ഇന്നില്ല. സ്റ്റാക്കു വിററഴിക്കുന്നതിനെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ന്യായമായ വിലയ്ക്കു ഖാദിബോർഡ് നിശ്ചയിച്ചിട്ടുള്ള വിലയ്ക്കു വിററതാണെന്നു മി. രവീന്ദ്രനെ ഞാൻ അറിയിക്കുകയാണ്. അംബർ ചർക്കയുടെ പ്രവർത്തനത്തെപ്പററി ഇവിടെ പറയുകയുണ്ടായി. നാലായിരത്തോളം ചർക്ക ഇവിടെ വിതരണം ചെയ്തിട്ടുണ്ട്. പ്രധാനമായിട്ടും ബോർഡ് നേരിട്ടു നടത്തണം എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് അതു വിതരണം ചെയ്തിട്ടുള്ളതു്. അതു ഇപ്പോൾ വേണ്ടത്ര പ്രയോജനപ്പെടാതെ കിടക്കുകയാണെന്നുള്ളതു ഒരു വസ്തുതയാണ്. ഏതാണ്ട് നാനൂറു അംബർ ചർക്കകൾ മാത്രമേ ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുള്ളു. ഈ ഗവൺമെൻറിൻെറ ചുമതലയിൽ ഉള്ള ബോർഡിനു് അതിൻെറ ഉത്തരവാദിത്വം ഉണ്ടെന്നു ഞാൻ സമ്മതിക്കുകയാണ്. അംബർ ചർക്കയുടെ പരിശീലനത്തിനു വിട്ടിരുന്ന ആളുകൾ അതു വേണ്ടിടത്തോളം പ്രയോജനപ്പെടുത്തിയിട്ടില്ല. അതിൻെറ കേടുവന്ന ഭാഗങ്ങൾ നന്നാക്കുന്നതിനു വിദഗ്ദ്ധന്മാരായ ആളുകളെ നമുക്കു കിട്ടിയിരുന്നില്ല എന്നുള്ളതും ഇവിടെ സ്മരണീയമാണ്. എങ്കിലും ഈ കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തിയതിൻെറ ഫലമായി വളരെയധികം ചർക്കകൾ പ്രവർത്തനക്ഷമമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ വർഷം അവസാനിക്കുന്നതിനുമുമ്പ് വിതരണം ചെയ്ത ചർക്കകളുടെ ഏതാണ്ട് 35 ശതമാനം വരെ പ്രവർത്തനക്ഷമമാക്കുന്നതിനു ഒരു കമ്മിഷൻ രൂപീകരിക്കുകയും അതിൻെറ ചെയർമാനായി ധേബാർജിയെ നിയമിച്ചുകൊണ്ട് പ്രത്യേകമായ ഒരു വർക്കിംഗ് ഗ്രൂപ്പ് നിശ്ചയിച്ചുകൊണ്ട് കൂടുതൽ കേന്ദ്രീകരിച്ചുകൊണ്ട് ഇതിൻെറ പ്രവർത്തനം ശരിപ്പെടുത്തുവാനും അതുവഴി ഖാദി ഉൽപ്പാദനങ്ങൾ വർദ്ധിപ്പിക്കുവാനും നടപടി സ്വീകരിച്ചിരിക്കുകയാണ്. തീർച്ചയായിട്ടും വളരെയധികം പ്രയോജനം ഉണ്ടാക്കുവാൻ കഴിയുമെന്നു ഞാൻ വിശ്വസിക്കുകയാണ്.

അടുത്തതായി നീരാഭവൻ നിറുത്തിക്കളഞ്ഞുവെന്നും അതിൻെറ ഉപകരണങ്ങൾ വിററുവെന്നും ഇവിടെ ആരോപണം ഉന്നയിച്ചിട്ടുണ്ട്. ഉപകരണങ്ങൾ വിററിട്ടില്ല. കോഴിക്കോട്ടു ജില്ലയിൽ നീരാഭവൻ തുടങ്ങുകയാണെങ്കിൽ ആ ഉപകരണങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എ. മാത്യു]

പിന്നെ അഡ്മിനിസ്ട്രേഷനെപ്പററിയുള്ള ചാർജാണ്. 25 ലക്ഷം രൂപ അവിഹിതമായി വിനിയോഗിച്ച എന്നൊരാരോപണം ഉണ്ടായി. അഡ്മിനിസ്ട്രേററിവ് ചാർജ്ജിനു വച്ചിട്ടുള്ളതു അങ്ങേയററം 5 ലക്ഷം രൂപയാണ്. ഖാദിബോർഡ് ഇതിനുവേണ്ടി വിനിയോഗിച്ചിട്ടുള്ള ഏററവും കൂടുതൽ തുക 4 ലക്ഷം രൂപയാണ്. മററു ഡിപ്പാർട്ടുമെൻറുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ അവർ കൈകാര്യം ചെയ്തിട്ടുള്ള തുകയുടെ പത്തുശതമാനം താഴെ മാത്രമേ ബോർഡ് ചെലവാക്കിയിട്ടുള്ള എന്നുള്ളതു അഭിമാനകരമാണ്. 45 ശതമാനംവരെ അഡ്മിനിസ്ട്രേററിവ് എക്സ് പെൻസസിനു ചെലവാക്കുന്ന ഡിപ്പാർട്ടുമെൻറു ഉള്ളപ്പോൾ പത്തു ശതമാനത്തിനു താഴെ ഏററവും പരിമിതമായി ഉപയോഗിച്ച മിച്ചമുള്ളതു ഗവണ്മെൻറിലേക്കു തിരിച്ചടയ്ക്കുന്നതിനുള്ള പ്രവണത കാണിച്ചിട്ടുള്ളപ്പോൾ 25 ലക്ഷം രൂപ ചെലവാക്കിയെന്നും മററും ആക്ഷേപങ്ങൾ ചൂണ്ടിക്കാണിക്കുന്നതു തികച്ചും കടന്നകൈ ആയിപ്പോയി എന്നുമാത്രമേ എനിക്കു പറയാനുള്ളു. ഗ്രാമീണ ജനതയ്ക്കു ഉപകാരപ്രദമായ രീതിയിൽ ഈ പ്രസ്ഥാനത്തെ വളർത്തിയെടുക്കുന്നതിനുള്ള ആവേശം ബോർഡിൻെറ പ്രവർത്തനങ്ങളിൽ മാത്രമല്ല പൊതുവേ ജനങ്ങളിൽ തന്നെ കാണുന്നുണ്ടെന്നുള്ളതു സന്തോഷകരമായ വസ്തുതയാണ്. ഈ കാര്യങ്ങൾപ്രസ്താവിച്ചുകൊണ്ടു ഞാൻ ഈ ധനാഭ്യർത്ഥനയെ ആത്മാർത്ഥമായി പിന്താങ്ങുകയാണ്.

ശ്രീ. എം. സി. എബ്രഹാം: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുകയാണ്. വ്യാവസായിക രംഗത്തു മൂന്നാം പദ്ധതിക്കാലത്തു വമ്പിച്ച പുരോഗതി ഉണ്ടായിരുന്നു എന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണ്. സ്മാൾസ്കെയിൽ സെക്റ്ററിൽ ഉണ്ടായിട്ടുള്ള അഭിവൃദ്ധിയെ സംബന്ധിച്ച് ഊന്നിപ്പറയുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. സ്മാൾസ്കെയിൽ സെക്റ്ററിലെ സ്ഥിതിവിവരണക്കണക്കുകൾ സഭയുടെ അനുവാദത്തോടുകൂടി ഞാൻ വായിക്കാൻ ഉദ്ദേശിക്കുകയാണ്. ഇപ്പോൾ സ്മാൾസ്കെയിൽ സെക്റ്ററിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിററ് ഈ സംസ്ഥാനത്തു 1965 എണ്ണമാണ് ഉള്ളതു്. മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു സ്വകാര്യ മേഖലയിൽ ഇങ്ങനെയുള്ള യൂണിററുകൾ സ്ഥാപിക്കുന്നതിനുവേണ്ട പ്രേരണയും പ്രോത്സാഹനവും നൽകപ്പെടുന്നുണ്ട്. അതിൻെറ ഫലമായി ഈ കഴിഞ്ഞ മൂന്നുകൊല്ലക്കാലം ഈ സംസ്ഥാനത്തു രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിററുകളുടെ എണ്ണം 1416 ആയി ഉയർന്നിട്ടുണ്ട്. രണ്ടുമൂന്നു വർഷക്കാലമായി ഇങ്ങനെ രജിസ്റ്റർ ചെയ്തിട്ടുള്ളതിൻെറ ക്യാപ്പിററൽ ഔട്ട് ലേ 508 ലക്ഷം രൂപയാണ്. സ്മാൾസ്കെയിൽ സെക്റററിൽ ഉള്ള യൂണിററുകളിൽകൂടി 23260 പേക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. കൂടാതെ ഈ മൂന്നാം പദ്ധതിയിൽ ഇതിനുവേണ്ടി തുക കൊള്ളിച്ചിരിക്കുന്നതു് 255 ലക്ഷം രൂപയാണ്. ഇതു പറയുമ്പോൾ രണ്ടുമൂന്നു കൊല്ലക്കാലത്തെ ചെലവുകൾകൂടി ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുണ്ട്. 1961–62 വർഷത്തിൽ 50 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. 1962–63 വർഷത്തിൽ 32 ലക്ഷത്തിലധികം ചെലവാക്കിയിട്ടുണ്ട്. 1963–64–ൽ 47·64 ലക്ഷം രൂപ ചെലവാക്കും എന്നു ഉദ്ദേശിക്കപ്പെടുകയാണ്. അതുപോലെതന്നെ സ്മാൾസെക്കയിൽ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വമ്പിച്ച തുകകൾ കടമായി നൽകപ്പെട്ടിട്ടുണ്ട്. 1961–62 വർഷത്തിൽ 21 ലക്ഷത്തിലധികം രൂപയും 1962–63 വർഷത്തിൽ 20 ലക്ഷം രൂപയും ഈ വർഷം 18 ലക്ഷം രൂപയും വായ്പയായി നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള ഒന്നുരണ്ടു കാര്യങ്ങൾ പരിശോധിക്കുകയാണെങ്കിൽ സ്മാൾസ്കെയിൽ സെക്റററിൽ വമ്പിച്ച പുരോഗതി ഉണ്ടായിട്ടുണ്ടെന്നു കാണാൻ കഴിയും. ഇങ്ങനെയുള്ള വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഡിപ്പാർട്ടുമെൻറിൽനിന്നും പല വിധത്തിലുള്ള സഹായങ്ങളും ചെയ്തുവരുന്നുണ്ട്. സാങ്കേതികമായ സഹായവും സാമ്പത്തിക സഹായവുംകൂടാതെ ഹയർപർച്ചേസ് സിസ്റ്റപ്രകാരവും യന്ത്രസാമഗ്രികൾ വരുത്തിക്കൊടുക്കുക തുടങ്ങിയ പല വിധത്തിലുള്ള കാര്യങ്ങൾ ചെയ്തുവരുന്നുണ്ട്. ഈ സ്മാൾ

LIBRARY ARCHIVES Kerala Legislative Assembly

സ്കെയിൽ സെക്ടറിലേയ്ക്ക് വ്യവസായികളെ ആകർഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനുംവേണ്ടി ഇവിടെ സ്മാാൾസ്കെയിൽ ഇൻഡസ്ട്രിയൽ കാർപ്പൊറേഷൻ രൂപീകരിച്ചിട്ടുണ്ട്. അതിന്റെ ഫലമായിട്ട് ഈ രംഗത്തു് അഭൂതപൂർവ്വമായ പുരോഗതി കൈവന്നിട്ടുണ്ട്. കാർപ്പറേഷന്റെ ഉദ്ദേശം റാ മെറ്റീരിയൽസ് വരുത്തി സപ്ലൈ ചെയ്യുക എന്നുള്ളതാണ്. മറ്റൊരു കാര്യം എനിക്കു പറയുവാനുള്ളതു് ഗവണ്മെന്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ ഭരണം ഏറ്റെടുക്കുകയും പുതുതായിട്ടുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നടപ്പിൽ വരുത്തുകയും ചെയ്തിട്ടുള്ളതാണ്. ഇൻഡസ്ട്രിയലിനെപ്പറ്റി പറയുകയാണെങ്കിൽ ചെറുകിട വ്യവസായങ്ങൾ പ്രധാനമായ പങ്ക് വഹിക്കുകയും ചെയ്തിട്ടുണ്ട്.

രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു് ഈ സംസ്ഥാനത്തു് എട്ട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. മൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തു് കൂടുതലായിട്ട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിനു് 125 ലക്ഷത്തോളം രൂപ നീക്കിവച്ചിരുന്നു. ഈ രൂപകൊണ്ട് പുതിയതായി പത്തു് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്; അതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയുമാണ്. പലതിന്റേയും ആവശ്യത്തിനുള്ള കെട്ടിടങ്ങൾ കെട്ടിത്തുടങ്ങുകയും സ്ഥലം അക്വയർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ മറൈൻ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതിയും അംഗീകരിച്ചിട്ടുണ്ട്. എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ സ്ഥലങ്ങളിൽ ഡവലപ്പ്മെന്റ് പ്ലോട്ടുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതുപോലെ തന്നെ സ്വകാര്യമേഖലയിൽ രണ്ടു മൂന്നു് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും ഈ ഡിപ്പാർട്ടുമെന്റിൽനിന്നും ആസൂത്രണം ചെയ്തിട്ടുണ്ട്. അങ്ങനെ നോക്കുകയാണെങ്കിൽ എല്ലാംകൊണ്ടും തീർച്ചയായിട്ടും സ്മാാൾസ്കെയിൽ ഇൻഡസ്ട്രീസിൽ വമ്പിച്ച പുരോഗതി ഉണ്ടായിട്ടുണ്ടെന്നു് കാണാവുന്നതാണ്.

മറ്റൊരു വസ്തുത ചൂണ്ടിക്കാണിക്കാനുള്ളതു്, വ്യവസായങ്ങൾ സ്ഥാപിക്കുന്നതിൽ ഒരു റീജിയണൽ ബാലൻസ് പാലിക്കേണ്ട ആവശ്യത്തെപ്പറ്റിയാണ്. നമ്മുടെ സംസ്ഥാനത്തു് ചില ഡിസ്ട്രിക്റ്റുകളിലും, ചില കേന്ദ്രങ്ങളിലും വ്യവസായങ്ങൾ കേന്ദ്രീകരിക്കുകയും, മറ്റു ചില സ്ഥലങ്ങളിൽ ഒരു വ്യവസായവും നടപ്പിലാക്കാതിരിക്കുകയുമാണ്. ഉദാഹരണമായി കോട്ടയം ഡിസ്ട്രിക്റ്റിൽ കഴിഞ്ഞകൊല്ലം ഒരു റബ്ബർ ഫാക്റ്ററി സ്ഥാപിക്കുന്നതിനുള്ള ലൈസൻസ് കിട്ടുകയുണ്ടായി. എന്നാൽ ആ ഫാക്റ്ററി കോട്ടയത്തു് സ്ഥാപിക്കാതെ പാലക്കാട്ട് ഡിസ്ട്രിക്റ്റിലേയ്ക്ക് കൊണ്ടുപോയിരിക്കുകയാണ്. അതു് കേരളത്തിനു മൊത്തത്തിൽ ഗുണമാണെങ്കിലും കോട്ടയത്തെ സംബന്ധിച്ചിടത്തോളം വലിയ പ്രയാസമാണ്. കോട്ടയത്തു് ഒരു വൻകിട വ്യവസായം ഉണ്ടെന്നു് പറയാൻ സ്പിന്നിംഗ്മിൽ മാത്രമാണ്. അതിന്റെ പ്രവർത്തനം ശരിയായ രീതിയിൽ മുന്നോട്ടു വന്നിട്ടില്ല. പൊതുമേഖലയിലായാലും ശരി, സ്വകാര്യമേഖലയിലായാലും ശരി കോട്ടയത്തു് വൻകിട വ്യവസായങ്ങൾ സ്ഥാപിച്ചു് അവിടെയുള്ള തൊഴിലില്ലായ്മ പ്രത്യേകിച്ചു് വൈക്കം താലൂക്കിലുള്ള തൊഴിലില്ലായ്മ അവസാനിപ്പിക്കുന്നതിനു് ഗവണ്മെന്റിൽനിന്നും ശ്രദ്ധിക്കണമെന്നു് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. ഇത്രയും കാര്യങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തികൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

<u>ശ്രീ. പി. നാരായണൻ തമ്പി</u> : സർ, വ്യവസായവകുപ്പിലേക്കുള്ള ധനാഭ്യർത്ഥനയുടെ ചർച്ചാവേളയിൽ ഒരു കാര്യം പറയാൻ എനിക്കു് സന്തോഷമുണ്ട്. ഈ അടുത്തകാലത്തായി, ചെറുകിട വ്യവസായങ്ങളുടെ പ്രവർത്തനത്തിൽ നല്ല രീതിയിലുള്ള ഒരു ചലനം കാണുന്നുണ്ട്. പക്ഷേ, അതുകൊണ്ടു് എല്ലാം ഭംഗിയായിയെന്നോ, വളരെ വിശദമായി ശ്രീ. പി. രവീന്ദ്രൻ ഇതിനെപ്പറ്റി നല്ലപോലെ പഠിച്ചതിനുശേഷം ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള പോരായ്മകളെല്ലാം ഇല്ലാത്തതാണെന്നോ അർത്ഥമാക്കേണ്ടതില്ല. ഇനിയും നല്ല രീതിയിൽ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ടിരി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. നാരായണൻ തമ്പി]

ക്കുന്നതു്. ശ്രീ. സി. എ. മാത്യു ഇവിടെ പറഞ്ഞതുപോലെ, കുട പിടിച്ചു് സൂര്യകിരണങ്ങളെ മറയ്ക്കുന്നതുപോലെ, സൂര്യകിരണങ്ങളെ മറയ്ക്കുന്നതിനുള്ള കാർമേഘങ്ങൾ ഉണ്ടു്; ആ കാർമേഘങ്ങളെ മാററുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണു്.

ജോയിൻറു സ്റ്റോക്കു് കമ്പനി രൂപീകരിച്ചതു് നല്ല ഒരു പരീക്ഷണമാണെന്നു സമ്മതിക്കാം. പക്ഷേ, ഇവിടെ തന്നിട്ടുള്ള എക്സ്പ്ലനേററി മെമ്മോറാണ്ടവും ഇതിലേക്കുവേണ്ടി വകയിരുത്തിയിട്ടുള്ളതും, റിവൈസ്ഡ് എസ്റ്റിമേററിലുള്ള കുറവുകളും ഡിവിഡണ്ടിൽനിന്നുള്ള പ്രതീക്ഷകളും ആകെക്കൂടി വച്ചുനോക്കിയാൽ ഗവണ്മെൻറിനു തന്നെ ഇതിനെപ്പററി നല്ല ഒരു ശുഭാപ്തിവിശ്വാസം ഉണ്ടോയെന്നു് സംശയം തോന്നുന്നു. ഏതായാലും ഞാൻ ഇക്കാര്യങ്ങൾ സൂചിപ്പിച്ചുവെന്നേയുള്ളു. ഈ തരത്തിൽ വളരെയധികം ശ്രദ്ധയോടുകൂടി മുന്നോട്ടുള്ള പോക്കു തുടരേണ്ടതാണു്. ഇതുവരെ നഷ്ടത്തിലാണു് നടന്നുകൊണ്ടിരുന്നതെന്നുള്ള പരാതി ഇതിൽ ഉന്നയിക്കാൻ സാധിക്കും.

എനിക്കു് പ്രധാനമായി മറെറാരു കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താനുണ്ടു്. ഇവിടെ അടിയന്തിരാവസ്ഥ സംജാതമായതിനുശേഷം ഡിഫൻസ് എക്വിപ്മെൻറ്സിനാവശ്യമായ വളരെയധികം സാധനങ്ങൾ നമ്മുടെ രാജ്യത്തുനിന്നും കയററി അയയ്ക്കാൻ സാധിക്കും. അതിനാവശ്യമായി വേണ്ടതു് വിദ്യുച്ഛക്തിയാണു്. ആവശ്യമുള്ള വിദ്യുച്ഛക്തി നൽകാൻ സാധിച്ചില്ലെങ്കിൽ തീർച്ചയായും വ്യവസായങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുകയില്ല. ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറിനു് ആവശ്യമുള്ള ഇലക്ട്രിസിററി വിതരണം ചെയ്യണമെന്നു് ഇലക്ട്രിസിററി ബോർഡിനോടു് റക്കമെൻറു ചെയ്യുമ്പോൾ, ഇലക്ട്രിസിററി ബോർഡിനു് ആ റക്കമെൻറേഷൻ സ്വീകരിക്കാൻ ന്വിത്സാഹമില്ലാതെയാണിരിക്കുന്നതു്. ഇനി നമുക്കു് എവിടെ നിന്നെങ്കിലും ഇലക്ട്രിസിററി കിട്ടുമെന്നു് പ്രതീക്ഷിക്കാൻ സാദ്ധ്യതയില്ലാത്തതുകൊണ്ടു്, കൂടുതൽ ധനവ്യയം ആണെന്നു വരികിലും കുറെ തെർമ്മൽ സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതാണു്.

മറെറാരു പ്രധാനമായ കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളതു്, നമ്മുടെ സ്റ്റേററിൽ വ്യവസായങ്ങൾക്കു് ആവശ്യമായ കൺട്രോൾഡ് ഗുഡ്സ് വിതരണം ചെയ്യുന്നതിലും അതു് ഉപയോഗപ്പെടുത്തുന്നതിലും ഗവണ്മെൻറിൽനിന്നും ആവശ്യമായ ശ്രദ്ധ ചെലുത്തുന്നില്ലെന്നുള്ളതാണു്. കൺട്രോൾഡ് ഗുഡ്സിൽ പിഗ് അയൺ, സ്റ്റെയിൻലസ് സ്റ്റീൽ, റാഡ്സ് മുതലായവ നമ്മുടെ സ്റ്റേററിലുള്ള വ്യവസായസ്ഥാപനങ്ങൾക്കു് ആവശ്യമുള്ളിടത്തോളം കിട്ടുന്നുണ്ടോയെന്നു് പരിശോധിക്കേണ്ടതാണു്. ഓരോ കൊല്ലവും നമുക്കാവശ്യമായതു് കണക്കാക്കി കേന്ദ്രത്തിൽനിന്നും വാങ്ങിക്കാൻ ശ്രമിക്കേണ്ടതാണു്. ഇതു് വിതരണം ചെയ്യുന്നതിൽ ശരിയായ മാർഗ്ഗം സ്വീകരിക്കാത്തതുകൊണ്ടു് വ്യവസായികൾക്കു് ആവശ്യത്തിനു് സാധനങ്ങൾ കിട്ടുന്നില്ല. അതിനു് ഞാൻ ഒരു ഉദാഹരണം പറയാം. അതായതു് തിരുവനന്തപുരത്തുള്ള ബ്ലാക്ക് സ്മിത്ത്സ് എൻജിനീയറിംഗ് കമ്പിനി, ഇലക്ട്രിസിററി ബോർഡിലെ ചില സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള കോൺട്രാക്റ്റു് ഏറെറടുത്തിട്ടുണ്ടു്. അവർക്കു് ആവശ്യമായ പിഗ്അയൺ കിട്ടുന്നില്ലെന്നുള്ള പരാതികളും സങ്കടങ്ങളും കേൾക്കുകയുണ്ടായി. അവർക്കു് കൊടുക്കുന്ന പിഗ്അയൺ സാധനങ്ങൾ ഉണ്ടാക്കി ഇലക്ട്രിസിററി ബോർഡിലേക്കു് കൊടുക്കുന്നതിൽ, പിഗ്അയൺ വേണ്ടവണ്ണം ഉപയോഗിക്കുന്നുണ്ടോയെന്നു് ശരിയായി ഗവണ്മെൻറിനു് പരിശോധിക്കാൻ സാധിക്കുന്നതാണു്. പക്ഷേ, ഗവണ്മെൻറിൽ നിന്നും അങ്ങനെ പരിശോധിക്കുന്നില്ല. പിഗ്അയൺ ശരിയായ രീതിയിൽ ഉപയോഗിക്കാതെ വ്യവസായികൾ ബ്ലാക്ക്മാർക്കററു നടത്തുന്നതായി അറിയുന്നു. അതുകൊണ്ടു് ഇലക്ട്രിസിററി ബോർഡിലേക്കു് കൊടുക്കുന്ന സാധനങ്ങൾ പിഗ് അയൺ ഉപയോഗിച്ചുണ്ടാക്കിയതാണോയെന്നു് ശരിയായ രീതിയിൽ ചെക്കു് ചെയ്യുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ സ്വീകരിക്കണം. ഇതു് ഉദ്യോഗസ്ഥന്മാർ അനാസ്ഥ കൊണ്ടോ, കരുതിക്കൂട്ടിയോ ചെയ്യുന്നതായിരിക്കുകയില്ല. വ്യവസായികൾക്കു് സാധനങ്ങൾ ഉണ്ടാക്കുന്നതിനു് ആവശ്യമായ മെററൽസു് കൊടുക്കേണ്ടതാണു്. അങ്ങനെ അവർ മെററൽസു് വാങ്ങിയതിനുശേഷം ഇവിടെയുള്ള വ്യവസായശാലകളിൽ വച്ചു് സാധനങ്ങൾ ഉല്പാദിപ്പിക്കുന്നതിനു പകരം, മററു സംസ്ഥാനങ്ങളിലേക്കു് ബ്ലാക്കു് മാർക്കററിൽ വിൽക്കുന്നതായിട്ടറിയുന്നു. എറണാകുളത്തുള്ള സ്റ്റോറിൽനിന്നും ലോറിമുഖേന മെററലുകൾ കോയമ്പത്തൂരിൽ കൊണ്ടുപോയി വിററതായിട്ടുള്ള വ്യക്തമായ പരാതികൾ കിട്ടിയിട്ടുണ്ടു്. അതിനെക്കുറിച്ചു് ഗവണ്മെൻറിൽനിന്നും അന്വേഷണം നടത്തേണ്ടതാവശ്യമാണു്. ഈ സാധനങ്ങൾ ഉപയോഗിച്ചു് ഉല്പന്നങ്ങൾ ഉണ്ടാക്കുന്നുണ്ടോയെന്നു് പരിശോധിക്കുന്നതിനുള്ള മെഷീനറിയുണ്ടോ? തൊഴിലാളികളിൽനിന്നും ആവശ്യമുള്ള സ്റ്റേററുമെൻറുകൾ വാങ്ങിച്ചും, സർപ്രൈസു് ഇൻസ്പെക്ഷൻ നടത്തിയും സ്റ്റാക്കു് വെരിഫൈ ചെയ്തും ഇങ്ങനെ ശരിയായ രീതിയിൽ പരിശോധനകൾ നടത്തിയില്ലെങ്കിൽ എനിക്കു് പറയുവാനുള്ളതു് ഇവിടെ നിന്നും വളരെയധികം അസംസ്കൃതസാധനങ്ങൾ, ഇൻഡ്യാഗവണ്മെൻറിൽ നിന്നും നമുക്കു് അനുവദിച്ചുകിട്ടുന്ന പിഗ്ഗു് അയൺ, ബ്രാസു് മെററൽ മുതലായവ കോയമ്പത്തൂരിലേക്കും മററും കള്ളക്കടത്തു് കടത്തുകയും, അവിടെ വ്യാവസായികമായ പുരോഗതിയും തൊഴിൽസൗകര്യവും ഉണ്ടാകുകയും, നമ്മുടെ രാജ്യത്തു് വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ സാധിക്കാത്ത ഒരു പരിതഃസ്ഥിതി സംജാതമാകുകയും ചെയ്യും എന്നാണു്. ഇതുകൊണ്ടു് ഒന്നുരണ്ടു് വ്യവസായികൾക്കു് കൊള്ളലാഭം അടിക്കുന്നതിനു് മാത്രമേ സാധിക്കുകയുള്ളു. അതുകൊണ്ടു് ഇതിനെപ്പററിയെല്ലാം അന്വേഷണം നടത്തുന്നതിനു് ഫ്ളൈയിംഗ് സ്ക്വാഡുകളെ നിയമിക്കേണ്ടതാണു്.

മറെറാരു കാര്യം എനിക്കു് പറയുവാനുള്ളതു് കോമേഴ്സു് ഡിപ്പാർട്ടുമെൻറു് ശരിയായ രീതിയിൽ ഓർഗനൈസു് ചെയ്തിട്ടുണ്ടോയെന്നും ശരിയായ രീതിയിൽ വ്യവസായങ്ങൾ തുടങ്ങത്തക്കവിധത്തിൽ സംഘടിപ്പിച്ചിട്ടുണ്ടോയെന്നും പരിശോധിക്കേണ്ടതാണെന്നാണു്. കോമേഴ്സു് ഡിപ്പാർട്ടുമെൻറു് വളരെ ഭംഗിയായി പ്രവർത്തിച്ചാൽ മാത്രമെ ഇൻഡസ്ട്രീസു് ഡിപ്പാർട്ടുമെൻറു് വിജയിക്കുകയുള്ളു. ക്വാളിററി നിശ്ചയിക്കുന്നതിനും, ഇവിടെ ഉണ്ടാകുന്ന സാധനങ്ങൾക്കു് മാർക്കററിംഗ് കണ്ടുപിടിക്കുന്നതിനുമുള്ള ശ്രമങ്ങൾ നടത്തിയാൽ മാത്രമേ നമ്മുടെ സ്റ്റേററിലെ വ്യവസായങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുകയുള്ളു. ഇവിടെ വ്യവസായ ഡിപ്പാർട്ടുമെൻറിലുള്ള ഉദ്യോഗസ്ഥന്മാർക്കു് ഇപ്പോൾ വളരെയധികം അസംതൃപ്തിയുണ്ടു്. ഇങ്ങനെ ഉദ്യോഗസ്ഥന്മാർ അസംതൃപ്തരായിരുന്നാൽ ഒരുപക്ഷേ പ്രവർത്തനം സ്തംഭിച്ചുവെന്നും വരും. വളരെയധികം ജാഗ്രതയോടുകൂടി ഉദ്യോഗസ്ഥന്മാർ പ്രവർത്തിക്കേണ്ട ഒരു സ്ഥാപനമാണു് വ്യവസായ ഡിപ്പാർട്ടുമെൻറു്. ഉദ്യോഗസ്ഥന്മാരുടെയിടയിൽ പരാതികളുണ്ടെങ്കിൽ തീർച്ചയായും ബഹുമാനപ്പെട്ട മന്ത്രി അതിനെപ്പററി അന്വേഷിച്ചു്, ആ പരാതികൾ തീർക്കുകയും നല്ല രീതിയിൽ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ തയാറാകുകയും ചെയ്യേണ്ടതാണു്. അടുത്തതായി എനിക്കു പറയുവാനുള്ളതു് ഇൻഡസ്ട്രിയൽ കോവാപ്പറേററീവു് സൊസൈററികളെപ്പററിയാണു്. വളരെയധികം ഇൻഡസ്ട്രിയൽ കോവാപ്പറേററീവു് സൊസൈററികൾ ആരംഭിക്കുകയും, അവയുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ തുടരുകയും ചെയ്തിരുന്നു. എന്നാൽ ഈ അടുത്ത കാലത്തായി അവയുടെ പ്രവർത്തനം മന്ദീഭവിച്ചിരിക്കുകയാണു്. കാരണം അതിലേക്കാവശ്യമായ ആഡിററിംഗ് സ്റ്റാഫോ, ഇൻസ്പെക്ററിംഗ് സ്റ്റാഫോ ഇല്ല. 100 ഇൻഡസ്ട്രിയൽ കോവാപ്പറേററീവു് സൊസൈററികളുടെ ആഡിററു് നടത്തുന്നതിനു് ഒരു ആഡിറററെയും ഒരു ഇൻസ്പെക്ടറേയുമാണു് നിയമിച്ചിരിക്കുന്നതു്. ഈ സമ്പ്രദായം മാററിയിട്ടു്, ആദ്യഘട്ടത്തിൽതന്നെ ഇവയുടെ പ്രവർത്തനത്തിലുള്ള തകരാറുകൾ മാററുന്നതിനാവശ്യമായ സ്റ്റാഫിനെ നിയമിക്കേണ്ടതാണു്. ഒരു ആഡിറററുടെ കീഴിൽ കൂടിയതു് 50 സൊസൈററികളേ വരാൻ പാടുള്ളു. എങ്കിൽ മാത്രമേ ഒരു വിധമെങ്കിലും ആഡിററു നല്ല രീതിയിൽ നടത്താൻ സാധിക്കുകയുള്ളു. അതുകൊണ്ടു് ഇതിലേക്കു് കൂടുതൽ ഇൻസ്പെക്ഷൻ സ്റ്റാഫിനേയും കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. നാരായണൻ തമ്പി]

ആഡിററിംഗ് സ്റ്റാഫിനേയും നിയമിക്കുന്നതിൽ കുറച്ചു പണച്ചെലവുണ്ടായാലും തരക്കേടില്ല, കൂടുതൽ സ്റ്റാഫിനെ നിയമിക്കുന്ന കാര്യത്തെപ്പററി ഗവണ്മെൻറ് ശ്രദ്ധിക്കുമെന്ന വിശ്വസിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീമതി എ. നഫീസത്തുബീവി: സർ, ഞാൻ വ്യവസായവകുപ്പിലേയ്ക്കുള്ള ഡിമാൻറിനെ പിൻതാങ്ങിക്കൊണ്ടു് ചുരുക്കം ചില കാര്യങ്ങൾ പറയാനാഗ്രഹിക്കുന്നു. പ്രതിപക്ഷത്തുനിന്നും ഉണ്ടായ പ്രസംഗങ്ങൾ ഞാൻ സശ്രദ്ധം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായതുപോലെ രൂക്ഷമായ രീതിയിലുള്ള വിമർശനങ്ങളൊന്നും ഉണ്ടായിട്ടില്ലെന്നുള്ളതിൽനിന്നു തന്നെ ഈ ഗവണ്മെൻറിൻെറ വ്യവസായനയം അങ്ങേയററം വിജയിച്ചിരിക്കുന്നുവെന്നു് തെളിയുന്നതാണു്. ഈ ഗവണ്മെൻറിൻെറ വ്യവസായരംഗത്തുള്ള പുരോഗതി കേരളത്തിലെ ചരിത്രത്തിൽ തങ്കലിപികളാൽ എഴുതിച്ചേർക്കേണ്ടതാണു്. കഴിഞ്ഞ ഗവണ്മെൻറിൻെറ കാലത്തു് 75 ലക്ഷം രൂപയായിരുന്ന വ്യവസായരംഗത്തുണ്ടായിരുന്നതെങ്കിൽ ഇന്നു് 70 കോടിയായി വളർന്നുകഴിഞ്ഞിരിക്കുകയാണു്. സ്ഥിരമായും, സ്ഥായിയായും വളർന്നുകൊണ്ടിരിക്കുന്ന ഒരു ഡിപ്പാർട്ടുമെൻറാണു് ഇവിടത്തെ വ്യവസായഡിപ്പാർട്ടുമെൻറ് എന്നു് നമുക്കു് കാണാൻ സാധിക്കും. ഈ രംഗത്തുണ്ടായിട്ടുള്ള അഭൂതപൂർവ്വമായ വളർച്ചയെ വിലയിരുത്തുകയാണെങ്കിൽ, നിഷ്കളങ്കമായും ആത്മാർത്ഥമായും കാര്യക്ഷമമായും പ്രവർത്തിക്കുന്ന ഒരു മന്ത്രിയുടെ ചിത്രം കാണാൻ സാധിക്കും. വ്യവസായവകുപ്പു മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണു് സർ. കേന്ദ്രത്തിനോടു നമ്മുടെ വ്യവസായത്തിനാവശ്യമായ വിഹിതം കണക്കുപറഞ്ഞു വാങ്ങിക്കുന്നതിനാവശ്യമായ സ്വാധീനം ചെലുത്താൻ കഴിവുള്ള പ്രഗൽഭനായ ഒരു മന്ത്രിയാണു് ഇവിടെയുള്ളതെന്നു് എല്ലാവർക്കും അറിയാവുന്നതാണു്. ഇന്നു് വിവിധ മണ്ഡലങ്ങളിൽ ആരംഭിച്ചിരിക്കുന്ന വ്യവസായങ്ങൾ അടുത്ത ഭാവിയിൽ വളർന്നു്പന്തലിച്ചു പുഷ്ടിപ്രാപിക്കുന്നതാണു്. അതു കേരളത്തിലെ ജനങ്ങൾക്കു് ഹൃദയത്തിനു് കുളുർമ്മയും നയനങ്ങൾക്കു് കൗതുകവും പകർന്നുകൊടുക്കുമെന്നതിനും സംശയമില്ല. ഒരുകാലത്തു് ആരും ശ്രദ്ധിക്കാതെ നിസ്സാരമായി തള്ളിയിരുന്ന പ്രദേശങ്ങളിലേയ്ക്കു് ഇന്നു പുരോഗതിയുടെയും, ഐശ്വര്യത്തിൻേറതുമായ ഒരു പാത വളരെ നിശബ്ദമായും നിസ്വാർത്ഥമായും വെട്ടിത്തുറന്നിരിക്കുന്ന ഒരു കാഴ്ചയാണു് കാണാൻ സാധിക്കുന്നതു്. നമ്മുടെ വ്യവസായരംഗത്തു് ഇന്നു് സ്വീകരിച്ചിട്ടുള്ള നയങ്ങൾ സ്ഥായിയായിട്ടുള്ളതാണെന്നു കാണാവുന്നതാണു്. അടിസ്ഥാനപരമായ പല കാര്യങ്ങളും ഈ ഗവണ്മെൻറു ചെയ്തുതീർത്തിരിക്കുകയാണു്. അതിൽ പ്രധാനമായിട്ടുള്ളതു് കേരള ഇൻഡസ്ട്രിയൽ ഡവലപ്പ്മെൻറു് കോർപ്പറേഷൻ, കേരള ഫൈനാൻഷ്യൽ കോർപ്പറേഷൻ, സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസുകൾ, കോവാപ്പറേറീവു് ഇൻഡസ്ട്രിയൽ എസ്റ്റേററുകൾ സ്ഥാപിക്കുന്നതിനുള്ള നയം, സ്വകാര്യമേഖലയിൽ വരുത്തിയിട്ടുള്ള സ്ഥിരമായ പരിവർത്തനങ്ങൾ ഇവയാണു്. ഇതെല്ലാംതന്നെ ഉടലെടുത്തതു് 1960-നു ശേഷമാണെന്നു് നമുക്കു കാണാൻ സാധിക്കുന്നതാണു്. അങ്ങനെ വ്യാവസായികരംഗത്തു് അടിസ്ഥാനപരമായി ഉറപ്പുള്ള ഒരസ്ഥിവാരം കെട്ടിപ്പടുത്തിരിക്കുകയാണു്. ആ അസ്ഥിവാരത്തിൻെറമേൽ ഈ നാട്ടിലെ ജനങ്ങൾക്കു് ആവശ്യമായ വ്യവസായത്തിൻെറ രമ്യഹർമ്മ്യം അനതിവിദൂരമായ ഭാവിയിൽ നിർമ്മിക്കുവാൻ സാധിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഇങ്ങനെ വ്യവസായരംഗത്തുണ്ടായിട്ടുള്ള പുരോഗതിയുടെ ചിത്രത്തിൻെറ മുന്നിൽ കണ്ണടച്ചുകൊണ്ടു നോക്കിയാലല്ലാതെ അവിടെ ഇരുട്ടാണെന്നു്, ഭാവിക്കാൻ സാധിക്കുകയില്ല.

വ്യവസായ രംഗത്തു് സ്വകാര്യമേഖലയിലായാലും പൊതുമേഖലയിലായാലും ഫാക്ടറികളും ചെറുകിട വ്യവസായശാലകളും കുടിൽ വ്യവസായങ്ങളെല്ലാം തന്നെ അഭിവൃദ്ധിപ്പെട്ടുവരുന്നതായി നമുക്കു് കാണാൻ സാധിക്കും. അതുപോലെ തന്നെ രണ്ടു റൂറൽ ഇൻഡസ്ട്രീസു് പ്രോജക്ടു് കേരളത്തിനുവേണ്ടി നേടിയെടുത്തതിൽ ഈ ഗവണ്മെൻറു് ഒട്ടും അമാന്തം കാണിച്ചിട്ടില്ലെന്നുള്ളതു്

LIBRARY ARCHIVES Kerala Legislative Assembly

എല്ലാവരും സമ്മതിക്കുന്ന ഒരു കാര്യമാണ്. അതിലൊന്നു കോഴിക്കോട്ട് ജില്ലയും മറ്റൊന്നു ആലപ്പുഴ ജില്ലയും അനുവദിച്ചതന്നതു് നാമൊരിക്കലും വിസ്മരിക്കാൻ പാടില്ലാത്ത ഒരു വസ്തുതയാണ്. അതുപോലെ കയർ വ്യവസായരംഗത്തു് നാം നോക്കുകയാണെങ്കിൽ ശരിയായ പുരോഗതി കൈവരുത്തുന്നതിനു ഈ ഗവണ്മെൻറ് ആത്മാർത്ഥമായി ശ്രമിച്ചിരുന്നു എന്ന വസ്തുതയും നമുക്കു കാണാൻ സാധിക്കും. കയർ സ്പെഷ്യൽ ആഫീസറെപ്പററി ഇവിടെ പരാമർശിച്ചുകേട്ടു. അദ്ദേഹത്തിനു എന്തെല്ലാം കുററവും കുറവും ഉണ്ടാകാമെന്നിരുന്നാലും അദ്ദേഹം ആത്മാർത്ഥമായി കയർ വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിന് പരിശ്രമിക്കുന്നതായി നമുക്ക് കാണാൻ സാധിക്കും. ഇതെല്ലാം പറയുമ്പോൾ ആലപ്പുഴ ജില്ലയിലേക്ക് കടന്നു നാമൊന്നു നോക്കേണ്ടതായിട്ടുണ്ട്. ആലപ്പുഴ ജില്ലയെ സംബന്ധിച്ചിടത്തോളം ഈ ഗവണ്മെൻറു വളരെ ശ്ലാഘനീയമായ ഒരു നിലപാടാണ് സ്വീകരിച്ചിട്ടുള്ളതു്. ആലപ്പുഴ ജില്ലയിലെ തൊഴിലില്ലായ്മയും ജനസാന്ദ്രതയും കണക്കിലെടുത്തുകൊണ്ട് 2-5-1962-ൽ ഒരു ഹൈലവൽ കാൺഫറൻസ് വിളിച്ചുകൂട്ടുകയുണ്ടായി. അതിനു രൂപം കൊടുത്തതും അതിൻെറ ഘടനയും നടപടിക്രമവും എങ്ങനെ ആയിരുന്നാലും ഏതു് അടിസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്നാലും ഒരു വസ്തുത വളരെ വ്യക്തമാണ്. ഈ ഗവണ്മെൻറ് ആലപ്പുഴ ജില്ലയുടെ വ്യാവസായികമായ പിന്നാക്കനിലയെ കണക്കിലെടുത്തുകൊണ്ട്, ജനപ്രതിനിധികളുടെ ആവശ്യത്തെ പരിഗണിച്ചുകൊണ്ട് ഒരു ഹൈലവൽ കാൺഫറൻസ് വിളിച്ചു കൂട്ടുകയും അതിൻെറ ഫലമായി 3 കമ്മിററികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ആ കമ്മിററികളുടെ ഘടനയെപ്പററി ഒന്നും സംസാരിക്കുവാൻ ഞാൻ ഇപ്പോൾ ആഗ്രഹിക്കുന്നില്ല. ഏതായാലും ഇങ്ങനെയൊന്നു രൂപീകരിക്കുകയുണ്ടായി. ദുരിതാശ്വാസത്തിനും, സ്റ്റബ്ബലൈസേഷൻ ആഫ് കയർ ഇൻഡസ്ട്രീസിനും പുതിയ വ്യവസായങ്ങളുടെ സാദ്ധ്യതയെപ്പററി ആരായുന്നതിനും 3 കമ്മിററികൾ ഉണ്ടാക്കിയിട്ടുണ്ട്. ആ കമ്മിററികളുടെ ഘടനയെപ്പററി നാട്ടുകാർക്ക് സാരമായ ആക്ഷേപമുണ്ട്. എന്നിരുന്നാലും അതു പല വിഷയങ്ങളും കാര്യങ്ങളും ആലോചിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമെന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു്. പ്രധാനമായി പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സാദ്ധ്യതയെപ്പററി ആരായുന്നതിനു ഒരു കമ്മിററിയുണ്ട്. അവരുടെ റിപ്പോർട്ട ഗവണ്മെൻറിലേക്കു സമർപ്പിച്ചുവോ എന്നറിയാൻ പാടില്ല. ഏതായാലും കുറെ നിർദ്ദേശങ്ങൾ വന്നിട്ടുള്ളതായി അറിയുവാൻ കഴിഞ്ഞിട്ടുണ്ട്. അതു നടപ്പിൽവരുത്തുന്നതിനു ഈ ഗവണ്മെൻറു തയ്യാറാവണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. ആലപ്പുഴ ജില്ലയെ പ്രത്യേകമായി കാണുന്നതോടൊപ്പം തന്നെ ആലപ്പുഴയേയും നോക്കേണ്ടതാണ്. ആലപ്പുഴയുടെ ചിത്രം കുറെയൊക്കെ ഭേദപ്പെട്ടിട്ടുണ്ടെന്നു എനിക്ക് അഭിമാനത്തോടെ കൂടി പറയുവാൻ സാധിക്കും. നിരന്തരമായി ആലപ്പുഴയെ അവഗണിച്ചിരിക്കുകയാണെങ്കിലും ഇപ്പോൾ ആശാവഹമായ ഒരുചിത്രം നമുക്കു കാണാൻസാധിക്കും. ഞാൻ ആദ്യം അസംബ്ലിയിൽ പറഞ്ഞതു് ഓർക്കുകയാണ്. അതു എൻെറ സഹോദരി (ചേർത്തല മെമ്പർ) കഴിഞ്ഞദിവസം എന്നെ ഓർമ്മപ്പെടുത്തുകയുണ്ടായി. ഞാനതു ഇന്നും ആവർത്തിക്കുകയാണ്. ആലപ്പുഴയിലെ വ്യവസായത്തിൻെറ തകർച്ചയും ഇന്നത്തെ അരാജകാവസ്ഥയും പ്രധാന കാരണം അവിടെ പ്രവർത്തിച്ചുകൊണ്ടിരുന്ന, ഇരിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയും തൊഴിലാളി സംഘടനയും അതിൻെറ നേതാവുമാണു എന്നുള്ള വസ്തുത വീണ്ടും ആവർത്തിക്കുകയാണ്. ഈ ഗവണ്മെൻറു വന്നതിനുശേഷം വളരെയേറെ നിവേദനങ്ങൾ നടത്തിയതിൻെറ ഫലമായി ലഭിച്ച ഒരു സ്പിന്നിംഗ് മിൽ തുടങ്ങുന്നതിനു വന്ന ലൈസൻസി അവിടെ അതു ഏർപ്പെടുത്താതെ പോയതു പ്രധാനമായും അവിടത്തെ അന്തരീക്ഷം പററിയതല്ലെന്നു പറഞ്ഞുകൊണ്ടാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയും അതിൻെറ തൊഴിലാളി സംഘടനയും കുഴപ്പം പിടിച്ചതാണ്, കുഴപ്പം ഉണ്ടാക്കും എന്നുള്ള കാരണത്താലാണു അവിടെ നിന്നു തിരുവല്ലം—ചെങ്ങന്നൂരേക്കു പോയതു്. ഏതായാലും ആ അന്തരീക്ഷമൊക്കെ മാറി പുറത്തുനിന്നും വ്യവസായികൾക്ക് ഇവിടെ വരുന്നതിനു സൗകര്യപ്രദമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിനു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കന്മാർ ശ്രമിക്കണം. ആത്മാർത്ഥമായി എന്നപേക്ഷിക്കുന്നു. ഈ സർക്കാരു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി നഫീസത്തുബീവി]

മുത്തുമാണിക്കത്തിന് ആലപ്പുഴയിൽ തുടങ്ങുന്നതിന് സ്പിന്നിംഗ് മിൽ ലൈസൻസ് കൊടുക്കുകയും നിർബന്ധിക്കുകയും ചെയ്തു. എങ്കിലും താൻ അതിന് തയ്യാറില്ല (മേൽപറഞ്ഞ കാരണങ്ങളാൽ) എന്നു പറഞ്ഞു ഒഴിഞ്ഞതിനുശേഷം ആലപ്പുഴയുടെ സാമ്പത്തികാധഃപതനവും തൊഴിലാളികളുടെ തൊഴിലില്ലായ്മയും കണക്കിലെടുത്ത് Kerala State Industrial Development Corporation ന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴക്കുവേണ്ടി കോമളപുരത്തു spinning mill തുടങ്ങുന്നതിനുവേണ്ട നടപടി ധീരമായി സ്വീകരിക്കുകയും കേന്ദ്രമന്ത്രി മാളവ്യയെക്കൊണ്ട് കല്ലിടീൽ കർമ്മം നടത്തുകയും ചെയ്ത വസ്തുത പ്രത്യേകം സ്മരണീയമാണ്. ആ പ്രശംസാർഹമായ നടപടിക്കു വ്യവസായമന്ത്രി ദാമോദരമേനോനെ ഞാൻ ഹാർദ്ദമായി അനുമോദിക്കുകയാണ്. ആ സ്പിന്നിംഗ് മില്ലിനു പതിനായിരം സ്പിൻഡിൽസ് എന്നുള്ളതു ഇരുപതിനായിരമായി ഉയർത്തി എന്നറിയാൻ കഴിഞ്ഞിട്ടുണ്ട്. വളരെ സന്തോഷിക്കുകയാണ്. അതിനു സ്ഥലം എടുത്തുകൊടുക്കുന്നതിനും മററു പ്രവർത്തനങ്ങടം ത്വരിതപ്പെടുത്തുന്നതിനും ഗവണ്മെൻറു ശരിയായ സഹായം ചെയ്തുകൊണ്ട് ബാംബെയിൽനിന്നും പ്രശസ്ത Textile mill ഉടമകളായ Ruiyia group കാരെ ഇവിടെ ക്ഷണിച്ചുവരുത്തുകയും അതിന്റെ പണി ഇപ്പോഠം ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുകയുമാണ്. ഏകദേശം 1000—1200-ഓളം തൊഴിലാളികഠംക്കു ഈ മില്ലിൽ ജോലി കൊടുക്കാൻ സാധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളതു്. അവിടെ സ്മാററ്റ സ്മെയിൽ ഇൻഡസ്ട്രീസിൽ ധാരാളം യൂണിററുകഠം രജിസ്റ്റർ ചെയ്യുകയും ചിലതെല്ലാം പ്രവർത്തനം ആരംഭിക്കുകയും ചെയ്തു തുടങ്ങിയിട്ടുണ്ട്. കയർ വ്യവസായരംഗത്തും രണ്ടു ബെയിലിംഗ് പ്രസ്സ് ആലപ്പുഴയിൽ ഈ അടുത്തകാലത്തു സ്ഥാപിച്ചു. അതിലൊരെണ്ണം അവിടത്തെ മുൻസിപ്പൽ ചെയർമാന്റെ നിർബന്ധബുദ്ധികൊണ്ട് സ്ഥാപിക്കുന്നതിനു stay ചെയ്യുകയും കേസ്സ് കൊടുപ്പിക്കുകയും മററും ചെയ്തു താമസിപ്പിച്ചതുകൊണ്ട് ഇപ്പോഠം Electric Current Connection കിട്ടാതെ തുടങ്ങാൻ സാധിക്കാതിരിക്കുകയാണ്. കുറെയൊക്കെ ഈ ഗവണ്മെൻറു ഈ രംഗത്തു സ്ഥലം എം. എൽ. എ. യുടെ നിവേദനം മററും പരിഗണിച്ച് ചെയ്തിട്ടുണ്ട്. പക്ഷെ അതുകൊണ്ട് പോരാ, ഇനി വളരെ കാര്യം ഈ രംഗത്തു ചെയ്യുവാനുണ്ട്. ഞാൻ ഈ ധനാഭ്യർത്ഥനയെ അങ്ങേയററം ശക്തിയായി പിന്താങ്ങുന്നു.

Shri P. Balachandra Menon : Sir, all is quiet on the Western Front. There are no smoky clouds in our skies, and I am glad that Mr. Damodara Menon who is sufficiently poetic is seized of the idea that no vulgar smoke do cloud our skies. Sir, for the last four years, we have been repeatedly pointing out that your policy will not work.

203 factories have been closed down here when 230 factories come up. The 230 factories that came up are small factories of the Cashew and Coir industries. This is what you have done. Nothing has progressed. The picture that my friend Mr. Ravindran presented seems to be unreal to you. It is only because you have not cared to visit those places. I have gone there. I have talked with the managers and workers and I challenge the Government to dispute the facts that Mr. Ravindran had brought forward here. We are prepared, to have an enquiry. Is the Spinning Mill in Cannanore working? Can it work? You know fully well that two generators are remaining idle. I raised it at the Industrial Relations Board meeting and the Secretary admitted that it has not been set up there. Why was it not set up? The Electricity Board was not able to give connection in spite of repeated requests from the Spinning Mill Management. You never cared to move in the matter. Every day, a spindle loses two rupees.

LIBRARY ARCHIVES Kerala Legislative Assembly

For whom? Do you know the enormous loss—loss just because of the negligence of the Electricity Board and also the refusal of the Department to move and give sufficient electricity. These generators could have been very well used. That was not done.

Sir, what is the policy of this Government? The policy of this Government is just to get as many factories as possible and hand them over to private managements. You never had a plan. Even the plan the Government of India has, I maintain, is discriminative and against the interest of Kerala, because things have developed in such a way. We know how India was negleted when the British Imperialsm was here. They said that India has no oil. Today, the big bourgeoisie Government here, which protects the interests of such vested interests, say that Kerala has no minerals. We are the only fortunate State which has very modern minerals. But you never to cared to use them You do not bring pressure on the Centre because you are not united in strength. You will not have sufficient strength, for you pull in different directions. Sir, I have been, for the last five years repeatedly pointing out that there are lime-stone deposits in Chittur. At the Planning Board meeting, the Chief Minister told me that it is not profitable to work it. But now I learn it is very profitable. But you did not even care to exploit the same. We have got sufficient deposits there. It is not exploited, because you do not want to exploit it. That is the position regarding limestone. That is the position regarding other minerals. Petty minds and grand schemes go ill together.

Take the Khadi Industry. I do not want to go into details. Sir, 21 lakhs of rupees was spent on administrative charges for the last four years. You got 25 lakhs grant. Out of 25 lakhs, you spent 21 lakhs on administrative charges It was only 25,000 rupees in the year 1958. This year it is 4.5 lakhs. This is the way how you spent. Are you producing 4 lakhs rupees worth of Khadi. It is a sheer waste. It is a disgrace. When the Khadi Board took over the Payyannur Khadi centre, did you care to verify the accounts. Did you ever verify the stocks? You yourself admitted it. I know the story, for I have gone there. You never cared to verify the stock. The yarn which cannot be used had to be discarded; had to be sold at lesser prices. This is how the Khadi Board works.

Sir, take the Government-owned industries. It is a sad picture. The Estimates Committee in 1958 pointed out how the Rubber Factory is working here. They had made certain suggestions. You never cared to accept those suggestions and implement them. What is happening is that every product that is being produced there, is unsaleable. There is a loss of 5 to 30 per cent in some of its products. Take the case of tyres which had good market. Of late it is deteriorating. When you should have 2 to 5 per cent of wastage you are having wastage up to 30 per cent. The average is 7½%. This is the position. Take the case of Camel backs. The State Transport Department refused to take it. They say it is bad. You got certain particular type of rubber for certain new products. 7400 and odd pounds worth of raw materials were bought here and you threw them away because you did not know how to use it. Sir, people's money must be spent properly. I want an enquiry into the working of the concern, because I maintain there is heavy loss

LIBRARY ARCHIVES Kerala Legislative Assembly

[Shri P. Balachandra Menon]

in the industry. You have absolutely no idea to run this factory. Take the case of the Kundara ceramic factory. We have got machinery which can produce upto 50 lakhs worth of goods. Because the kiln and the final processing machines are small, you can produce only 10½ lakhs worth of products. You have got machinery which are remaining idle. 75 per cent is idle capacity. Unless you modernise it and change certain parts, you cannot increase production. This is the position.

Take the case of the 18 production-cum-Training Centres. 16 of them have been handed over to private parties. These good factories could have been brought together under a new set up. Why was the Hydrogenation Factory tied up with the Soap Factory? Oil and Soap usually go together, but Hydrogenation and Soap do not. There is nothing, no principle, in putting these together. Let each of them remain as independent units. If any fail, scrap it. Do not incur unnecessary expenditure on large factories which have no future. Your policies are bad. You have not been able to get the industries which have been promised by the Government of India, except the Ship Building Yard, the Oil Refinery and the Hindustan Machine Tool Factory. We have not succeeded in bringing any more factory. Some private individuals who came here have given up their licences. Take, for example, the case of Bharat Bulbs. The licence is cancelled So many other factories have been also lost to Kerala. It is better for Kerala, if Mr. Damodara Menon gets out of the Department of Industries and hands the same over to somebody else who cares for the progress of the State and who has the courage to re-organise the Industries Department. This department has not done anything during the last four years. I have got facts and figures to say that almost every industry in the state is mismanaged and is not running properly. How much have you collected as rent from the Industrial Estate in Palayad. Only two sheds are used there. I can give you a number of stories to show what loss you cause to the State. Re-organise the Industries Department. The present Minister must go. His is the out look of a Khadi Board man. Remove such people; if the State has to progress.

Shri C. M. Stephen : Mr. Speaker, Sir, I rise to support the Demand. In fact, Sir, the very impressive and tremendous progress that has been achieved in the industrial field is really the main factor on which I feel myself proud in the budget that we are discussing. Now, without making an assessment of the measure and the magnitude of the achievements in the industrial field, in my opinion, Sir, the crucial question is whether in the course of the last four years, we have laid down the basis and the apparatus which would generate the force for further progress to cover the long vista of industrialisation that is ahead for us, as a challenge to the people of our State.

According to me, the industrial climate in this country has changed. A new administrative set up has come in. The very industrial structure and pattern has changed. That change that has taken place is basic. Let us not confine ourselves to the defects of this or that unit, but let us survey the industrial field and the transformation that has already taken place. It has developed in the course of the last four years as a result of the stable administration in the State,

LIBRARY ARCHIVES Kerala Legislative Assembly

as a result of the restoration of the law and order in the State and as a result of the betterment of the industrial relations in the State. As a result of the tuning up of the industrial machinery and the administrative machinery in the State, a new refreshing and salubrious climate has come to hover over the industrial base of our State. I do not think there can be any denying of this fact. I do not want to go into the details. But I should pause for a moment and emphasise one very important factor. What was the pattern of industries and industrialisation of the State before we started in 1960 ? It was mainly cottage industries, mainly small scale industries; we have had handloom, we have had cashew, we have had coir, we have had plywood and similar small industries in the State. These are not the consoling features of the industrial picture of any State. That pattern has changed now. In its place, basic industries have come in. Commanding towers have risen up and very compelling and tremendous basic industries have come into the State, in the place of those small industries.

We have got the Ship Building Yard; we have got the Oil Refinery; we have got the Machine Tool Factory; we have got the Precision Instrument Factory. Sir, these industries being the basic industries for our state, would by themselves raise circumstances and conditions, whereby, small-scale industries will bloom up. Let us not ignore this basic factor. Sir, that is why I say the pattern has changed That is why I say that the very structure has changed. That is the major achievement that I can claim for this Government and I am emphasising all this for the attention of the people.

Sir, coming to the administrative set up, much has been said about the losses incurred by the Government-owned industries. Why has the loss occurred ? It has been analysed and the reason has been diagnoised. With a bureaucratic machinery in the Secretariat and being under the compulsion of rushing to the Secretariat, effective industrial management was not possible. Therefore, after a survey of the whole problem a new set up has been established in the Government-owned industries, fully Government owned, of course, and fully financed by Government capital. In many of them the management has been changed and Joint-stock Companies are coming into existence. Autonomous bodies are coming into existence to function as in the other industrial concerns of the State. And that is the major change that has taken place. I am really sorry that my friends on the other side are not able to appreciate this factor.

The second aspect is that new industries are coming up. In the Central Sector, many industries are coming. Private industries are also coming in. The private entrepreneurs should also be encouraged. There must be a change in the set up in the State in regard to the advance of loan, and giving assistance and capital. There should be a private agency which would invite entrepreneurs to come into the State. That sort of pattern has come into the field. The State Industrial Development Corporation is a pattern like that. That is manned by one of the top economists and industrialists of the State. It is for nothing else but for this simple reason that the services of Shri K. R. K. Menon has been procured to captain this industrial transformation in the State, as the Chairman of the State Corporation.

2/1769/V

LIBRARY ARCHIVES Kerala Legislative Assembly

[Shri C. M. Stephen]

Shri Damodara Menon deserves to be congratulated for this. Under the guidance of the Industrial Development Corporation new industries have been ushered into the State. Let us not forget the facts.

Thirdly, what is the achievement so far? We can approach this question in two ways. What is the ratio of the investment? The ratio as between the investment and the requirements of the State, the ratio of investment against the total investment of the all India pattern? Assessing the advancement in the industrial field on both these angles there is sufficient reason for us to feel proud of it.

There is the techno-economic survey. My friend Shri E. M. S. Namboodiripad said that it was unscientific, but I submit Sir, that I would rather go by the expert advice of Dr. Lokanathan rather than by the advice of Shri E. M. S. Nambudiripad. Dr. Lokanathan has suggested that Kerala should at least invest a thousand crores of rupees in the industrial sector. Sir, about 200 crores of rupees have been already invested in the major industries and central industries together. We have got figures before us. About Rupees 100 crores worth of schemes have been finalised. Many industrial units have come into production. Now, assessing this investment against the all-India pattern, I may point out one or two factors. We started with the investment of Rupees 180 crores This has been revised in the mid-term appraisal of the Plan. During the last three years, the investment was Rs. 550 crores. That means 600 crores have yet to be invested. That means the total investment of the plan would be 1150 crores. Out of the total, 295 crores of rupees had got to be invested on spill-over projects from the Second Plan. This leaves us a balance of Rs 855 crores. Projects costing Rs. 78 crores have not yet been located upon. Rs. 777 crores being the fresh investment in the whole of India, and out of that Rs. 777 crores, our claim, it is our very proud claim, that in Kerala this Government has obtained an investment to the tune of Rs. 76 crores. That means 10 per cent of the total investment in the all-India pattern has been procured by Kerala. What is our population? What is our population proportion? It is 4½ per cent of the Indian population. That is the percentage of Kerala population. Whereas the population is 4½ per cent of the whole of India, the investment we have procured is 10 per cent. Is it not an impressive figure? Therefore, in the investment pattern also, we have made tremendous achievement Sir.

Now, one sentence more. Going by the achievements, let us look at the tremendous array of industrial concerns that have come up already. The Gwalior Rayons, the Premier Tyres, the Western India Steel Company, the Anand Metres and so on. Then, we have the two sugar mills, the Mannam Sugar Mills and the other which will go into production soon. There are about 65 industries with a variety of products which have secured licences and are going into production tage by stage. There is this tremendous achievement.

Concluding, I would emphasise, in the course of the last four years, the industrial climate has changed; the investment pattern has changed; the industrial and investment structure has changed; the administrative pattern has changed; and a new machinery, a new picture, has come

LIBRARY ARCHIVES Kerala Legislative Assembly

into existence which generates a new force, a self propelling force to carry Kerala to the long vista ahead of us of industrial prosperiety. The foundation, the basic structure is laid and for the tremendous progress, may I compliment this Government ? With a sense of great gratification, I support this Demand for tne Industries Department, Sir.

ശ്രീ. കെ. എ. ദാമോദരമേനോൻ : സർ, ഇൻഡസ്ട്രീസ് ഡിമാൻറിനെ സംബന്ധിച്ച് ഇവിടെ നടന്ന വിവിധ ചർച്ചകളിൽ, പ്രസംഗങ്ങളിൽ പൊന്തിവന്ന സഹായകങ്ങളായ നിർദ്ദേശങ്ങൾ ഗവണ്മെൻറ് പ്രത്യേകം പരിഗണിക്കുമെന്ന് ആദ്യംതന്നെ ഞാൻ ഉറപ്പുനൽകുകയാണ്. ഇവിടെ വിമർശനരൂപത്തിൽ പറഞ്ഞ കാര്യങ്ങൾ പ്രധാനമായും രണ്ടിനത്തിൽപ്പെടുന്നവയാണ്. ഒന്ന്, പ്രതിപക്ഷത്തുനിന്ന് പല മെമ്പറന്മാരും ചൂണ്ടിക്കാണിച്ചതു് ഗവണ്മെൻറിൻെറ നേരിട്ടുള്ള നിയന്ത്രണത്തിൽ നടത്തിപ്പോന്ന വ്യവസായങ്ങൾ നഷ്ടത്തിൽ നടക്കുന്നുണ്ട്, അവയുടെ വികസനം ഉദ്ദേശിച്ച വിധത്തിൽ സാധിച്ചിട്ടില്ല അതുകൊണ്ട് ഈ രംഗത്തെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിന് വിജയമല്ല പരാജയമാണ് ഉണ്ടായിട്ടുള്ളതെന്നാണ്. സർ, ഈ വിഷയം ഈ നിയമസഭയിൽ പല പ്രാവശ്യവും ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. ഇവിടെ ഗവണ്മെൻറുടമയിൽ നേരിട്ട് ഡിപ്പാർട്ടുമെൻറലായി നടത്തുന്ന വ്യവസായങ്ങളുടെ വികസനത്തിനുള്ള സാദ്ധ്യത കുറയും, സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾക്കുള്ളതുപോലെയുള്ള പ്രവർത്തനസ്വാതന്ത്ര്യവുമില്ല. ഇതിനാവശ്യമായ വിദഗ്ദ്ധോപദേശം പല രംഗങ്ങളിലും കിട്ടുന്നില്ലെന്നുള്ള വസ്തുതയും എല്ലാവരാലും സമ്മതിക്കപ്പെട്ടിട്ടുള്ളതാണ്. ഇവ എങ്ങനെ പരിഹരിക്കാം. ഏതെല്ലാം വിധത്തിലാണ് ഈ രംഗത്തു് വികസനങ്ങൾ ഉണ്ടാക്കേണ്ടതു്. ഇവിടെ ഗവണ്മെൻറുടമയിൽ വൻകിടവ്യവസായങ്ങളെക്കാൾ ഇടത്തരം വ്യവസായങ്ങളാണ് കൂടുതൽ നടത്തുന്നതു്. ഈ ഇടത്തരം വ്യവസായങ്ങൾ വൻകിട വ്യവസായങ്ങളായി വളർത്തിക്കൊണ്ടുവരാൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ച് കാര്യമായ ആലോചനകൾ നടത്തി. വിദഗ്ദ്ധോപദേശം തേടി കാര്യങ്ങൾ പരിശോധിച്ച് അവരുടെ ഉപദേശമൊക്കെ ലഭിച്ചതിനുശേഷം ഈ രംഗത്തു് ഈ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം സംഘടനാപരമായ ഒരു പരിവർത്തനം വന്നേ മതിയാകൂ എന്നു കണ്ടതുകൊണ്ട് ഇങ്ങനെ ഒരു സംഘടന നടപ്പിൽ വരുത്തിയിരിക്കുകയാണ്. ഇന്നു പൊങ്ങിവന്നിട്ടുള്ള പല ആക്ഷേപങ്ങളും അതിശയോക്തി കലർന്നതാണെങ്കിലും, അതിൽ കുറച്ച് നേരുണ്ടെന്നുള്ളതിൽ ആർക്കും അഭിപ്രായ വ്യത്യാസമില്ല. കമ്പനി ആക്ടനുസരിച്ച് പ്രത്യേകം രജിസ്റ്റർ ചെയ്തതിൻെറ ഫലമായി അവയ്ക്കു കൂടുതൽ കടമെടുക്കാനുള്ള സാദ്ധ്യത ഉണ്ട്. ഒരു ഗവണ്മെൻറ് ഡിപ്പാർട്ടുമെൻറിന് പ്രവർത്തനമൂലധനത്തിന് ബാങ്കിൽനിന്നും കടമെടുക്കുക സാദ്ധ്യമല്ല.

പിന്നെ സാധനങ്ങൾ വാങ്ങുകയും വിററഴിക്കുകയും ചെയ്യുന്ന കാര്യത്തെപ്പററി പറഞ്ഞു. അതൊക്കെ ടെൻഡർ വിളിച്ചുവരുത്തിയാൽ നഷ്ടമുണ്ടാകും. ചുരുങ്ങിയ വിലയ്ക്കു ഒരു മാനേജ്മെൻറ് സ്ഥാപനം സാധനം വാങ്ങുന്നതുപോലെ, ചെയ്യാൻ സാദ്ധ്യമല്ലെന്നു കണ്ടുകൊണ്ടാണ് ഇങ്ങനെയൊരു സംഘടന ഉണ്ടാക്കിയതു്. തെററുകൾ കാണാനുള്ള കഴിവില്ലാഞ്ഞല്ല. അതുപോലെതന്നെ തെററുകൾ കാണുമ്പോൾ അതു തിരുത്താനുള്ള ആഗ്രഹവും ഇല്ലാത്തതുകൊണ്ടല്ല. വാസ്തവത്തിൽ ഇതെല്ലാം കണ്ടുപിടിച്ച് വ്യവസായവികസനം നടത്തുകയാണ് ഇന്നത്തെ വ്യവസായ ഡിപ്പാർട്ടുമെൻറ് ചെയ്തതു്. രചനാത്മകമായ മഹത്തായ പരിശ്രമങ്ങൾ നിമിഷംകൊണ്ട് സാധിക്കണമെന്നു പറഞ്ഞാൽ സാദ്ധ്യമല്ല. അതൊക്കെ ക്രമേണയെ സാധിക്കാൻ കഴിയൂ. പൊതുമേഖലയിൽ നമുക്കു കിട്ടിയതു മതിയോ ; ഘനവ്യവസായത്തിൽ ഇൻഡ്യാഗവണ്മെൻറു നീക്കിവച്ചിട്ടുള്ള ശതമാനം വേണ്ടപോലെ നമുക്കു കിട്ടിയിട്ടുണ്ടോ എന്നെല്ലാം ശ്രീ. നമ്പൂതിരിപ്പാട് ചോദിക്കുകയുണ്ടായി. അതിനെപ്പററി സ്റ്റീഫൻ പറഞ്ഞ കണക്കുകൾ ഇവിടെ ആവർത്തിച്ചിട്ട് കാര്യമില്ല. ശ്രീ. സ്റ്റീഫൻ ആ കണക്കുകൾ ഇവിടെ പറഞ്ഞതിന് ഞാൻ അദ്ദേഹത്തോടു നന്ദിയുള്ളവനാണ്. ഏതാണ്ട് 1150 കോടിയോളം രൂപാ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എ. ദാമോദരമേനോൻ]

3-ാം പഞ്ചവത്സരപദ്ധതിക്കാലത്തു് വ്യവസായരംഗത്തു് കേന്ദ്രഗവണ്മെന്റു് മുതൽമുടക്കുമെന്നു പറഞ്ഞിട്ടുണ്ടു്. അതിൽ ഏതാണ്ടു് 776 കോടി രൂപയോളമുള്ള വ്യവസായങ്ങൾക്കു് സ്ഥലനിർണ്ണയംചെയ്തു ഇന്നതെല്ലാമാണെന്നു പറഞ്ഞിട്ടുണ്ടു്. അതിൽ 56 കോടി രൂപയോളമുള്ള വൻകിട വ്യവസായങ്ങൾ ഇവിടെ സ്ഥാപിക്കാൻ തീരുമാനം ചെയ്തിട്ടുള്ളതു് തീർച്ചയായും ഒരു പുരോഗതിയാണു്. അതിൽ ഞാൻ സംതൃപ്തി പ്രകടിപ്പിക്കുന്നു എന്നു പറയുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഇനിയും പല വ്യവസായങ്ങൾ സ്ഥലം നിർണ്ണയിച്ചു് സ്ഥാപിക്കേണ്ടതുണ്ടു്. കേരളത്തെ സംബന്ധിച്ചിടത്തോളം രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്തു് വളരെ തുച്ഛമായ, തീർച്ചയായും വെളിക്കു പറയാൻ നിവൃത്തിയില്ലാത്ത ഒരു പരിഗണനമാത്രമെ നമുക്കു കിട്ടിയിട്ടുള്ളു. ഡി. ഡി. ടി, ഫാക്ടറിയാണു കിട്ടിയതു്. കേരളത്തിലാണെങ്കിൽ വളരെ രൂക്ഷമായ നിലയിൽ ജനസംഖ്യ വർദ്ധിച്ചിട്ടുണ്ടു്. ഇവിടത്തെ പ്രശ്നങ്ങൾക്കു് അഖിലേൻഡ്യാ അടിസ്ഥാനത്തിൽ പരിഹാരം കണ്ടുപിടിക്കണം. അങ്ങനെ പരിഹാരം കാണണമെങ്കിൽ, തൊഴിൽ സൗകര്യം വളരെ വികസിപ്പിക്കണം. പുതിയ അന്തരീക്ഷം വ്യവസായപരമായി സൃഷ്ടിക്കേണ്ടതുണ്ടെന്നു എല്ലാവർക്കും അറിയാവുന്നതാണു്. ഇതു് ഇന്നു അനുഭവത്തിൽ അഖിലേൻഡ്യാ അടിസ്ഥാനത്തിൽ അംഗീകരിക്കപ്പെട്ട വരികയാണു്. അങ്ങനെയുള്ള പ്രചാരവേലചെയ്തു, വ്യവസായരംഗം പുരോഗമിപ്പിക്കുന്നതിനു് ഈ ഗവണ്മെന്റു് ഇൻഡ്യാഗവണ്മെന്റിൽ പ്രേരണ ചെലുത്തിയിട്ടുണ്ടു്. അതു് കുറെയൊക്കെ ഫലപ്രദമായി വരുന്നുണ്ടു്. ശ്രീ. സ്റ്റീഫൻ ചൂണ്ടിക്കാണിച്ചതു് ഒരു പ്രധാന കാര്യമാണു്. ഒരു സ്ട്രക്ചറൽ ചേഞ്ചു് ഇവിടെ വന്നേ മതിയാകൂ. ഇവിടെ കുടിൽ വ്യവസായങ്ങൾ, ഗ്രാമവ്യവസായം, കയർ ഹാൻഡ്ലൂം തുടങ്ങിയവ വികസിച്ചുവന്നിട്ടുണ്ടു്. എന്നാൽ ശ്രീ. രവീന്ദ്രൻ ചൂണ്ടിക്കാണിച്ചതുപോലെ അതിൽനിന്നും വരുന്ന ആദായം വളരെ തുച്ഛമാണു്. അതിൽ ഏർപ്പെട്ടിട്ടുള്ളവരുടെ പ്രയത്നത്തിനു തക്ക കൂലി ലഭിക്കുകയില്ല. ഈ പാറ്റേണിൽ ഒരു വ്യത്യാസം വരുത്തണം. ഇവിടെ ഘനവ്യവസായങ്ങളും വൻകിട വ്യവസായങ്ങളും കൊണ്ടുവരുന്നതിനു് ശ്രമിക്കുന്നതു് ഈ ഉദ്ദേശത്തിലാണു്. അതു് മുന്നേറുകയാണു്. ഉദ്ദേശിച്ച വേഗതയിൽ പോകുന്നുണ്ടെന്നു ഞാൻ അവകാശപ്പെടുന്നില്ല. ആധുനിക പശ്ചാത്തലത്തിലും ആധുനികവീക്ഷണ ഗതിയിലും ഇവിടെ വ്യവസായങ്ങൾ വളർത്തുന്നതിനുള്ള ശ്രമമാണു് ഇന്നു തുടങ്ങിയിട്ടുള്ളതു്.

ശ്രീ. ബാലചന്ദ്രമേനോൻ കുറെ ആവേശത്തോടുകൂടി ഇംഗ്ലീഷിൽ സംസാരിച്ചു. ഇടയ്ക്കിടയ്ക്കു അദ്ദേഹം അങ്ങനെ ആവേശത്തോടുകൂടി സംസാരിക്കാറുണ്ടു്. അദ്ദേഹം ഇന്നു് ഒരു ഇംഗ്ലീഷ് കവിതാശകലവും പറയുകയുണ്ടായി. ഞാനും ഇംഗ്ലീഷ് പദ്യശകലം പറഞ്ഞാൽ ശ്രീ. ബാലചന്ദ്രമേനോൻ കലഹിക്കുകയില്ലെന്നു വിചാരിക്കുന്നു. ഇംഗ്ലണ്ടിൽ പണ്ടു് ജീവിച്ചിരുന്ന പോപ്പ് എന്ന കവി എഴുതിയ ഒരു കവിതയിലെ രണ്ടു വരികൾ പറയാം.

Words are like leaves and where they most abound
Much fruit of sense beneath is rarely found.

ശ്രീമതി കെ. ആർ. ഗൗരി : അതു പാട്ടായിട്ടല്ല തോന്നിയതു്.

ശ്രീ. കെ. എ. ദാമോദരമേനോൻ : പാട്ടല്ല, കവിതയിലെ രണ്ടു വരിയാണു്. അദ്ദേഹം, ഞാൻ ഈ വകുപ്പു വിട്ടുപോകണമെന്നു പറഞ്ഞു. സ്നേഹബുദ്ധ്യാ തന്നെ ഉപദേശമാണെന്നു തോന്നുന്നു. 5 കൊല്ലക്കാലമാണു് ഒരു മന്ത്രിസഭയ്ക്കുള്ള കാലാവധി. പുതിയ തിരഞ്ഞെടുപ്പു വരാൻപോകുന്നുണ്ടു്. ഇപ്പോൾതന്നെ മാറണമെന്നാണോ അദ്ദേഹത്തിന്റെ ഉദ്ദേശമെന്നു് എനിക്കു മനസ്സിലാകുന്നില്ല.

ശ്രീ. പി. ബാലചന്ദ്രമേനോൻ : പോപ്പ് വേറെയും എഴുതിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇവിടെയുള്ള ഭരണകക്ഷിയിൽപെട്ട ആളുകളും മററും വ്യവസായരംഗത്തു് പുരോഗതി ഉണ്ടായിട്ടുണ്ടെന്നു് അഭിപ്രായപ്പെട്ടു. ശ്രീ. ബാലചന്ദ്രമേനോൻ പറയുന്ന വളരെ നാശമാണു് ഉണ്ടായിട്ടുള്ളതു്, രാജിവയ്ക്കണമെന്നു്. സാധാരണ ജനകീയഭരണ സംപ്രദായമനുസരിച്ചു് ഭരണകക്ഷിയിലെ ഭൂരിപക്ഷം പറയുന്നതനുസരിച്ചു് തുടർന്നുപോകാനല്ലേ സാധിക്കുകയുള്ളു.

എന്റെ സ്നേഹിതൻ ശ്രീ. രവീന്ദ്രൻ മറെറാരു കാര്യം ചൂണ്ടിക്കാണിച്ചു. അദ്ദേഹം അങ്ങേയററം മുതൽ ഇങ്ങേയററംവരെ ഒരു വിഹഗവീക്ഷണം നടത്തിയെന്നു പറഞ്ഞു. ഈ വീക്ഷണം ചെന്നുപതിക്കുന്നതു് ചെറിയ ചെറിയ കുററങ്ങളിലും കുറവുകളിലുമാണു്. അതു വളരെ അതിശയോക്തിപരമായി പറഞ്ഞെങ്കിലും ഞാൻ അതിനെ ആക്ഷേപിക്കുന്നില്ല. പണ്ടു് മിസ്സ് മേയോയുടെ റിപ്പോർട്ടു പ്രിൻറു ചെയ്യപ്പോൾ അതൊരു ഡ്രെയിൻ റിപ്പോർട്ടാണെന്നു് ആക്ഷേപമുണ്ടായി. അതുപോലെ ഇവിടെ ചില കുറവുകൾ ഉണ്ടു്. ഇവിടെ നല്ല കാര്യങ്ങൾ നടക്കുന്നില്ല, എല്ലാം നാശമാണെന്നുള്ള വീക്ഷണഗതി അദ്ദേഹം സ്വീകരിക്കുമെന്ന പ്രതീക്ഷ എനിക്കുണ്ടായിരുന്നില്ല. സ്പിന്നിംഗ് മില്ലിനെ സംബന്ധിച്ചാണെങ്കിൽ മെഷീനറി വാങ്ങുന്നതിനു കുറെ കാലതാമസം വന്നു. നമ്മുടെ വ്യവസായ വികസനത്തിനുള്ള പരിപാടികൾ സ്വീകരിച്ച കാലഘട്ടത്തിൽതന്നെ അടിയന്തിരാവസ്ഥ വന്നതുകൊണ്ടു് ഫോറിൻ എക്സ്ചേഞ്ചു് കിട്ടുന്നതിനും മെഷീനറി വാങ്ങുന്നതിനും തടസ്സം നേരിട്ടു. അങ്ങനെ ഉദ്ദേശിച്ച രീതിയിൽ മെഷീനറി വാങ്ങി പ്രവർത്തനം തുടങ്ങാൻ താമസം വന്നിട്ടുണ്ടു്. ഇതു് അടിയന്തിരാവസ്ഥമൂലം ഉണ്ടായതാണു്. പി. ബാലചന്ദ്രമേനോൻ ഇലക്ട്രിസിററിയുടെ കാര്യം പ്രത്യേകം എടുത്തുപറഞ്ഞു. ഇപ്പോൾതന്നെയും രണ്ടു സ്പിന്നിംഗ് മില്ലുകൾ പണി പൂർത്തിയായി ഇലക്ട്രിസിററി കിട്ടിയാൽ പ്രവൃത്തി തുടങ്ങാമെന്നുള്ള നിലയിലാണു്. ഇപ്പോൾ ഇലക്ട്രിസിററി കൊടുക്കാൻ പൗവ്വർ ഷോർട്ടേജ്കൊണ്ടു് കഴിയുന്നില്ല. 3-ാം പദ്ധതി അവസാനിക്കുന്നതിനു മുമ്പു് ഈ പ്രശ്നം പൂർണ്ണമായി പരിഹരിക്കാമെന്നുള്ള നിലയാണുള്ളതു്. ഇന്നു പ്രയാസമുണ്ടു്. കണ്ണൂർ സ്പിന്നിംഗ്മില്ലിനെ സംബന്ധിച്ചിടത്തോളം ഒരു ജനറേററിംഗ് സെററ് ഇലക്ട്രിസിററി ബോർഡിൽ ഉണ്ടെന്നു പറയുന്നതു് കൊടുക്കാൻ ഏർപ്പാടു ചെയ്യുന്നുണ്ടു്. അതു് എന്തുവിലയ്ക്കു കൊടുക്കണമെന്നുള്ളതിനെ സംബന്ധിച്ചു് തർക്കമുണ്ടായിരുന്നു. ഇപ്പോൾ ബുക്ക വാല്യുവിനു കൊടുക്കാൻ തീരുമാനമെടുത്തിരിക്കുകയാണു്. അതു അവർക്കു് കിട്ടും. അതു കിട്ടിയാൽതന്നെയും ആവശ്യമുള്ള പൗവ്വർ കൊടുക്കാൻ ഇന്നത്തെ നിലയിൽ സാധിക്കുമോയെന്നുപറയാൻ നിവൃത്തിയില്ല. ഇന്നു മുഖ്യമായി പൗവ്വർ ഷോർട്ടേജ് വ്യവസായരംഗത്തെ വളരെയധികം വിഷമിപ്പിക്കുന്നുണ്ടു്.

റബ്ബർ ഫാക്ടറിയെസംബന്ധിച്ചും മററും ശ്രീ. രവീന്ദ്രൻ ഇവിടെ പറയുകയുണ്ടായി. അതു നഷ്ടത്തിലാണു് നടക്കുന്നതെന്നും അവിടെ വേണ്ടിടത്തോളം സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരില്ലെന്നുമെല്ലാം പറഞ്ഞു. അതു നികത്താനുള്ള പരിശ്രമം നടത്തിക്കൊണ്ടുവരികയാണു്. വികസനസാദ്ധ്യതയുണ്ടു്.

സെറാമിക് ഫാക്ടറിയെസംബന്ധിച്ചും കോഴിക്കോട്ടുള്ള ഹൈഡ്രോജനേഷൻ ഫാക്ടറിയെ സംബന്ധിച്ചും ശ്രീ. രാഘവൻ നായർപറയുകയുണ്ടായി. ഹൈഡ്രോജനേഷൻ ഫാക്ടറിക്കു് ആ രംഗത്തു് മത്സരിക്കാൻ പ്രയാസമാണു്. ഞാൻ ആദ്യം പറഞ്ഞതുപോലെ വൻകിട വ്യവസായമായിട്ടില്ല. സ്വകാര്യവ്യവസായത്തോടു് മത്സരിക്കേണ്ടിവരും. അതിനുള്ള ശേഷിയുണ്ടാക്കാനുള്ള പരിശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയാണു്. പിന്നെ, രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു് ആരംഭിച്ച പ്രൊഡക്ഷൻ-കം—ട്രെയിനിംഗ് സെൻറേഴ്സ് സ്വകാര്യമേഖലയ്ക്കു് ട്രാൻസ്ഫർ ചെയ്യുന്നതിനെ സംബന്ധിച്ചു് ആക്ഷേപസ്വരത്തിൽ പറയുകയുണ്ടായി. ഗവണ്മെൻറിന്റെ വ്യവസായനയം തന്നെ പിഴച്ചുപോയി; മുതലാളിത്വത്തെ സഹായിക്കുന്ന നയമാണെന്നു പറയുകയുണ്ടായി. അതു് അവരുടെ വീക്ഷണഗതിയാണു്. വ്യവസായനയംതന്നെ പാടെ മാററണമെന്നു ഇവിടെ പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ബാലചന്ദ്രമേനോൻ: കോവാപ്പറേററീവ് ആയി നടത്തണമെന്നുള്ള ഉദ്ദേശത്തിൽ ഇൻഡസ്ട്രീയൽ ട്രെയിനിംഗ് സെൻറർ തുടങ്ങിയെങ്കിലും ഇന്ന് 16 എണ്ണം വിററു എന്നുള്ളതു് സമ്മതിക്കാൻ തയാറുണ്ടോ?

ശ്രീ. കെ. ഏ. ദാമോദരമേനോൻ: സമ്മതിച്ചാൽ കൊള്ളാമെന്നുണ്ടെങ്കിലും, കാര്യം അങ്ങനെയല്ലാത്തതുകൊണ്ടു് സമ്മതിക്കാൻ തയാറില്ല. ഈ വ്യവസായങ്ങളെസംബന്ധിച്ചിടത്തോളമുള്ള നയം മാററണമെന്നു പറഞ്ഞു. ഈ ഗവണ്മെൻറിൻെറ വ്യവസായനയം കാൺഗ്രസ്സിൻെറ വ്യവസായനയമാണു്. ഇൻഡ്യയിൽ 1956—ൽ വ്യവസായനയം പ്രഖ്യാപിച്ചു. ഈ ഗവണ്മെൻറു് 1960-ൽ സ്വീകരിച്ച നയമാണു് തുടരുന്നതു്. കമ്മ്യൂണിസ്ററു സ്നേഹിതന്മാരുടെ നയം സ്വീകരിച്ചു് ഈ ഗവണ്മെൻറു നടപ്പിൽവരുത്തണമെന്നു പറഞ്ഞാൽ കുറെ പ്രയാസമാണു്. അവർക്കു് ഒരവസരം കിട്ടിയിരുന്നു. അന്നു് രണ്ടരക്കൊല്ലം പരീക്ഷിച്ചുനോക്കി അവർ തോററു. വ്യവസായനയത്തെപ്പററി ഒരുകാര്യം പറയാം. വ്യവസായനയം സംബന്ധിച്ചിടത്തോളം ഞങ്ങൾ സ്വീകരിച്ചുവന്നിട്ടുള്ള നയം സ്വകാര്യമേഖലയ്ക്കും ഒരു സ്ഥാനം കൊടുത്തു്, അവർക്കു് വികസനസൗകര്യം കൊടുത്തു, പൊതുമേഖല വികസിപ്പിക്കണമെന്നുള്ളതാണു്. ആ നയം ഉപേക്ഷിക്കാൻ നിവൃത്തിയില്ല.

ഞാൻ പല കാര്യങ്ങളെപ്പററി പറഞ്ഞു. അതേപ്പററി പല വിമർശനങ്ങളുമുണ്ടു്. അത്ര വളരെ ധൃതിപ്പെട്ടാലെങ്ങനെയാണു് സ്വകാര്യമേഖലയിൽ ഈ സംഘങ്ങൾ അനുവദിച്ചുകൊടുത്തുകൊണ്ടു അവരെക്കൊണ്ടു് പ്രവർത്തിപ്പിക്കാം എന്നു ഞങ്ങൾ വിചാരിച്ചു. അതിനു അവർ വഴിപ്പെട്ടില്ല. പക്ഷേ, അതു ഞങ്ങൾക്കു ഉപേക്ഷിക്കാൻ നിവൃത്തിയില്ല. ഇന്നത്തെ കേരളത്തിൻെറ പരിതഃസ്ഥിതിയിൽ അതു അങ്ങനെ ഉപേക്ഷിക്കുന്നതു തെററാണു്. അതുകൊണ്ടു് അതു അനുവദിക്കണമെന്നു വളരെ വിനയത്തോടുകൂടി ഞാൻ അപേക്ഷിക്കുകയാണു്. പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെൻററുകളായിട്ടാണു് ഇതു തുടങ്ങിയതു്. അവിടെ ട്രെയിനിംഗ് ലഭിക്കുന്ന ചെറുപ്പക്കാരെക്കൊണ്ടു കോവാപ്പറേററീവു് സൊസൈററികളായിട്ടും മററും സംഘടിപ്പിച്ചു അവർ ഈ വ്യവസായങ്ങൾ നടത്തിക്കൊണ്ടു പോകണം എന്നുള്ളതായിരുന്നു ഉദ്ദേശം. അവരേ നേരത്തെ തിരഞ്ഞെടുത്തിട്ടുള്ളതാണു്. അവർ ആരുംതന്നെ അതിനുള്ള സന്നദ്ധത പ്രകടിപ്പിച്ചില്ല. അങ്ങനെ ഒരു സ്തംഭനാവസ്ഥ വന്നു. ഇതു കേരളത്തെ മാത്രം കരുതി ഉണ്ടാക്കിയതല്ലാ. വളരെയധികം പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെൻററുകൾ ഇൻഡ്യയിൽ മററു സ്റ്റേററുകളിലുംഉണ്ടാക്കപ്പെട്ടിരുന്നതാണു്. ഈ പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെൻറർ തുടങ്ങിയ കാലത്തു അതിൻെറ വൈഷമ്യങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. ആദ്യമെ അതു ഒരു പരീക്ഷണമെന്ന നിലയ്ക്കാണു് തുടങ്ങിയതു്. അതു ഗവണ്മെൻറിനുതന്നെ നേരിട്ടു നടത്താൻ സാദ്ധ്യമല്ലാ. അങ്ങനെ വേണ്ടാ എന്നു ഇൻഡ്യാഗവണ്മെൻറിൻെറ അനുമതി കിട്ടിയതിനുശേഷം ഇതു സ്വകാര്യ മേഖലയിൽ സ്വകാര്യ വ്യവസായികൾക്കു കൊടുക്കാനുള്ള ഒരു തീരുമാനം ഞങ്ങൾ ചെയ്തു. അതനുസരിച്ചു കൊടുത്തിട്ടുണ്ടു്. ശ്രീമാൻ ബാലചന്ദ്രമേനോൻെറ അടുക്കൽ പറയുന്നതാണു്. വളരെ ചെറിയ തുകകൾ ഒരു ലക്ഷം രണ്ടുലക്ഷം രൂപാ മൂലധനമായി മുടക്കിയാൽതന്നെയും ഇതിൻെറ ഉപകരണങ്ങളൊന്നും നമുക്കില്ലാതിരിക്കുന്ന സ്ഥിതിക്കു ഇടത്തരം വ്യവസായങ്ങൾ നടത്തുമ്പോൾ തന്നെ അതു ഏറെറടുത്തു നടത്തുവാൻ ആളുകൾ ഉണ്ടാകുകയില്ലാ എന്നുമാത്രമല്ല, അതു നഷ്ടത്തിൽ ചെന്നു കലാശിക്കുമെന്നുള്ള നിഗമനത്തിലാണു് അതു അങ്ങനെ ചെയ്തിട്ടുള്ളതു്. ആ നയം ഇൻഡ്യാഗവണ്മെൻറു സ്വീകരിച്ചിട്ടുള്ളതാണു്. അപ്പോൾ അങ്ങനെ കൊടുത്തതു തെററായിപ്പോയി, അതു ഗവണ്മെൻറുടമയിൽ ചെറിയ ചെറിയ വ്യവസായങ്ങളായി നടത്തേണ്ടതാണെന്നു അഭിപ്രായം ശ്രീമാൻ ബാലചന്ദ്രമേനോനുണ്ടായിരിക്കും. ഗവണ്മെൻറു എടുത്തിട്ടുള്ള തീരുമാനം എല്ലാം സ്വകാര്യഉടമകൾക്കും കൊടുക്കണമെന്നല്ലാ. കോവാപ്പറേററീവ് സൊസൈററികൾക്കും ചില വ്യവസായങ്ങളെല്ലാം കൊടുക്കണമെന്നുണ്ടു്. അപ്പോൾ അതിൻെറ കഴിവനുസരിച്ചു ഈ വ്യവസായങ്ങൾ പ്രവർത്തിക്കണം. അതിനു നമ്മുടെ സാമ്പത്തികസ്ഥിതികൂടി നോക്കണം. ഈ നാട്ടിൻെറ സാമ്പത്തികസ്ഥിതി പരിഗണിക്കാതെയുള്ള ഒരു നയം ഞങ്ങൾ

ആരും സ്വീകരിച്ചതായി പറഞ്ഞില്ല. പിന്നെ എന്താണ് അതിലുള്ള ആക്ഷേപം. അങ്ങനെ കൊടുത്തില്ലെങ്കിൽ എന്തുകൊണ്ട് കൊടുത്തില്ല എന്നുള്ള ആക്ഷേപമുണ്ടാകും. ഇവിടത്തെ പാവപ്പെട്ടവക്ക് നന്മവരണം നാട്ടിന് പുരോഗതി വരണം എന്നുദ്ദേശിച്ച് ചെയ്തിട്ടുള്ളതാണ്.

ശ്രീ. പി. ബാലചന്ദ്രമേനോൻ : ഇതെല്ലാം പതിനാല് ഇൻഡസ്ട്രീയൻ യൂണിററ്സിൽ നിങ്ങൾ ആർട്ടിസാൻ ട്രെയിനിസിനെ തിരഞ്ഞെടുത്തോ. കാർപ്പൻറർ ട്രെയിനീസിനെ എടുത്തോടീ. അതിൽ ഇൻററസ്റ്റില്ലാത്ത ആളുകളെ തിരഞ്ഞെടുത്തു. അതു ഒരു വേസ്റ്റാക്കി. അവരുടെ ട്രെയിനിംഗ് കഴിഞ്ഞാൽ കോവാപ്പറേററീവ് സൊസൈററീസ് സംഘടിപ്പിച്ചു കൊടുക്കാം എന്നു പറഞ്ഞിരുന്നോ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഒരു ചോദ്യമെന്നുള്ള നിലയ്ക്ക് ഒരു പ്രസംഗം ചെയ്യരുത് എന്നു ഞാൻ നേരത്തെ പറഞ്ഞു. ഞാൻ പറയുന്നതു, ഇതൊക്കെ നിങ്ങൾ തന്നെ ചെയ്തതാണ്. ഈ ആളുകളെ തിരഞ്ഞെടുത്തതു നിങ്ങളാണ്. അതിനു എൻെറമേൽ പാഞ്ഞുകേറിയാൽ ഞാനെന്തു ചെയ്യും. അതുകൊണ്ട് ആ തെററു ഞങ്ങൾ തിരുത്തുകയാണ്.

സർ, ശ്രീമാൻ അനിരുദ്ധൻ പറഞ്ഞ എല്ലാ പായിൻറും ഞാൻ സ്പർശിക്കുന്നില്ല. തിരുവനന്തപുരം ജില്ലയെ സംബന്ധിച്ചിടത്തോളം വ്യവസായങ്ങളുടെ കാര്യത്തിൽ ഒരു എതിർപ്പു കാണിക്കുന്നുണ്ട് എന്നു പറയുകയുണ്ടായി. അങ്ങനെയല്ല വളരെ കാര്യമായ താൽപര്യം തിരുവനന്തപുരം ജില്ലയിൽ വ്യവസായങ്ങൾ വികസിപ്പിക്കുന്ന കാര്യത്തിൽ കാണിക്കുന്നുണ്ട്. പക്ഷെ, ഇവിടത്തെ സാദ്ധ്യത അനുസരിച്ചല്ലാതെ അതു ചെയ്യാൻ സാദ്ധ്യമല്ല. ഇവിടെ ഒരു സ്റ്റാർച്ച് ഫാക്ടററി നെടുമങ്ങാട് താലൂക്കിൽ അമേരിക്കൻ സഹായത്തോടുകൂടി സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിക്കാൻ പോകുകയാണ്. അതുപോലെ ഇവിടെ നല്ല ചൈനാക്ലേ ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നും, അതു ഒന്നാംതരമാണെന്നും നമുക്കു മനസ്സിലാക്കാൻ കഴിഞ്ഞു. അതു നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന ഒരു കമ്പനിയുടെ സാങ്കേതികസഹായത്തോടുകൂടിയാണ് ആരംഭിക്കാൻ പോകുന്നതു. ബ്രിട്ടണിലെ ഒരു കമ്പനിയാണ് അതു ആരംഭിക്കാൻ പോകുന്നതു. അവർ സാമ്പത്തികസഹായം മാത്രമല്ല, ഷെയർ പാർട്ടിസിപ്പേഷൻകൂടി എടുക്കാമെന്നു സമ്മതിച്ചിട്ടുണ്ട്. 50 ലക്ഷം ടൺ റിഫൈൻഡ് ചൈനാക്ലേ കയററി അയച്ചു. നമ്മുടെ രാജ്യത്തു് അതുമൂലം വിദേശനാണയം ലഭിക്കാനും വികസനത്തിനും സാദ്ധ്യതയുണ്ട്.

ടൈററാനിയം ഡയോക്സയിഡ് ഫാക്ടററിയെ സംബന്ധിച്ച് പറഞ്ഞു. സർ, ഇതു സർ. സി. പി. രാമസ്വാമി അയ്യർ ദിവാനായിരുന്ന കാലത്തു തുടങ്ങിയതാണ്. അന്നു അഞ്ചു ടൺ ആണ് അവിടെ ഉൽപ്പാദിപ്പിക്കുന്നമെന്നുണ്ടായിരുന്നതു്. വളരെ സാമ്പത്തികസാദ്ധ്യതയും കഴിവും ഉള്ളതായ ഒരു വ്യവസായമാണ് ഇതു് എന്നു് അന്നുതന്നെ ക്രാന്തദർശിയായ അദ്ദേഹം മനസ്സിലാക്കിയതിനെ ഞാൻ അഭിനന്ദിക്കുന്നു. പക്ഷെ, ആ വ്യവസായം ഇവിടെ അഭിവൃദ്ധിപ്പെടുത്തുന്നതിനു് നമുക്കു വിദഗ്ദ്ധന്മാരില്ലായിരുന്നു. അതിനാവശ്യമായ സാങ്കേതികവിദഗ്ദ്ധന്മാരുമില്ലായിരുന്നു. അതുകൊണ്ട് ബ്രിട്ടീഷ് ടൈററാനിയം പ്രോഡക്ററ്സ്കാർ ഇതിനു സാങ്കേതികവൈദഗ്ദ്ധ്യം നൽകിക്കൊണ്ടിരുന്നു. എന്നാൽ ഈ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം അതിൻെറ ഉൽപ്പാദനം ഏഴര ടണ്ണാക്കി വർദ്ധിപ്പിച്ചിരുന്നതു് ഇപ്പോൾ 18 ടൺ പ്രൊഡ്യൂസ് ചെയ്യുന്നുണ്ട്. ഇതിനു് ഏററവും അത്യാവശ്യമായിട്ടുള്ളതും നമുക്കു് മോണോപ്പളി ഉള്ളതുമായ അസംസ്കൃതസാധനം ഇൽമിനൈററ് ഇപ്പോൾ വിദേശങ്ങളിൽ വിററഴിക്കാൻ പ്രയാസമായിരിക്കുന്നതുകൊണ്ട് ഈ അസംസ്കൃതസാധനം എത്രമാത്രം ഉപയോഗപ്പെടുത്താൻ കഴിയുമോ അത്രയും ഉപയോഗിച്ചുകൊണ്ട് ആ വ്യവസായം വികസിപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അതിനുവേണ്ടി 50 ടൺ കൂടി ഉൽപ്പാദിപ്പിക്കാനുള്ള ലൈസൻസ് വാങ്ങിയിരിക്കുകയാണ്. ബ്രിട്ടീഷ്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എ. ദാമോദരമേനോൻ]

ടൈററാനിയം പ്രോഡക്ററ്സ് കമ്പനിക്കാർ അവക്ക് സാങ്കേതികസഹായം നൽകാൻ കഴിയുകയില്ലെന്നു പറഞ്ഞു. തീർച്ചയായും അവരുടെ സാങ്കേതിക സഹായം കിട്ടുകയില്ലാ എന്നു കണ്ടപ്പോഠം മോണ്ടിക്യാട്നി എന്ന ഇററാലിയൻ കമ്പനിയുമായി ആലോചിച്ചതിൽ അവർ ആദ്യമേ സാങ്കേതികസഹായം ചെയ്യാമെന്നു പറഞ്ഞു. അതിലേക്ക് ഏതാണ്ട് 56 ലക്ഷം രൂപയുടെ ചെലവു വരുമെന്നുള്ളതുകൊണ്ട് അതു് ഇൻഡ്യാഗവണ്മെൻറിൽനിന്നും ക്ലിയറൻസ് കിട്ടേണ്ടതാണു്. പിന്നെയും അതിനുവേണ്ടി വളരെയൊക്കെ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോഠം ജപ്പാനിൽനിന്നും ഒരു വിദഗ്ദ്ധകമ്പനി ഇവിടെ വന്നു പരിശോധിക്കുകയുണ്ടായി. അവരുടെ റിപ്പോർട്ടു രണ്ടുമൂന്നാഴ്ചയ്ക്കുള്ളിൽ തരുമെന്നാണ് പറഞ്ഞിരിക്കുന്നതു്. അതു ജപ്പാനിൽ വളരെ വിദഗ്ദ്ധമായി വ്യവസായം നടത്തിക്കൊണ്ടിരിക്കുന്ന ഒരു കമ്പനിയാണ്. വലിയതോതിൽ ടൈററാനിയം ഡയാക്സയിഡ് സഠഫൈഡ് ഉപയോഗിച്ചാണ് ബ്രിട്ടീഷ് ടൈററാനിയം പ്രാഡക്ററ്സ് കമ്പനിക്കാർ ഉൽപ്പാദിപ്പിച്ചുകൊണ്ടിരുന്നതു്. ഇവർ ക്ലോറൈഡ് ഉപയോഗിച്ച് പ്രിപ്പയർ ചെയ്യാം എന്നു പറയുന്നു. മോണ്ടിക്യാട്നി കമ്പനിക്കാരുമായിട്ടും ഞങ്ങഠം ഇതിനെപ്പററി ബന്ധം പുലത്തുന്നുണ്ട്. കേരള ഇൻഡസ്ട്രീസ് ഡെവലപ്പ്മെൻറ് കാർപ്പൊറേഷൻ അവരുടെ സഹായം കിട്ടാൻ സാധിക്കുമോ എന്നു അന്വേഷിക്കുന്നുണ്ട്. അതിനുവേണ്ടി അങ്ങേയററം പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

ഇൽമനൈററിൻെറ കാര്യം ശ്രീ. ബേബി ജാൺ പറഞ്ഞു. ഞാൻ അതിൻെറ വിവരങ്ങളൊക്കെ നേരത്തെ പറഞ്ഞിട്ടുള്ളതാണ്. ഇപ്പോഠം എൻ. ശ്രീകണ്ഠൻ നായക്ക് റഷ്യയിൽനിന്നും ഒരു കത്തു വന്നിട്ടുണ്ട് എന്നു പറഞ്ഞു. റഷ്യയെ സംബന്ധിച്ചിടത്തോളം ഇപ്പോഠം വളരെ സാങ്കേതികമായ മുന്നേററമുണ്ടായിട്ടുണ്ട് എന്നു നമുക്കെല്ലാം അറിവുള്ളതല്ലേ. അവർ സഹായിക്കാം എന്നു പറഞ്ഞാൽ വളരെ നല്ലതു്.

ടൈററാനിയം ഡയാക്സയിഡു് ഉൽപ്പാദിപ്പിക്കുന്ന ഇൽമിനൈററിൽനിന്നും അയൺ പ്രോസസ് ചെയ്യെടുക്കാം എന്നു പറയുന്നുണ്ട്. അതിൽ 33 ശതമാനം മാത്രം അയൺ കണ്ടൻറ്സുള്ളതുകൊണ്ട് അതു് ഒരു മേജർ ഇൻഡസ്ട്രിയായിട്ടു നടത്താൻ സാദ്ധ്യതയില്ലാ എന്നു നാഷണൽ ലാബറട്ടറിക്കാരും റിസർച്ച് ഡയറക്ററർ ഡാക്ടർ ബാബായും വിദഗ്ദ്ധാഭിപ്രായം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇവിടത്തെ ഇൽമിനൈററിൽനിന്നും അയൺ എടുക്കുക എന്നുള്ളതു് ഒരു ബൈ പ്രൊഡക്ററായിട്ടു എടുക്കുന്നതായിരിക്കും നല്ലതു് എന്നൊരു അഭിപ്രായമുണ്ട്. ക്യാനഡായിൽനിന്നും രണ്ടു വിദഗ്ദ്ധന്മാർ വന്നു, ഇക്കാര്യത്തെ സംബന്ധിച്ച അന്വേഷണം നടത്തിക്കൊണ്ടുപോയിരിക്കുന്നു. അവർ ഇവിടത്തെ സാമ്പിഠം കൊണ്ടുപോയി. റഷ്യയുമായി ഈ കാര്യത്തിൽ ബന്ധം പുലത്തി ഇതു അയച്ചുകൊടുക്കുന്നതു നന്നായിരിക്കും. ശ്രീമാൻ ശ്രീകണ്ഠൻ നായരും അക്കാര്യം എന്നോടു പറഞ്ഞു. ഇൻഡ്യാഗവണ്മെൻറാണ് ആ കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതു്. അദ്ദേഹം പാർലമെൻറു മെമ്പർ ആയിരിക്കുന്നതുകൊണ്ടും, ഈ വിദേശബന്ധങ്ങളൊക്കെ നടത്തുന്നതിനു് ഇൻഡ്യാഗവണ്മെൻറിൻെറ അനുമതിയും സമ്മതവും ഒക്കെ വേണമെന്നുള്ളതുകൊണ്ടും അദ്ദേഹം അക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തിയാൽ കൊള്ളാം.

ശ്രീ. ബേബി ജാൺ: സംസ്ഥാനഗവണ്മെൻറുകൂടി അതിനു മുൻകൈ എടുത്തു പ്രവത്തിക്കാൻ തയാറാണോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ഏതു സഹായം ആരിൽനിന്നു ലഭിച്ചാലും ഇൻഡ്യാഗവണ്മെൻറിൻെറ അനുമതിയോടുകൂടി സ്വീകരിക്കാൻ തയാറാണ്. അതിനു് ഈ ഗവണ്മെൻറിനു ചെയ്യാൻ കഴിയുന്ന നടപടികഠം എടുക്കുന്നതുമാണ്. പ്രിസിഷൻ ടൂഠം ഫാക്ടററി തുടങ്ങാൻ പോകുന്നുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രവീന്ദ്രൻ: ചാലക്കുടി കൊച്ചിൻ പോട്ടറീസ് എന്ന സ്ഥാപനം ഒരു ലീസ് ഡീഡ് രജിസ്റ്റർ ചെയ്യാതെ ഈ സഭയിലെ ഒരു മെമ്പറായ ശ്രീ. സി. ജി. ജനാർദ്ദനനു നൽകിയതിനെ സംബന്ധിച്ചും അതിനു ഇന്നു് എത്ര പാട്ടക്കുടിശ്ശിക ഗവൺമെൻറിനു നൽകാനുണ്ടെന്നും വിശദമാക്കുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: അതു് ഒരു ചോദ്യത്തിനുത്തരമായി ഇവിടെ പറഞ്ഞിട്ടുള്ളതാണു്. അദ്ദേഹത്തിനു് ആ സ്ഥാപനം ലീസനുസരിച്ചു കൊടുത്താൽ കൊള്ളാമെന്നു് അറിയിച്ചിട്ടുണ്ട്. ഇങ്ങനെ ഉത്തരവാദിത്വമുള്ള ആളുകൾ വന്നു് അങ്ങനെ ചെയ്യണമെന്നു പറഞ്ഞാൽ അങ്ങനെ ചെയ്യുന്നതിൽ അപാകതയുള്ളതായി തോന്നുന്നില്ല. അവരെ ഒക്കെ ബഹുമാന്യന്മാരായിട്ടാണു് ഞാൻ മനസ്സിലാക്കുന്നതു്. അവർ കളിപ്പിക്കുമെന്നു് എനിക്കു വിശ്വാസമില്ല. അദ്ദേഹം അതേപ്പററി ഒ വിദീകരണം നൽകാം എന്നു സമ്മതിച്ചിട്ടുണ്ട്. കുടിശ്ശികയുള്ളതു് എങ്ങനെ ഈടാക്കുമെന്നുള്ളതിനെപ്പററിയും ഈടാക്കുമോ എന്നുള്ളതിനെപ്പററിയും ബഹുമാനപ്പെട്ട മെമ്പറന്മാർ ആരും ഒരു സംശയവും വിചാരിക്കണ്ടാ.

ശ്രീമതി കെ. ആർ. ഗൗരി: ജനപ്രതിധികളാകുകയാണെങ്കിൽ ഗവൺമെൻറിൻെറ റൂളുകളും ചട്ടങ്ങളും വിട്ടിട്ട് ആരുടെയെങ്കിലും ഒരു എഴുത്തിൻെറ അടിസ്ഥാനത്തിൽ ഇങ്ങനെ കൊടുക്കുന്നതാണോ ഗവൺമെൻറിൻെറ നയം ? അങ്ങനെയാണെങ്കിൽ എല്ലാവർക്കും കൊടുക്കേണ്ടതാണ്.

ശ്രീ. കെ. എ. ദാമോദരമേനോൻ: അങ്ങനെയല്ല. അങ്ങനെ തെററിദ്ധരിക്കരുതു്. വാസ്തവത്തിൽ അതു വളരെ ദൗർഭാഗ്യകരമായിപ്പോയി. ലീസ് ഡീഡ് രജിസ്റ്റർ ചെയ്യതരാം എന്നു പറഞ്ഞതാണു്.

ശ്രീമതി കെ. ആർ. ഗൗരി: രജിസ്റ്റർ ചെയ്യതരാമെന്നു പറഞ്ഞാൽ പോരാ. രജിസ്റ്റർ ചെയ്ത കൊടുത്തു കഴിഞ്ഞതിനുശേഷമല്ലാതെ ഗവൺമെൻറിൻെറ റൂം അനുസരിച്ച് ആർക്കും അതിനുമുമ്പു കൊടുക്കാറില്ലാ, കൊടുക്കുകയുമില്ല. എന്നാൽ ഇതിനുള്ള ലീസ് ഡീഡ് ലാ ഡിപ്പാർട്ടുമെൻറു പരിശോധിച്ചതിനു ശേഷമാണു് കൊടുക്കേണ്ടതു്. അങ്ങനെ ചെയ്യാത്തതു സ്ഥലം മാറിയതിനു് ഒരു കൈക്കൂലിയായിട്ടു കൊടുത്തതാണോ, അതോ വേറെ എന്താണു്. ഏതു വിധത്തിലാണു്?

ശ്രീ. കെ. എ. ദാമോദരമേനോൻ: സർ, എനിക്കു വളരെ ദുഃഖമുണ്ട് ഇങ്ങനെ പറയുന്നതു കേൾക്കുമ്പോൾ, സർ, ലീഗൽ ഡിപ്പാർട്ടുമെൻറുമായിട്ട് ആലോചിച്ച് ലീഗലി എൻഫോഴ്സിബിളായിട്ടുള്ള ഡോക്യുമെൻറു് എഴുതി തന്നതിനുശേഷമാണു്, കൊടുത്തിട്ടുള്ളതു്.

Shri M. Narayana Kurup : Sir, a point of Order. Here a Member has made a charge on another member. As per rules one Member cannot make any charge against another Member, ഇവിടെ ഒരു മെമ്പർ സ്ഥലംമാറിയതുകൊണ്ട് കൈക്കൂലികൊടുത്തു എന്നു പറഞ്ഞാൽ....

Mr. Speaker : Let the Minister continue.

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ പറഞ്ഞതു് ഈ ഗവൺമെൻറിനെ സംബന്ധിച്ചാണു്.

ശ്രീ. കെ. എ. ദാമോദരമേനോൻ: ഞാനതു നിഷേധിച്ചല്ലോ. ഞാൻ പറഞ്ഞതു് ലീഗൽ ഡിപ്പാർട്ടുമെൻറുമായി കൺസൾട്ടു ചെയ്തു എന്നാണു്.

ശ്രീ. ഈ. പി. ഗോപാലൻ: ശ്രീമാൻ കുറുപ്പിനെ സംബന്ധിച്ച് യാതൊന്നും പറഞ്ഞിട്ടില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : മിസ്റ്റർ ഗോപാലൻ അതു പറയാൻ ധൈര്യപ്പെടുകയില്ലെന്നെനിക്കറിയാം. എന്തെങ്കിലും കിട്ടാനാണോ സ്ഥലം മാറിയതെന്നു്.

2/1769/V

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ദാമോദരമേനോൻ : ബഹുമാനപ്പെട്ട മെമ്പറന്മാർ കാര്യമായി അറിയേണ്ടതും വളരെ ജാഗ്രതയോടുകൂടി ശ്രദ്ധിക്കേണ്ടതുമായ ഒരു കാര്യം ഇതു സംബന്ധിച്ച ഈടാകാനുള്ള തുക ഈടാക്കാൻ നിയമപരമായി യാതൊരു കഴപ്പവും ഉണ്ടാകുകയില്ല എന്നതാണ്. വാങ്ങുന്ന രേഖയ്ക്കു കോടതിയിൽ നിയമപ്രാബല്യമുണ്ടോ ഇല്ലയോ എന്നറിയാതെ വലിയ വിമർശനത്തിന്റെ ആവശ്യമില്ല. തുക ഈടായില്ലെങ്കിൽ തീർച്ചയായി കോടതിയിൽ പോകും. അപ്പോൾ അതിനെപ്പററി പരിശോധിക്കാവുന്നതാണ്. മുമ്പൊരവസരത്തിൽ ഇതിനെപ്പററി പരാമർശനം ഉണ്ടായപ്പോൾ അദ്ദേഹം തന്നെ ഒരു വിശദീകരണം തരാമെന്നു പറഞ്ഞിരുന്നതാണ്. പൂട്ടിക്കിടന്ന ഫാക്ടറി നടത്താൻ അദ്ദേഹം സന്നദ്ധനാണെന്നു പറഞ്ഞു. അതു് പാട്ടത്തിനു കൊടുത്തു. അതിൽ ദുരുദ്ദേശം ഒന്നും ഉണ്ടായിരുന്നില്ല. മറിച്ച് ഫാക്ടറി പ്രവർത്തിക്കുമല്ലൊ എന്ന സദുദ്ദേശമാണുണ്ടായിരുന്നതു്.

ശ്രീ. പി. രവീന്ദ്രൻ: Shoe Making and Eye-let പ്ലാൻറു വാങ്ങുന്നതിനു ഒരു ചാരിററി സൊസൈററിക്കു 30,000 രൂപ ലോണും, 60,000 രൂപ ഗ്രാൻറും നൽകിയിരുന്നു. അതിനെപ്പററി അന്വേഷണം നടത്തുമോ?

ശ്രീ. കെ. എ. ദാമോദര മേനോൻ : അന്വേഷിക്കാം. അതിനെ സംബന്ധിച്ച വിവരം ഇപ്പോൾ കൈവശമില്ല. സഹകരണാടിസ്ഥാനത്തിൽ 2500 ചെറുകിടയൂണിററുകളായി 1,500—ലധികം വ്യവസായങ്ങൾക്കായി 5 കോടി രൂപ മുതൽ മുടക്കുണ്ടായിട്ടുണ്ടു്. അതിൽ ചില യൂണിററുകളിൽ വല്ല ക്രമക്കേടും വന്നിരിക്കാം. അതു പരിശോധിക്കാം.

അതുപോലെതന്നെ ചില മെമ്പറന്മാർ ഇവിടെ പറഞ്ഞു കൺട്രോൾഡ് മെററീരിയൽസ് പക്ഷപാതപരമായി കൊടുത്തു, അതു ബ്ലാക്കു മാർക്കററിൽ പോകുന്നുണ്ടെന്നു്. അതിനെപ്പററി ഏതെങ്കിലും വിവരം തന്നാൽ കർശനമായ നടപടി എടുക്കാൻ ഗവണ്മെൻറു തയ്യാറാണ്.

ശ്രീ. പി. സി. രാഘവൻ നായർ കോഴിക്കോട്ടെ കാര്യങ്ങൾ പറഞ്ഞു. അപ്പെക്സ് സൊസൈററിയുടെ പ്രവർത്തനങ്ങൾ ആഡിററു സർട്ടിഫിക്കററു കിട്ടിക്കഴിഞ്ഞിരിക്കുന്നതിനാൽ ഉടനെ ആരംഭിക്കുന്നതാണ്. അതു സംബന്ധിച്ച നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

കയർ വ്യവസായത്തെപ്പററി പറഞ്ഞു. വാസ്തവത്തിൽ കയർ വ്യവസായി തകർന്നുവരുന്നു എന്നു പറയുന്നതു ശരിയല്ല. കണക്കു നോക്കിയാൽ അതു മനസ്സിലാകും. 1961-ൽ നമുക്കു 8 കോടിയിൽ ചില്വാനം രൂപയുടെ വിദേശനാണ്യമാണു കയർ വ്യവസായംമൂലം കിട്ടിയിട്ടുള്ളതെങ്കിൽ, കയർബോർഡിൽ നിന്നു കിട്ടിയ കണക്കനുസരിച്ച് അതു 13 കോടിയായി വർദ്ധിച്ചിട്ടുണ്ടു്. ചകിരി, കയററുപായ്, കയററുമെത്ത മുതലായവ കയററി അയച്ചതിൽ നിന്നാണു ഈ 5 കോടിയിൽപ്പരം രൂപ അധികം കിട്ടിയിരിക്കുന്നതു്. അങ്ങനെ കൂടുതൽ വിദേശനാണ്യം സമ്പാദിക്കാനുള്ള പ്രാപ്തി ഈ വ്യവസായത്തിനുണ്ടായിട്ടുണ്ടെന്നു കാണുന്നു. ഉല്പാദനം വർദ്ധിച്ചിട്ടുണ്ടു്; അതിനനുസരണമായി സമ്പാദ്യവും വർദ്ധിച്ചിട്ടുണ്ടു്. ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കു മിനിമം വേജസ്സ് കിട്ടുന്ന കാര്യം പറഞ്ഞു.

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെ കയർ വ്യവസായരംഗത്തു കൂടുതൽ അഭിവൃദ്ധി ഉണ്ടായിട്ടുണ്ടെങ്കിൽ ആലപ്പുഴയുള്ള പല ഫാക്ടറികളും പൂട്ടിയിടാൻ കാരണമെന്താണ്?

ശ്രീ. കെ. എ. ദാമോദരമേനോൻ: അതു സംബന്ധിച്ച പല കാൺഫറൻസുകളും നടത്തിയിട്ടുണ്ടു്. ശ്രീ. ടി. വി. തോമസ്സും ആ കാൺഫറൻസുകളിൽ സംബന്ധിച്ചിരുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. ടി.വി. തോമസ് കാൺഫറൻസിൽ സംബന്ധിച്ചിരുന്നതുകൊണ്ടു് ഇവിടെ നടക്കുന്ന കാര്യമൊന്നും പറഞ്ഞുകൂടേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ദാമോദരമേനോൻ: ഞാൻ പറഞ്ഞതു് വളരെ ജനപ്രാതിനിധ്യമുള്ള കമ്മ്യൂണിസ്റ്റുകാരുടെ പ്രമുഖന്മാർ പോലും ആ കാൺഫറൻസിൽ ചർച്ച നടത്തിയിട്ടുണ്ടെന്നാണു്. അവിടെവച്ചു ഫാക്ടറി പൂട്ടാനുള്ള കാരണം അതായതു് ഇന്നത്തെ ഫാക്ടറി ആക്ടനുസരിച്ചു് തൊഴിലാളികൾക്കു കൊടുക്കേണ്ട കൂലിയുടെ ബാദ്ധ്യത നിർവ്വഹിക്കാൻ മാനേജ്മെൻറിനു പ്രയാസമുണ്ടെന്നുള്ള വിവരം വ്യക്തമാക്കിയിട്ടുണ്ടു്. അവിടത്തെ വ്യവസായങ്ങൾ പൂട്ടിയിട്ടുണ്ടെങ്കിലും ചെറിയ ചെറിയ യൂണിററുകളായി ഇന്നു പലതും നടക്കുന്നുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി: തൊഴിലാളികൾക്കു കൂലി കൊടുക്കാതിരിക്കാനുള്ള ഒരു വിദ്യയാണിതെന്നു മനസ്സിലാക്കി. എക്സ്പോർട്ട് ലൈസൻസുള്ളവർക്കു മാത്രമെ ഇങ്ങനെ പ്രത്യേക യൂണിററുകളായി പ്രവർത്തനസ്വാതന്ത്ര്യം നൽകാവൂ എന്നു കേന്ദ്ര ഗവണ്മെൻറിനെ നിർബ്ബന്ധിക്കാൻ വേണ്ടതു് ചെയ്യുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അതൊരു നിർദ്ദേശമാണു്. പരിശോധിക്കാൻ തയ്യാറാണു്. അതു സംബന്ധിച്ച ബാക്കി കാര്യങ്ങൾകൂടി പരിശോധിച്ചിട്ടു് സമാധാനമായി മറുപടി പറയാൻ അനുവദിക്കണം.

ശ്രീമതി കെ. ആർ. ഗൗരി : തൊഴിലാളികൾക്കു കൂലി കിട്ടാൻ വേണ്ടി പറയുന്നതാണു്.

ശ്രീ. കെ. എ. ദാമോദരമേനോൻ : ആ നിർദ്ദേശം പരിശോധിക്കാം.

ശ്രീ. പി. വിശ്വംഭരൻ : കയററുമതി വളരെ വർദ്ധിച്ചു എന്നു പറഞ്ഞു കഴിഞ്ഞ കൊല്ലത്തേക്കാൾ ഈ കൊല്ലം കയററുമതി കുറവാണെന്നും കയറിനു് വില കഴിഞ്ഞ കൊല്ലത്തേക്കാൾ ഇപ്പോൾ കുറവാണെന്നും അറിയാമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : രണ്ടും ശരിയല്ല. ഈ കൊല്ലം മുഴുവനായിട്ടില്ല. കിട്ടിയിടത്തോളം കണക്കുകൊണ്ടു കാണുന്നതു് കുറച്ചു കൂടാനാണിടയുള്ളതെന്നാണു്. കയർ ബോർഡിൽനിന്നു കിട്ടിയ അറിവു് അങ്ങനെയാണു്. ഏതായാലും കയർ വ്യവസായം തകർന്നുപോയി എന്നു പറയുന്നതു് ശരിയല്ല. ഇനിയും പലതും ചെയ്യാനുണ്ടു്. അതിനുവേണ്ട നടപടികൾ എടുത്തു വരികയാണു്. ശ്രീമതി നഫീസത്തുബീവി ആ കാര്യങ്ങളെ സംബന്ധിച്ചു് വിശദമായി ഇവിടെ പറഞ്ഞതിൽ എനിക്കു പ്രത്യേകം നന്ദിയുണ്ടു്. ശ്രീമതി ഗൗരിയും, മററു മെമ്പാറന്മാരും ആ സമയത്തു് ഇവിടെ ഇല്ലാതെ പോയതിൽ ഖേദമുണ്ടു്.

സർ. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്നു ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

Mr. Speaker: Mr. Narayanan Thampi, do you press your cut motion (No. 5) under Demand XXVII.

Shri P. Narayanan Thampi: I do not press.

The Cut motion 5 moved by Shri P. Narāyanan Thampi, was, by eave, withdrawn.

Mr. Speaker: A Cut motion was moved by Shri K. Hassan Gani He is not in his seat.

Mr. Speaker: Mr. Ravindran, do you press your cut motion?

Shri P. Ravindran: Yes, I press.

The cut motion moved by Shri P. Ravindran was put and lost.

Shri P. Ravindran: Sir, I demand a poll.

A poll was taken when the House divided as follows.

LIBRARY ARCHIVES Kerala Legislative Assembly

AYES—40.

1 Shri C. Achutha Menon
2 " P. C. Adichan
3 Smt. K. O. Aisha Bai
4 Shri K. Anirudhan
5 " Baby John
6 " P. Balachandra Menon
7 " C. K. Balakrishnan
8 " N. E. Balaram
9 " K. Bhargavan
10 " V. P. C. Thangal
11 " D. Damodaran Potti
12 " E. P. Gopalan
13 " N. Gopala Kurup
14 Smt. K. R. Gouri
15 Shri K. V. John
16 " O. Koran
17 " K. Krishnan
18 " M. Krishnan
19 " R. Krishnan
20 " K. Krishna Pillai
21 " S. Kumaran
22 " P. K. Kunjachan
23 Shri P. V. Kunhunni Nayar
24 " P. M. Kunhiraman Nambiar
25 " K. Moideenkutty Hajee
26 " C. M. Kutty
27 " P. K. Narayanan Nambiar
28 " T. C. Narayanan Nambiar
29 " K. V. Narayanan.
30 " N. Neelakantaru Pandarathil
31 " P. C. Raghavan Nair
32 " A. K. Ramankutty
33 " P. Ramunni Kurup
34 " T. K. Ramakrishnan
35 " P. Ravindran
36 " E. M. Sankaran Namboodiripad
37 " P. S. Srinivasan
38 " M. M. Sundaram
39 " M. V. Vasu
40 " P. Viswambharan

NOES—63

1 Shri P. K. Abdulkadir
2 " K. C. Abraham
3 " M. C. Abraham
4 " K. T. Achuthan
5 " M. A. Antony
6 " K. K. Balakrishnan
7 " P. C. Balakrishnan Nambiar
8 " R. Balakrishna Pillai
9 " T. O. Bava
10 " N. Bhaskaran Nair
11 " P. Chacko
12 " P. T. Chacko
13 " G. Chandrasekhara Pillai
14 " P. C. Cherian
15 " K. A. Damodara Menon
16 " T. A. Dharmaraja Iyer
17 " P. R. Francis
18 " K. M. George
19 " P. Gopalan
20 " M. Gopalankutty Nair
21 " Malethu Gopinatha Pillai
22 " M. P. Govindan Nair
23 " A. L. Jacob
24 " C. G. Janardhanan
25 Shri Thomas John
26 " George Joseph Podipara
27 " P. S. Karthikeyan
28 " K. G. Karunakara Menon
29 " K. Kochukuttan
30 " T. Krishnan
31 " P. R. Krishnan
32 " N. S. Krishna Pillai
33 " P. Kumaran
34 " K. Kunhambu
35 " M. Kunjukrishnan Nadar
36 " C. Kunhikrishnan Nair
37 " N. Kunjuraman
38 Smt. Kusumam
39 " Leela Damodara Menon
40 Shri P. Madhavan
41 " V. Madura
42 " M. M. Mathai
43 " C. A. Mathew
44 " T. Murugesan
45 Smt. A. Nafeesath Beevi
46 Shri K. Narayana Kurup
47 " M. Narayana Kurup

LIBRARY ARCHIVES Kerala Legislative Assembly

48 Shri Kuroor Neelakantan Namboodiripad
49 „ E. P. Poulose
50 „ A. A. Rahim
51 „ R. Raghava Menon
52 „ M. Ravindranath
53 „ R. Sankar
54 Smt. O. T. Sarada Krishnan
55 „ K. R. Saraswathi Amma
56 Shri Shamsuddin
57 „ C. M. Stephen
58 „ K. T. Thomas
59 „ T. A. Thomman
60 „ P. P. Ummer Koya
61 „ K. R. Vijayan
62 „ K. K. Viswanathan
63 „ C. F. Pereira

NEUTRALS—Nil.

Mr. Speaker: Those for - 40. Those against—63.

The cut motion is lost.

The question that Government be granted a sum of Rs. 1,38,19,200 under Demand XXVII was put and carried.

The grant was made.

Mr. Speaker: I now put the cut motion to Demand XLV. Mr. Moideenkutty Haji, do you press your cut motion?

Shri K. Moideenkutty Haji: Yes. I press.

The cut motion moved by Shri K. Moideenkutty Haji, was put and lost.

Mr. Speaker: Mr. Raghavan Nair, do you press your cut motion?

Shri P. C. Raghavan Nair: Yes, I press.

The cut motion moved by Shri P. C. Raghavan Nair, was put and lost.

Mr. Speaker: Mr. M. Krishnan, do you press your cut motion?

Shri M. Krishnan: I do not press.

The cut motion moved by Shri M. Krishnan, was, by leave, withdrawn.

The question that Government be granted a sum of Rs. 3,93,05,400 under Demand XLV was put and carried.

The grant was made.

Mr. Speaker: Order, order. We will now adjourn and meet again at 8 a. m. on Thursday, the 12th March, 1964.

The Assembly adjourned at 1-12 p. m. to meet again at 8 a. m. on Thursday, the 12th March 1964.

LIBRARY ARCHIVES Kerala Legislative Assembly